ESTD-1968

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഡിസംബർ 23 | ദീപം 54 | നാളം 38 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org


ക്രിസ്മസ് – പുതുവത്സരാശംസകൾ



# സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത




മാർ ജോസഫ് സ്രാമ്പിക്കൽ


ദൈവം തന്നെത്തന്നെ ശിശുവാക്കുന്ന വലിയ രഹസ്യമാണ് ക്രിസ്മസിൽ നമ്മൾ ധ്യാനവിഷയമാക്കുന്നത്. എല്ലാ മനുഷ്യരെയും അദ്ഭുതപ്പെടുത്തിക്കൊണ്ടാണ് വചനമായ, സ്രഷ്ടാവായ ദൈവം പരിശുദ്ധ റൂഹായാൽ പരിശുദ്ധ കന്യകാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ചു മനുഷ്യനായത്. ''ശിശുവായ ദൈവത്തെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി'' (ലൂക്കാ 2:7). പോപ്പ് എമിരറ്റസ് ബെനഡിക്ട് പതിനാറാമൻ ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: ''പിള്ളക്കച്ചകൊണ്ടുപൊതിഞ്ഞ് മറിയം ഉണ്ണീശോയെ പുൽത്തൊട്ടിയിൽ കിടത്തിയപ്പോൾ നമ്മൾ കാണുന്നത് ബലിവേദിയിലെ ബലിവസ്തുവിനെയാണ്; ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെയാണ്.''

അപ്പത്തിന്റെ ഭവനമായ ബേത്‌ലെഹേമിൽ കാലിത്തൊഴുത്തിൽ നമ്മൾ കാണുന്ന ശിശു ആരാണെന്നു തിരിച്ചറിയുമ്പോൾ മാത്രമാണ് ക്രിസ്മസ് അർത്ഥപൂർണമാകുന്നത്. ഉണ്ണീശോ ഒരേ സമയം സ്രഷ്ടാവിന്റെയും ദാസന്റെയും സാദൃശ്യത്തിലാണ്. പിതാവായ ദൈവവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് (യോഹ. 1:8).

ഏശയ്യ പ്രവാചകൻ ഈ രഹസ്യം മുൻകൂട്ടി പറയുന്നുണ്ട്: നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും. വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്. സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജ്യത്തിലും അവന്റെ ആധിപത്യം നിസ്സീമമാണ്; അവന്റെ സമാധാനം അനന്തവും. നീതിയിലും ധർമത്തിലും എന്നേക്കും അതു സ്ഥാപിച്ചു പരിപാലിക്കാൻ തന്നെ. സൈന്യങ്ങളുടെ കർത്താവിന്റെ തീക്ഷ്ണത ഇതു നിറവേറ്റും(ഏശ. 9:6-7).

ദൈവത്തിന്റെ മനുഷ്യാവതാരവും മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ പ്രവൃത്തിയും സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ്, സുവിശേഷമാണ്. ഈ സുവിശേഷം അറിയിക്കുന്ന പ്രവൃത്തിയും ദൈവത്തിന്റേതുതന്നെയാണ്. സുവിശേഷം ആദ്യം കേട്ട ആട്ടിടയരിലൂടെ ഇക്കാര്യം നമ്മൾ മനസ്സിലാക്കുന്നു: നമുക്ക് ബേത്‌ലഹേം വരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം (ലൂക്കാ. 2:15).

ആട്ടിടയന്മാരോടും ജ്ഞാനികളോടും ഈശോയെ ആരാധിച്ച എല്ലാവരോടുമൊപ്പം ബേത്‌ലഹേമിലേക്കു പോകാനും ദൈവം പ്രവർത്തിച്ചതും അറിയിച്ചതും കാണാനും കേൾക്കാനും അനുഭവിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കുന്നതും വിശുദ്ധ കുർബാനയിൽ നമ്മൾ പങ്കെടുക്കുമ്പോഴാണ്. യഥാർത്ഥ ക്രിസ്മസ് എന്നു പറയുന്നത് വിശുദ്ധ കുർബാനയാണ്. ഓരോ വിശുദ്ധ കുർബാനയും ക്രിസ്മസിന്റെ അനുഭവമാണ് നമുക്കു നല്കുന്നത്. ക്രിസ്മസ് ദിനത്തിലെ വിശുദ്ധ കുർബാനയിൽ പ്രധാനമായും ബേത്‌ലഹേമിൽ സംഭവിച്ച കാര്യങ്ങളിൽ നമ്മുടെ ഹൃദയവും മനസ്സും ആത്മാവും ശരീരവും കേന്ദ്രീകരിക്കുന്നു. ആട്ടിടയർ തിടുക്കത്തിൽ ബേത്‌ലഹേമിലേക്കു പോയതായി നമ്മൾ കാണുന്നു. ''അവർ അതിവേഗം പോയി മറിയത്തെയും യൗസേപ്പിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു'' (ലൂക്കാ. 2:16).

ആട്ടിടയന്മാരുടെ തിടുക്കവും, അവർ കണ്ട കാര്യങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കാനുമുള്ള താഴ്മയും നമുക്കുണ്ടാകണം. ദൈവികകാര്യങ്ങളിൽ, പ്രത്യേകിച്ചു വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനുള്ള താത്പര്യം നമ്മളിൽ ഉണ്ടാകുന്നത് നമ്മൾ എളിയവരായി ദൈവഭയത്തോടെ ജീവിക്കുമ്പോഴാണ്. ദൈവികകാര്യങ്ങളിൽ വലിയ തിടുക്കമുണ്ടായിരുന്ന ഈശോയുടെ അമ്മയായ അമലോദ്ഭവമറിയം ഇക്കാര്യം നമ്മെ പഠിപ്പിക്കുന്നു: ''അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു'' (ലൂക്കാ. 1:48). ആ ദിവസങ്ങളിൽ മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു (ലൂക്കാ. 1:39).

പരിശുദ്ധ കന്യകാമറിയവും ആട്ടിടയരും ശിമയോനും അന്നയും നമ്മെ പഠിപ്പിക്കുന്ന മറ്റൊരു യഥാർത്ഥ്യം, നാം സുവിശേഷം കേൾക്കുകയും സ്വീകരിക്കുകയും ചെയ്താൽ അതു പങ്കുവച്ചിരിക്കും എന്നതാണ്. ''അനന്തരം ശിശുവിനെക്കുറിച്ച് തങ്ങളോടു പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു'' (ലൂക്കാ. 2:18). അവൾ അപ്പോൾത്തന്നെ മുന്നോട്ടുവന്നു ദൈവത്തെ സ്തുതിക്കുകയും ജറുസലേമിൽ രക്ഷ പ്രതീക്ഷിച്ചുകൊണ്ടിരുന്ന എല്ലാവരോടും ശിശുവിനെക്കുറിച്ചു സംസാരിക്കുകയും ചെയ്തു (ലൂക്കാ 2:38).

2023 ൽ റോമിൽ വച്ചു നടത്തപ്പെടുന്ന മെത്രാൻസൂനഹദോസിന്റെ ഒരുക്കത്തിൽ ആചരിക്കുന്ന ഈ ക്രിസ്മസ് കാലത്ത്,എളിമയോടുംദൈവഭയത്തോടുംകൂടി നമുക്കു പങ്കുചേരാം. സൂനഹദോസിന്റെ ചൈതന്യത്തിൽ എല്ലാവരെയും ക്രിസ്മസിൽ പങ്കുചേർക്കാൻ നമുക്കു പരിശ്രമിക്കാം. അതുപോലെ തന്നെ, സന്തോഷത്തിന്റെ സദ്വാർത്തയായ ക്രിസ്മസ് എല്ലാവരെയും അറിയിക്കാം. ഏവർക്കും ക്രിസ്മസിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ പ്രാർത്ഥനാപൂർവം ആശംസിക്കുകയും ചെയ്യുന്നു. ■


STUDY/WORK IN GERMANY
"We Guide You"
GERMAN LANGUAGE
A1, A2, B1, B2, C1
Online Admission | Excellent Infrastructure
Online/Offline Batches | Individual Attention
Excellent Teaching Facilites | Innovative Curriculam
We offer Top & Highest paid Jobs
Admission in TOPMOST UNIVERSITY
AFLA
ALPHONSA FOREIGN LANGUAGE ACADEMY
S.H Convent, Poovarany, Pala, Kerala 686577
Ph : +91 7902 325 344, +91 7907 985 651



# നീതിയുടെ നക്ഷത്രവെളിച്ചം





ഡോ. ജോർജ് ഓണക്കൂർ

അനന്തമായ ജീവിതവഴിത്താരയിൽ അലഞ്ഞുതളരുമ്പോൾ ആശ്വാസദായകമായ ഒരു ശബ്ദം നാം ശ്രവിക്കുന്നു; 'തളരാതെ യാത്ര തുടരുക; ഞാൻ ഒപ്പമുണ്ട്.' മരുഭൂമിയിൽ ദാഹാർത്തനായി വലയുമ്പോഴും അതേ സ്വരം; 'മുന്നോട്ടുപോവുക. ലക്ഷ്യം അകലെയല്ല.'

ചരിത്രാതീതകാലത്തുനിന്ന് മനുഷ്യൻ യാത്രയാരംഭിക്കുന്നു. കഠിനമായ അദ്ധ്വാനം. നെറ്റിയിലെ വിയർപ്പുകൊണ്ട് ആഹാരത്തിനു വഴിതേടണം. തനിക്കും താൻ രൂപംകൊടുത്ത കുടുംബത്തിനും വിജയമാർഗം കണ്ടെത്തേണ്ടത് സ്വന്തം ഉത്തരവാദിത്വം. പലപ്പോഴും സഞ്ചാരഗതി ദുർഘടമാകും. മനം മടുത്തു പിന്തിരിയാൻ നോക്കും. ഒറ്റയ്ക്കു ജീവിതഭാരമത്രയും താങ്ങുക അസാധ്യം.

അതേ, ദുർഘടസന്ധികൾ വളരെ. അതു തനിയെ തരണം ചെയ്യാൻ താൻ ശപിക്കപ്പെട്ടത് എന്തുകൊണ്ടാണ്? സ്വയം പരിതപിക്കും. ശാപമോ? അത്തരമൊരു ജീവിതചിന്ത മനസ്സിൽ രൂപംകൊണ്ടത് എങ്ങനെയാണ്? നീ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവൻ. സൃഷ്ടികളിൽ പൂർണത പ്രാപിച്ചവൻ എന്ന സ്വകാര്യ അഹംബോധം. പിന്നെന്തുകൊണ്ട് ആത്മനിന്ദ? പറുദീസാനഷ്ടത്തിനു പകരമായി ഭൂമിയിൽ പാലും തേനും ഒഴുകുന്ന കാനാൻദേശം. സ്വന്തം ഭൂമിയിൽനിന്നു ബഹിഷ്കൃതനായി പ്രവാസജീവിതം വിധിയായി. ഒടുവിൽ വാഗ്ദത്തഭൂമിയിലേക്കു പ്രത്യാനയിക്കാൻ പ്രവാചകസാന്നിധ്യം. കാലാകാലങ്ങളിൽ നേർവഴി നിർദേശിക്കാൻ ന്യായാധിപന്മാർ. ശത്രുക്കളിൽനിന്നു സംരക്ഷണമേകുന്ന രാജാക്കന്മാർ...

എന്നിട്ടും കാലുകൾ ഇടറിയതെന്തേ? മനം പതറിയതും എന്തുകൊണ്ട്? കാലപ്പകർച്ചയിൽ നന്മയുടെ സ്വരം പതറി. ഇടയനില്ലാത്ത ആട്ടിൻകൂട്ടം പോലെ ചിതറിപ്പോയ മനുഷ്യവർഗം. ശാപവാക്കുകളും ശിക്ഷാനിയമങ്ങളും ജീവിതവിധിയായിത്തീർന്ന ജനസമൂഹത്തിന് ആരാണു വഴികാട്ടുക?

ആകാശത്തിന്റെ കോണിൽ എപ്പോഴാണ് ഒരു നക്ഷത്രം ഉദയം ചെയ്യുക?

ജറൂസലേം കന്യകമാർ വിളക്കുകൊളുത്തി രക്ഷകന്റെ വരവിനു കാത്തു. നിനച്ചിരിയാത്ത നേരത്ത് അവൻ വരും. പുരോഹിതന്മാരും പരീശന്മാരും ഒരുക്കിയ കർശനനിയമങ്ങളുടെ കെട്ടുകൾ അഴിച്ചുകളയും. സ്വാതന്ത്ര്യത്തിന്റെ പനിനീർ തളിർക്കും.

ശിക്ഷയിൽനിന്നു രക്ഷയിലേക്ക്; പാപത്തിന്റെ കറുത്ത നിഴലുകൾ മാഞ്ഞ് അനുഗ്രഹത്തിന്റെ ദിവ്യപ്രഭയിലേക്ക്... രക്ഷകൻ എവിടെനിന്നാണു വരുന്നതെന്നറിയാൻ പുരോഹിതന്മാരും നിയമജ്ഞരുമൊക്കെ വേദഗ്രന്ഥത്തിന്റെ താളുകൾ തിരഞ്ഞു. ആ നാളുകളിലൊന്നിൽ നസറേത്ത് എന്ന ചെറുപട്ടണത്തിലേക്കു ദൈവദൂതന്റെ അറിയിപ്പ് ഒഴുകിയെത്തി; യൗസേപ്പ് എന്ന നീതിമാനായ യുവാവിനു വിവാഹം നിശ്ചയിക്കപ്പെട്ട കന്യകയുടെ ഹൃദയത്തിലേക്ക്...

അവളുടെ പേർ മറിയം എന്നായിരുന്നു. രാത്രിയിൽ പ്രകൃതി മുഴുവൻ ഉറക്കത്തിൽ ലയിച്ചുകിടക്കുമ്പോൾ ആ സ്വരം മറിയത്തെ ഉണർത്തി:

“ദൈവകൃപ നിറഞ്ഞവളേ, നിനക്കു സമാധാനം. കർത്താവു നിന്നോടുകൂടെയുണ്ട്. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്നു പേർ നൽകണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു നൽകും. അവന്റെ രാജ്യത്തിന് അതിരുകൾ ഉണ്ടായിരിക്കുകയില്ല.”

മറിയം പരിഭ്രമിച്ചു. അവളുടെ നേർബുദ്ധിയിൽ ഈ വാക്കുകൾ അവിശ്വസനീയമായിരുന്നു. താൻ പുരുഷനെ അറിയാത്തവൾ. ഇത് എങ്ങനെയാണു സംഭവിക്കുക?

“പരിശുദ്ധാത്മാവിന്റെ ശക്തി നിന്റെമേൽ വരും. അത്യുന്നതന്റെ ചൈതന്യം നിന്നിൽ ആവസിക്കും. നിനക്കു പിറക്കാൻ പോകുന്ന പൈതൽ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. ദൈവത്തിന് അസാധ്യമായി ഒന്നും തന്നെയില്ല.'' സ്വർഗത്തിന്റെ സംഗീതം അവൾക്ക് ആശ്വാസം പകർന്നു.

മറിയം പറഞ്ഞു:

“ഇതാ, ഞാൻ കർത്താവിന്റെ ദാസി. ഈ അനുഗ്രഹം എനിക്ക് അനുഭവമാകട്ടെ.”

അത് അങ്ങനെതന്നെ സംഭവിക്കുന്നു. യൗസേപ്പ് നീതിമാനാകയാൽ അവളെ അവിശ്വസിച്ചില്ല. ആർദ്രമനസ്സോടെ മറിയത്തെ സംരക്ഷിച്ചുപൊന്നു.

അക്കാലത്ത് ഒരുദിവസം ഓരോരുത്തരും തങ്ങളുടെ പിതൃനഗരത്തിൽ എത്തി ജനസംഖ്യാ രജിസ്റ്ററിൽ പേരെഴുതിക്കണമെന്നു ചക്രവർത്തിയുടെ കല്പനയുണ്ടായി. യൗസേപ്പ് ദാവീദിന്റെ വംശത്തിൽ പിറന്നവനാകയാൽ പേരു ചാർത്തുന്നതിനു നസറേത്തിൽനിന്ന് ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്കു യാത്രയായി. ഗർഭിണിയായ മറിയത്തെയും ഒരുമിച്ചുചേർത്തു.

ബേത്‌ലഹേമിൽ ആയിരിക്കുമ്പോൾ മറിയത്തിനു പ്രസവസമയമടുത്തു. ജനത്തിരക്ക് ഏറിയിരുന്നതിനാൽ അവർക്ക് സ്വസ്ഥമായി കഴിയുന്നതിനു സ്ഥലം ലഭിച്ചില്ല. ഒരു സത്രത്തോടു ചേർന്ന് കാലികളെ സൂക്ഷിക്കുന്ന തൊഴുത്തിൽ മറിയം ശിശുവിനു ജന്മം നൽകി. പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി.

വയലുകളിൽ ആടുകളെ രാത്രി കാത്തുകഴിഞ്ഞ ഇടയന്മാരുടെ അടുത്തേക്ക് ദൈവദൂതന്റെ സ്നേഹഗീതമെത്തി. എങ്ങും നക്ഷത്രവെളിച്ചം നിറഞ്ഞു. അവർ ഭയപ്പെട്ടു.

“ഭയപ്പെടേണ്ടാ, ഇതാ, സകല ജനത്തിനുംവേണ്ടി സംഭവിച്ചിരിക്കുന്ന വലിയ സന്തോഷത്തിന്റെ സദ്വാർത്ത നിങ്ങൾക്കു നൽകപ്പെടുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു. പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെ ചെന്നുകാണുക.”

ദൂതന്റെ വാക്കുകൾക്കൊപ്പം എങ്ങും വലിയ പ്രകാശം പരക്കുകയും സ്വർഗീയസംഗീതം പ്രകൃതിയെ ഉണർത്തുകയും ചെയ്തു.

“അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം. ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം.”

എങ്ങും അതിന്റെ മാറ്റൊലി.

യുഗാന്തരങ്ങളായി ആ ശാന്തിയുടെ സംഗീതം ഉയർന്നുകൊണ്ടിരിക്കുന്നു. ദൈവത്തിനു മഹത്ത്വവും നല്ല മനസ്സുള്ള മനുഷ്യർക്കു ശാന്തിയും ആശംസിച്ചുകൊണ്ട് ഡിസംബർ മാസത്തിണുപ്പിനുള്ളിൽ സ്നേഹത്തിന്റെ ഇളംചൂടായി, ഇരുളിനിടയിൽ പ്രകാശകിരണമായി ദൈവപുത്രന്റെ ജനനം. ദുഃഖിതരായ മനുഷ്യർക്ക് ആശാകിരണം. നിരാശരായി തളർന്നുവീഴുന്നവർക്ക് ആശ്വാസത്തിന്റെ കൈത്താങ്. കർക്കശനിയമങ്ങൾ വരിഞ്ഞുമുറുക്കിയ മനസ്സുകളിൽ നീതിയുടെ നക്ഷത്രവെളിച്ചം.

ക്രിസ്മസ് സമാധാനം ആശംസിക്കുന്നു. സന്തോഷത്തിന്റെ പ്രകാശയുഗത്തെ വരവേൽക്കുന്നു. പ്രതീക്ഷാപൂർവം കാത്തിരിക്കുന്നവർക്കു ജീവന്റെ പുതിയ പ്രഭാതം. അസ്വസ്ഥതയുടെ ഇരുളലകൾ മായുന്നു. അസ്വാതന്ത്ര്യത്തിന്റെ കുരുക്കുകൾ അഴിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ ആനന്ദം അനുഭവവേദ്യമാക്കുന്നു.

തളർന്നുവീഴാതെ കാക്കുന്ന സ്നേഹത്തിന്റെ സ്വരം; ആശ്വാസത്തിന്റെ സംഗീതം. യാത്ര തുടരുക. ഞാൻ ഒപ്പമുണ്ട്.

ക്രിസ്മസ്! ദൈവപുത്രൻ നമ്മുടെ രക്ഷയ്ക്കു മനുഷ്യനായി പിറന്നിരിക്കുന്നു. എപ്പോഴും ഒപ്പമുള്ള സ്നേഹസ്വരൂപൻ.

അതേ, ക്രിസ്മസ് സ്നേഹത്തിന്റെ പ്രകാശമാണ്. ശാന്തിയുടെ കുളിർക്കാറ്റാണ്. ആശ്വാസം പകരുന്ന ദൈവാനുഭവമാണ്, അനുഗ്രഹമാണ്.

## ദിവ്യപ്രകാശം

കവിത

ഏലിക്കുട്ടി എം. തടത്തിൽ

പാരിതിൽ ദിവ്യപ്രകാശം ചൊരിഞ്ഞിതാ
സർവേശപുത്രനണഞ്ഞിടുന്നു.
വിശ്വനാഥൻ യേശു രക്ഷാമൃതം തൂകി
ജാതനായ് പുൽക്കൂട്ടിൽ പൊൻപൈതലായ്
നക്ഷത്രക്കൂട്ടങ്ങൾ മിന്നിമിന്നാകാശേ
താരിളം കുഞ്ഞിനെയുറ്റുനോക്കി.
പാരിലെ രാവിനെയാട്ടിയകറ്റിടാൻ
അമ്പിളിച്ചന്ദ്രിക തൂകിനിന്നു.
വിണ്ണിലെ മാലാഖസൈന്യസങ്കീർത്തനം
മണ്ണിലെ മാനവർക്കാശ്വാസമായ്
ആട്ടിടയരവരെത്തി പൊടുന്നനേ
ആരോമലുണ്ണിയെ വാഴ്ത്തിമുദാ.
എത്തിദൂരെനിന്നു രാജാക്കൾ മൂന്നുപേർ
അർപ്പിച്ചു പൊൻമീറകുന്തിരിക്കം.
കാഴ്ചദ്രവ്യങ്ങൾ സമർപ്പിച്ചുസാദര-
മാനന്ദഗീതങ്ങളാലപിച്ചു.
പൂമാല, തോരണം, നക്ഷത്രക്കൂട്ടങ്ങൾ
കണ്ണഞ്ചിക്കും പുൽക്കൂടൊന്നുണ്ടാക്കാം.
നാടിന്റെ പലഭാഗെയേവരുമോതുന്ന
ക്രിസ്തുമസ് ദൂതുകൾ പങ്കിടാമേ.
ആർത്തുപാടാം നമുക്കാർത്തുപാടാം ഉണ്ണി-
യേശുവിൻ പൊൻദിനം കൊണ്ടാടിടാം.
ഹല്ലേലുയ്യ സ്തോത്രഗീതങ്ങളാലപി-
ച്ചാരാധ്യനീശനെ വരവേറ്റിടാം.

# മതമാത്സര്യങ്ങളുടെ തൊഴുത്തിൽ രക്ഷകൻ ജനിക്കുമോ?



സിൽജി ജെ. ടോം



മഞ്ഞിന്റെ കുളിരും നിറച്ചെത്തുന്ന പുലരികൾ, നക്ഷത്രങ്ങളുടെ തിളക്കം, പുൽക്കൂടിന്റെ ഭംഗി, പാതിരാക്കുർബാനയുടെ, തിരുപ്പിറവിയുടെ ശാന്തിദൂത്... ക്രിസ്തുവിന്റെ ജനനത്തിന്റെ ഓർമയിൽ ഗ്ലോറിയ പാടുന്ന ക്രിസ്മസ് രാവിന്റെ ശാന്തതയിലേക്കു കടന്നെത്തുകയാണ് ലോകം. ഭൂമിയിലെ മരക്കൊമ്പുകളിലെല്ലാം നക്ഷത്രങ്ങൾ പൂത്തുനിൽക്കുന്നു. വർണവിളക്കുകൾക്കു ചുറ്റും നിറയുന്ന പ്രത്യാശയുടെ വെളിച്ചം സമാധാനദൂതന്റെ ജനനം ഉദ്ഘോഷിക്കുന്നു. മഞ്ഞുപൊഴിയുന്ന ബത്‌ലഹേമിലൂടെ ഉണ്ണിയേശുവിനു ജനിക്കാനൊരിടം തേടി ജോസഫും മറിയവും നടന്നു. പുൽക്കൂട്ടിലായിരുന്നു ലോകം കാത്തിരുന്നവന്റെ ജനനം; പിറന്നുവീഴാൻ ഇടംപോലും കിട്ടാതെ നമുക്കുചുറ്റും ഇല്ലാതാക്കപ്പെടുന്ന ആയിരക്കണക്കിന് കുഞ്ഞുങ്ങളെ ഓർമിപ്പിച്ച്.

സമൂഹത്തിന്റെ മുഖ്യധാരയ്ക്കു പുറത്തുനിന്നിരുന്ന ആട്ടിടയർക്ക് ക്രിസ്മസിൽ ലഭിച്ച പ്രത്യാശയും സന്തോഷവും നിലനിൽക്കുന്നുണ്ടോ എന്നതാണ് ഈ ക്രിസ്മസ് ദിനങ്ങളിൽ നമ്മെ ചിന്തിപ്പിക്കേണ്ട ചോദ്യം, ഇല്ലെങ്കിൽ എന്തുകൊണ്ട്? ഓരോ ക്രിസ്ത്യാനിയും സമാധാനത്തിന്റെ സന്ദേശം പ്രഘോഷിക്കേണ്ടവനാണ്, ഇന്നത് സാധ്യമാവുന്നുണ്ടോ?

ക്രിസ്മസ് ആഘോഷങ്ങളുടെയും ആഹ്ളാദത്തിന്റെയും അവസരമാണ്. പാർശ്വവത്കരിക്കപ്പെട്ടവരെയും സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നു പുറത്തുനിൽക്കുന്നവരെയും ക്രിസ്തുവിന്റെ സ്നേഹത്തിലേക്കു ചേർത്തുനിർത്താൻ സാധിച്ചെങ്കിലേ ക്രിസ്മസ് അർത്ഥപൂർണമാവൂ. ക്രിസ്മസിനെ വരവേൽക്കാനുള്ള നക്ഷത്രങ്ങളും പുൽക്കൂടുകളും, ക്രിസ്മസ് ട്രീയും, സാന്താക്ലോസ് വസ്ത്രങ്ങളും മാലാഖമാരും വിപണിയിൽ നിറയുമ്പോൾ എല്ലാറ്റിനുമൊരു കമ്പോളഭാവമാണ്. അവിടെ രക്ഷകനായിപ്പിറന്നവൻ പകർന്നുതന്ന സമാധാനത്തിന്റെ, സ്നേഹത്തിന്റെ സുവിശേഷം ശരിയായ അർത്ഥത്തിൽ പങ്കുവയ്ക്കപ്പെടുന്നുണ്ടോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ക്രിസ്മസിനെ വരവേൽക്കാൻ ഒരുങ്ങുന്ന ഈ ദിവസങ്ങളിൽപ്പോലും ശാന്തിമന്ത്രങ്ങൾക്കു പുകൾപെറ്റ ഈ ആർഷഭാരതഭൂവിൽ, ദൈവത്തിന്റെ സ്വന്തം നാടെന്നു പേരുകേട്ട നമ്മുടെ കൊച്ചുകേരളത്തിൽ സ്നേഹമല്ല പങ്കുവയ്ക്കപ്പെടുന്നത്; മറിച്ച്, അക്രമത്തിന്റെയും കൊലപാതകത്തിന്റെയും പകയുടെയും വിദ്വേഷത്തിന്റെയും വിഭാഗീയതയുടെയും മതമാത്സര്യങ്ങളുടെയും സന്ദേശമാണെന്നതു നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്. സ്നേഹത്തിന്റെ, സുവിശേഷത്തിന്റെ പ്രഘോഷണത്തെ വിഭാഗീയതയുടെ, മതമാത്സര്യങ്ങളുടെ തൊഴുത്തിൽ കെട്ടി ദുർവ്യാഖ്യാനിക്കുമ്പോൾ എങ്ങനെയാണ് ഇന്നാട്ടിൽ ശാന്തി പുലരുക. സ്നേഹവും സമാധാനവും പ്രഘോഷിക്കുന്ന ക്രിസ്തുവിന്റെ സന്ദേശത്തെ എങ്ങനെയാണു തള്ളിക്കളയാനാവുക.

ഇതെഴുതുമ്പോൾ പുറത്ത് നിലാവ് വീണൊഴുകുകയാണ്. പണ്ട് ക്രിസ്മസ് രാത്രിയിൽ തെളിഞ്ഞ അതേ നിലാവ്. ശാന്തിദൂതു പെയ്തുനിറയുന്ന ആ നിലാവും നക്ഷത്രങ്ങളുടെ വെളിച്ചവും ഹൃദയത്തിൽ കോരി നിറക്കുന്നവനേ ശാന്തി കണ്ടെത്താനാവൂ. വീടുകളിൽ നക്ഷത്രശോഭ പകർന്നു താരകങ്ങൾ കൺചിമ്മുന്നു. വീട്ടുമുറ്റത്തു തൂക്കിയിടാൻ നക്ഷത്രവിളക്ക് വാങ്ങാനാവാതെ കരയുന്ന കുഞ്ഞുങ്ങളുണ്ട് നമുക്കു ചുറ്റും... രോഗദുരിതങ്ങളാൽ ക്ലേശിക്കുന്നവരുണ്ട്. ഒരു നേരത്തെ ആഹാരത്തിനു വകയില്ലാതെ ആത്മഹത്യയിൽ അഭയം തേടുന്നവരുണ്ട്... അവരെയും ചേർത്തുപിടിക്കുക. എങ്കിലേ ക്രിസ്മസ് അർത്ഥപൂർണമാവൂ.

മനുഷ്യസ്വഭാവവും ശരീരവും ആത്മാവും സ്വീകരിച്ചുകൊണ്ട് വചനം ഭൂമിയിലേക്കിറങ്ങിയ ദിവസമാണ് ക്രിസ്മസ്. മഞ്ഞും തണുപ്പും പെയ്തു നിറഞ്ഞ രാത്രിയിൽ ആലംബമില്ലാത്തവനെപോലെ അവൻ വന്നുപിറന്നു. നവജാതരായ ആൺകുഞ്ഞുങ്ങളെ കൊന്നുകളയാൻ ഉത്തരവിട്ട രാജാവിനെ ഭയന്ന് അഭയാർത്ഥിയെപ്പോലെ ഓടിപ്പോകേണ്ടിവരുന്നു – ഇന്ന് ലോകമെങ്ങുമുള്ള അഗതികളുടെയും അഭയാർത്ഥികളുടെയും അശരണരുടെയും പ്രതീകമെന്നോണം. ക്രിസ്തുവിന്റെ ജനനം ഒരു മഹാവിപ്ലവമാണു ലോകചരിത്രത്തിൽ സൃഷ്ടിച്ചത്. സാമൂഹികനീതിയുടെയും മനുഷ്യസ്നേഹത്തിന്റെയും പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള കരുണയുടെയും വക്താവായാണ് നസ്രായൻ വന്നുപിറന്നത് എന്നതുകൊണ്ടുതന്നെ.

എത്രയെത്ര ഓർമകളുമായാണ് ഓരോ ക്രിസ്മസും നമ്മിലേക്കു വന്നെത്തുന്നത്. ആഘോഷത്തിന്റെ മാത്രമല്ല ത്യാഗത്തിന്റെ, സ്നേഹത്തിന്റെ, പങ്കുവയ്ക്കലിന്റെകൂടി സമയമാണത്. മാത്സര്യങ്ങളുടെ ലോകമാണിന്നത്തേത്, മുമ്പൊന്നും ഇങ്ങനെയായിരുന്നില്ല, ഓർമയിലെത്തുന്നു എന്റെ ചെറുപ്പകാലം. അന്നത്തെ പ്രഭാതങ്ങൾക്ക് എന്തു ഭംഗിയായിരുന്നു. നാഥന്റെ ജനനത്തിന്റെ വരവിനെ ഓർമിപ്പിച്ചെന്നോണം ഡിസംബറിന്റെ പുലരികൾ നനുത്ത മഞ്ഞുപുതച്ചിരുന്നു അന്നും. പുലർച്ചെ ഇടവകദൈവാലയത്തിൽനിന്ന് ഉയർന്നുകേൾക്കാം രക്ഷകന്റെ വരവറിയിച്ചുള്ള ഗാനങ്ങൾ. ഒപ്പംതന്നെ അമ്പലങ്ങളിൽനിന്ന് അയ്യപ്പഭക്തിഗാനങ്ങളും. ഭക്തിയുടെ പരിവേഷം നിറയുന്ന പ്രഭാതങ്ങൾ. അന്നൊന്നും മതമാത്സര്യങ്ങൾ ഇത്രയുണ്ടായിരുന്നില്ല. ഈ ക്രിസ്മസ് ദിനങ്ങളിലെങ്കിലും സ്നേഹം നിറയട്ടെ മനസ്സുകളിൽ, ഒപ്പം ശാന്തിയും സന്തോഷവും വിരുന്നെത്തട്ടെ. അയൽക്കാരനെ, ശത്രുവിനെ സ്നേഹിക്കാൻ പഠിപ്പിച്ചവൻ നമുക്കു മാതൃകയാകട്ടെ.

ഫ്രാൻസിസ് പപ്പാ പറയുന്നു: “ഉന്നതങ്ങളിൽ നിൽക്കുന്ന ദൈവത്തെയല്ല, സേവിക്കാനായി ചെറുതാകുന്ന, നമ്മിലൊരുവനാകുന്ന ദൈവത്തെയാണ് ക്രിസ്മസ് വെളിപ്പെടുത്തുന്നത്. അതിനാൽ, എളിമപ്പെടുന്നതിലൂടെയേ ദൈവം നമ്മോടൊപ്പം വസിക്കൂ.”

ശാന്തി പകരട്ടെ, മംഗളം നിറയ്ക്കട്ടെ. ഓരോരുത്തരിലും ഈ ക്രിസ്മസ്. ■

## നാഥൻ പിറന്നു!

**ളാക്കാട്ടൂർ പൊന്നപ്പൻ**

മണ്ണും വിണ്ണും ഒന്നായ്ച്ചേരും
മംഗളസുന്ദരനിമിഷം,
തനുവും മനവും ഒന്നായലിയും
ധനുമാസത്തിലെ ദിവസം,
നിന്നു വിളങ്ങി വ്യോമതലത്തിൽ
മിന്നും താരകമൊന്ന്.
വിണ്ണിൻ മാറിലുദിച്ചൊരു താരക
മണ്ണിൻ മക്കടെയുള്ളിൽ
പ്രത്യാശക്കുളിരേകി മുഴക്കി
പ്രീതിയുണർത്തും ഗീതം.
മണ്ണിനു വർഷമതേകിയ താരക
മർത്യനു ഹർഷമതായി.
നീളേമുഴങ്ങി വാനമതെങ്ങും
‘ശാന്തിമനുഷ്യനു ഭൂവിൽ.’
സന്ദേശത്തിന്നലകൾ പാരിൽ
ചന്ദനശീതള മഴയായ്.
വാനവർ പാടും മംഗളഗാനം
മാനവനുൾക്കുളിരേകി.
ആ ഗാനത്തിൻ
പൊരുളുതെളിഞ്ഞു
ആശാകിരണം കണ്ടു
ഊഷരമാകും ഭൂവിൻമാറിൽ
വർഷം ചൊരിഞ്ഞു ദൈവം.
മേഷഗണത്തെ നയിക്കും നാഥൻ
കാലിക്കൂട്ടിൽ ജനിച്ചു.



ക്രിസ്മസ് – പുതുവത്സര ആശംസകൾ

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

പാലാ രൂപതയുടെ സാമൂഹ്യക്ഷേമവികസന സംഘടന

ഷലോം പാസ്റ്ററൽ സെന്റർ, പാലാ – 686 575

ഫോൺ: 9074556724

Email : dssspalai@gmail.com
Website : www.psws.org
youtube : pswspalaagrima

അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ്
അഗ്രിമ നഴ്സറി & ഇക്കോ ഷോപ്പ്

സെന്റ് തോമസ് പ്രസിനു സമീപം, പാലാ

● മേൽത്തരം ഹൈബ്രീഡ് പച്ചക്കറിത്തൈകൾ ● വിത്തുകൾ ● ഫലവൃക്ഷത്തൈകൾ ● തെങ്ങിൻതൈകൾ ● പൂച്ചെടികൾ ● പൂച്ചട്ടികൾ ● വളങ്ങൾ ● ഹൈടെക് കോഴിക്കൂടുകൾ ● കാടക്കൂടുകൾ ● തേനീച്ചപ്പെട്ടികൾ ● മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ● കാടക്കുഞ്ഞുങ്ങൾ ● മത്സ്യക്കുഞ്ഞുങ്ങൾ ● കോഴി–കാട–മത്സ്യത്തീറ്റകൾ ● കാർഷികമൂല്യവർദ്ധിത ഭക്ഷ്യോത്പന്നങ്ങൾ ● വെളിച്ചെണ്ണ ● അരിപ്പൊടി ● പുട്ടുപൊടി ● കറിപൗഡറുകൾ ● സോപ്പുകൾ ● ലോഷനുകൾ ● പലവ്യഞ്ജനങ്ങൾ ● ജൈവപച്ചക്കറികൾ etc...

# നിനക്ക് എന്റെ കൃപ മതി



ഡോ. കുര്യാസ് കുമ്പളക്കുഴി

**ച**രിത്രത്തിലെ ആദ്യകരോൾഗാനം എന്നും നമ്മുടെ നാവിൻതുമ്പിലുണ്ട്: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം. ബേത്‌ലഹെമിലെ കാലിത്തൊഴുത്തിൽ സംഭവിച്ച തിരുവവതാരത്തിന്റെ സന്ദർഭത്തിൽ മാലാഖമാർ ആലപിച്ച ആനന്ദഗാനം. മനുഷ്യമനസ്സിന്റെ അവിരാമമായ അശാന്തിക്കു സ്വർഗം സമ്മാനിച്ച ദിവ്യൗഷധമാണ് ആ ഗാനം വാഗ്ദാനം ചെയ്യുന്ന സമാധാനം. അതുപക്ഷേ, നിരുപാധികമല്ല. നല്ല മനസ്സുള്ളവർക്കേ അതു സംലഭ്യമാകൂ.

കേവലമായ അർത്ഥത്തിൽ സമാധാനം സ്വാസ്ഥ്യമാണ്. സ്വസ്ഥത നിറഞ്ഞ, അസ്വസ്ഥതകളൊന്നും അലട്ടാത്ത ജീവിതാവസ്ഥ. അതു കൊതിക്കാത്തവരില്ല. പക്ഷേ, എല്ലാവർക്കും അതു വിധിക്കപ്പെടുന്നില്ല. കാരണം, മറ്റൊന്നുമല്ല, നല്ല മനസ്സില്ലായ്കമാത്രം. അതു ദൈവകൃപയാണ്. അതു ലഭിച്ചവരെ നമ്മൾ സുമനസ്സുകൾ എന്നു വിളിക്കുന്നു. അവർക്കുള്ള മഹാനുഗ്രഹമാണു സമാധാനം.

അന്നു ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ സംഭവിച്ചതു ലോകം കാത്തിരുന്ന പുതുസമാധാനപ്പിറവിയാണ്. അതു സ്നേഹത്തിന്റെ മഹാസുവിശേഷമായി ജനതകൾക്കിടയിലേക്ക് ഒഴുകിയിറങ്ങി. പിന്നെ മഹാപ്രവാഹമായി ലോകത്തിന്റെ അതിരുകളിലേക്കു കുത്തിയൊഴുകി. അതിൽനിന്നു മതിയാവോളം കോരിക്കുടിച്ചവരാണു മനുഷ്യസ്നേഹികൾ. അവരാണു സമാധാനത്തിന്റെ സന്ദേശവാഹകർ.

മനുഷ്യസ്നേഹികൾ സമാധാനം ഉൾക്കൊള്ളുന്നതു ലോകം അനുഭവിക്കുന്ന സ്വാസ്ഥ്യത്തിൽനിന്നാണ്. ഒരാളെങ്കിലും അസ്വാസ്ഥ്യം കൊള്ളുന്നുണ്ടെങ്കിൽ അവരുടെ സമാധാനം നഷ്ടപ്പെടും. അതിനുകാരണം ദാരിദ്ര്യമാകാം, രോഗങ്ങളാവാം, അസ്വാതന്ത്ര്യമോ അപമാനമോ ആകാം. വിപ്രവാസവും തിരസ്കാരവുമാകാം. അതെല്ലാം പരിഹരിക്കാൻ തീവ്രശ്രമം നടത്തുന്നവരാണ് മനുഷ്യസ്നേഹികൾ. ലോകരെല്ലാം സുഖമുള്ളവരായിരിക്കണം എന്നാണവരുടെ ആഗ്രഹവും പ്രാർത്ഥനയും. ആ ലക്ഷ്യസാധ്യത്തിനുവേണ്ടി അവർ സ്വയം മറന്നു പ്രവർത്തിക്കുന്നു. അതു സമാധാനത്തിലേക്കു തെളിയുന്ന പാതയാണ്. ആ വഴിയിൽ സഞ്ചരിക്കുന്നവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടുമെന്ന് യേശു നമുക്ക് ഉറപ്പു നല്കിയിട്ടുണ്ട്.

യേശുവിന്റെ പ്രബോധനങ്ങളുടെ സുപ്രധാനലക്ഷ്യം സമാധാനസ്ഥാപനമായിരുന്നു. ഭൗതികലോകത്തിൽ മാത്രമല്ല, വ്യക്തികളുടെ മാനസികലോകത്തിലും. തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കുക, ശത്രുക്കളെപ്പോലും മിത്രങ്ങളായി കരുതുക. ഉള്ളവൻ ഇല്ലാത്തവനുമായി പങ്കുവയ്ക്കുക, കരുണയുള്ളവരായിരിക്കുക, എല്ലാവരെയും സഹോദരീസഹോദരന്മാരായിക്കാണുക എന്നിങ്ങനെയുള്ള ഉദ്ബോധനങ്ങളുടെ പൊരുൾ മറ്റൊന്നുമല്ലല്ലോ. എല്ലാവരും നല്ലവരായിരിക്കുക അല്ലെങ്കിൽ സന്മനസ്സുള്ളവരായിരിക്കുക. അപ്പോളാണു സമാധാനം യാഥാർത്ഥ്യമാവുക.

**നിങ്ങൾക്കു സമാധാനം**

ഉത്ഥാനാനന്തരം യേശു ശിഷ്യരുടെ മുന്നിലേക്കു കടന്നുവന്നത് 'നിങ്ങൾക്കു സമാധാനം' എന്ന് അഭിവാദ്യം ചെയ്തുകൊണ്ടാണ്. തന്റെ പ്രബോധനങ്ങൾ ഉൾക്കൊള്ളേണ്ട ഒരു സാമൂഹികവ്യവസ്ഥിതിയുടെ മുഖമുദ്ര സമാധാനമായിരിക്കണമെന്നായിരുന്നു അവിടുത്തെ അഭിലാഷം. അത്തരമൊരവസ്ഥയിലാണു സങ്കീർത്തകന്റെ സാക്ഷ്യപ്പെടുത്തൽ ലോകത്തിന്റെ മുഴുവൻ അനുഭവമായി മാറുന്നത് – 'ഞാൻ സമാധാനത്തോടെ ഉറങ്ങും' എന്ന്.

ഇതുപക്ഷേ, അനായാസം സംഭവിക്കാവുന്ന ഒരു പരിണാമമല്ല. യുദ്ധങ്ങളും കലഹങ്ങളും ഭിന്നതകളും മനുഷ്യസമൂഹത്തെ എളുപ്പത്തിൽ വിട്ടുപോവുകയില്ല. അതുകൊണ്ടാണ് യുദ്ധവും സമാധാനവും എന്ന വിരുദ്ധദ്വന്ദ്വം ഒന്നിനുപിന്നാലെ മറ്റൊന്നായി ചാക്രികക്രമത്തിൽ നമ്മെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ പ്രതിഭാസത്തെ യേശുവും കണ്ടില്ലെന്നു വച്ചിട്ടില്ല. ഞാൻ ഭൂമിയിൽ തീയിടുവാനാണു വന്നത്, ഞാൻ വാളുമായിട്ടാണു വന്നിരിക്കുന്നത്, എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ സ്വന്തം കുരിശുകൂടി വഹിക്കണം എന്നൊക്കെ അവിടുന്നു പരുഷമായി നല്കിയ മുന്നറിയിപ്പുകൾ അതാണു സൂചിപ്പിക്കുന്നത്. വളരെ വേദനാജനകമായി ആത്മവിശുദ്ധീകരണം സാധിക്കേണ്ടതുണ്ട് എന്ന ഓർമപ്പെടുത്തലാണ് ആ പ്രതീകാത്മക പ്രയോഗങ്ങൾ. അങ്ങനെയേ പൂർണസമാധാനത്തിലേക്കു നമുക്കു പ്രവേശിക്കാനാവൂ.

സമാധാനം പൂർണമായ അർത്ഥത്തിൽ അനുഭവിക്കാൻ ഇരുപതു നൂറ്റാണ്ടിനുശേഷവും മനുഷ്യരാശിക്കു കഴിയുന്നില്ല. ഒറ്റയൊറ്റ വ്യക്തികൾ തമ്മിലും സമുദായങ്ങൾ തമ്മിലും കക്ഷികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിൽപോലുമുള്ള അനൈക്യം നാൾതോറും വളരുകയാണ്. ജനങ്ങളെ ഒരു ചരടിൽ കോർക്കേണ്ട ജനാധിപത്യവ്യവസ്ഥിതിക്കുള്ളിൽപോലും സംഘടിതമായ അധികാരമത്സരങ്ങൾമൂലം പരസ്പരം ശത്രുതയാണു തഴച്ചുവളരുന്നത്. പിന്നെങ്ങനെയാണു സന്മനസ്സുണ്ടാവുക, സമാധാനമുണ്ടാവുക?

ഇതു സംഘടിതമായ പിടിച്ചുപറിയുടെ കാലമാണോ? സ്വാർത്ഥതയുടെ തേരോട്ടമാണോ ഇവിടെ നടക്കുന്നത്? 'കിട്ടിയതൊന്നും മതിയല്ല, പിന്നെയും കിട്ടിയാലും മതിയല്ല' എന്ന ദുരാഗ്രഹത്തിന്റെ വിഷബാധയേറ്റു

> **ഉള്ളിൽ സമാധാനമില്ലാത്ത ഒരാൾക്ക് ഒരിക്കലും സമാധാനത്തിന്റെ വക്താവോ പ്രയോക്താവോ ആകാൻ കഴിയില്ല. അതുകൊണ്ടാണ് സ്വാർത്ഥതാത്പര്യങ്ങൾ ഉള്ളിലൊളിപ്പിച്ചുകൊണ്ടു പ്രാദേശികതലത്തിലും ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലുമൊക്കെ അധികാരകേന്ദ്രങ്ങൾ നടത്തുന്ന സമാധാനാഹ്വാനങ്ങൾ പാഴായിപ്പോകുന്നത്. സ്വർഗത്തിൽനിന്നു വരമായി ലഭിക്കുന്ന നല്ല മനസ്സിൽനിന്നേ അത്തരം ആഹ്വാനങ്ങൾ ഉണ്ടാകാവൂ. എങ്കിലേ അതു ഫലം പുറപ്പെടുവിക്കൂ.**

സമൂഹങ്ങൾ നുരയും പതയും തുപ്പുന്നു! അവരോടിന്നും ആദ്യകരോൾഗാനം ആവർത്തിച്ചുണർത്തിക്കുന്നു – സന്മസ്സുള്ളവർക്കു സമാധാനം. പലരും അതു കേൾക്കുന്നില്ല. കേൾക്കുന്നവർ ആ ശാന്തിസന്ദേശം ഉൾക്കൊള്ളുന്നില്ല. ഫലമോ? അശാന്തിയുടെ നാളുകൾ ലോകത്തെ വേട്ടയാടുന്നു.

പാക്സ് റൊമാനാ (റോമിന്റെ സമാധാനം) എന്നൊരു സങ്കല്പമുണ്ടല്ലോ ചരിത്രത്തിൽ. ക്രിസ്തുവിനുമുമ്പ് അഗസ്റ്റസ് സീസറിന്റെ കാലംമുതൽ റോമൻ ചക്രവർത്തിമാർ പ്രജകൾക്കു സമ്മാനിച്ച സമാധാനജീവിതമെന്നാണു വിവക്ഷ. യേശുവിന്റെ ആഗമനത്തോടെ അതിന്റെ രൂപഭാവങ്ങൾ മാറി. തിരുസ്സഭയുടെ ആസ്ഥാനം റോമിൽ ഉറച്ചതോടെ ആ സങ്കല്പം യേശു ലോകത്തിനു സമ്മാനിച്ച സാർവത്രിക സമാധാനത്തിന്റെ പുതുനാമമായി മാറി. ഇന്നും ലോകസമാധാനത്തിനുവേണ്ടിയുള്ള ഹൃദയം തുറന്ന ആഹ്വാനങ്ങൾ ഉയരുന്നത് അവിടെനിന്നാണല്ലോ. അതാവട്ടെ, അന്നു ദൈവദൂതന്മാർ ആലപിച്ച, ദൈവകൃപ ലഭിച്ചവർക്കു സമാധാനം എന്ന ആശംസയുടെ ആവർത്തനങ്ങൾതന്നെയാണുതാനും.

**ശാന്തിദർശനം**

സമാന്തരമായ മറ്റൊരു വസ്തുതകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഭാരതീയസംസ്കാരം ആശംസിക്കുന്ന ശാന്തിയുടെ പൊരുൾതന്നെയാണു സന്മനസ്സുള്ളവർക്കു സമാധാനം എന്ന വരികളിലും ഉള്ളടങ്ങുന്നത്. നമ്മുടെ ദാർശനികലോകത്തുടനീളം 'ഓം ശാന്തി' എന്ന ആശംസ അല്ലെങ്കിൽ അനുഗ്രഹവചസ്സ് പ്രകാശം പരത്തുന്നുണ്ട്. അതു തൃഷ്ണാനാശമാണെന്ന് ആചാര്യന്മാർ വിശദീകരിക്കുന്നു. എത്ര കിട്ടിയാലും മതിവരാത്ത മനോഭാവമാണു തൃഷ്ണ. അതുള്ളിൽ തീപിടിച്ചു നില്ക്കുന്നിടത്തോളം കാലം മനുഷ്യനു ശാന്തി ലഭിക്കില്ലത്രേ. "അശാന്തസ്യകുതഃ സുഖം?" എന്നു ഭഗവദ്ഗീത ചോദിക്കുന്നു. മനസ്സു ശാന്തമല്ലാത്തവന് ഒരിക്കലും സുഖമുണ്ടാവില്ലെന്ന്.

ശാന്തിമന്ത്രങ്ങളിൽ ശാന്തിശബ്ദം മൂന്നു തവണ ആവർത്തിക്കുന്നുണ്ട്. "ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ എന്ന്. അതു സവിശേഷാർത്ഥത്തിലാണ്. സാംഖ്യദർശനമനുസരിച്ചു ദുഃഖം മൂന്നുവിധമാണ് – ആധിഭൗതികം, ആധ്യാത്മികം, ആധിദൈവികം. മൂന്നുവിധദുഃഖങ്ങൾക്കും ശമനമുണ്ടാകണേ എന്ന പ്രാർത്ഥനയാണു ശാന്തിമന്ത്രം.

ഈ ശാന്തിദർശനത്തിന്റെ ഉറവിടം ശ്രീബുദ്ധന്റെ പ്രബോധനങ്ങളാണ്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ എല്ലാ ദുഃഖങ്ങൾക്കും കാരണം തൃഷ്ണയാണ്. തൃഷ്ണാനാശത്തിലൂടെയേ ശാന്തി അഥവാ സമാധാനം കൈവരിക്കാനാവൂ. ജീവിതം വച്ചു നീട്ടുന്ന ബഹുമുഖപ്രലോഭനങ്ങളിൽ മനസ്സുകുടുങ്ങിപ്പോയാൽ നഷ്ടപ്പെടുന്നതു സമാധാനമാണ്. അതു വീണ്ടെടുക്കണമെങ്കിൽ ലൗകിക വ്യാമോഹങ്ങളിൽനിന്നു മനസ്സിനെ നിവർത്തിപ്പിക്കാൻ കഴിയണം. അതുണ്ടാകുമ്പോഴാണു ദൈവകൃപ ലഭിക്കുന്നത്. അതുതന്നെ നല്ല മനസ്സ്. 'നിനക്ക് എന്റെ കൃപ മതി' എന്നു പൗലോസിനോടു കർത്താവ് അരുൾചെയ്തതിന്റെ പൊരുളും ഇതുതന്നെ. തന്റെ മനസ്സിന്റെ അസമാധാനം (മുള്ള്) നീക്കിത്തരണേ എന്ന പ്രാർത്ഥനയ്ക്കുള്ള പ്രത്യുത്തരമായിരുന്നല്ലോ ആ മറുപടി.

യഥാർത്ഥ സമാധാനം ബാഹ്യതലത്തിലല്ല, ആന്തരികതലത്തിലാണനുഭവപ്പെടേണ്ടത്. ഉള്ളിൽ സമാധാനമില്ലാത്ത ഒരാൾക്ക് ഒരിക്കലും സമാധാനത്തിന്റെ വക്താവോ പ്രയോക്താവോ ആകാൻ കഴിയില്ല. അതുകൊണ്ടാണ് സ്വാർത്ഥതാത്പര്യങ്ങൾ ഉള്ളിലൊളിപ്പിച്ചുകൊണ്ടു പ്രാദേശികതലത്തിലും ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലുമൊക്കെ അധികാരകേന്ദ്രങ്ങൾ നടത്തുന്ന സമാധാനാഹ്വാനങ്ങൾ പാഴായിപ്പോകുന്നത്. സ്വർഗത്തിൽനിന്നു വരമായി ലഭിക്കുന്ന നല്ല മനസ്സിൽനിന്നേ അത്തരം ആഹ്വാനങ്ങൾ ഉണ്ടാകാവൂ. എങ്കിലേ അതു ഫലം പുറപ്പെടുവിക്കൂ.

സ്വർഗത്തിൽ ശാന്തിസന്ദേശവുമായെത്തിയ ദൈവപുത്രനെ ശൈശവത്തിൽത്തന്നെ ഇല്ലായ്മ ചെയ്യാൻ തുനിഞ്ഞിറങ്ങിയ ഹേറോദേസിന്റെ ദയനീയചിത്രം ക്രിസ്മസ് സ്മൃതിയുടെ പശ്ചാത്തലത്തിൽ തെളിയുന്നതും ശ്രദ്ധിക്കുക. യേശുവിന്റെ ജനനവൃത്താന്തം അയാളുടെ സമാധാനം കെടുത്തിക്കളഞ്ഞു എന്നതു കൗതുകകരമായ വൈരുധ്യമാണ്. തന്റെ അധികാരത്തിനു ഭീഷണിയായേക്കാമെന്നു വന്നപ്പോൾ ഭാര്യമാരെയും സഹോദരങ്ങളെയും മക്കളെയുംപോലും നിർദാക്ഷിണ്യം മരണത്തിനെറിഞ്ഞുകൊടുത്ത കാപാലികമനസ്സായിരുന്നു ഹേറോദേസിന്റേത്. എന്നിരിക്കേ, ഇസ്രായേലിന്റെ രാജാവ് ബത്‌ലഹേമിൽ ജനിക്കും എന്ന പ്രവചനം അയാളെ അസ്വസ്ഥനാക്കാതിരിക്കുന്നതെങ്ങനെ? അതായിരുന്നു അയാളുടെ നിഷ്ഠുരചെയ്തികളുടെ പശ്ചാത്തലം. അത്തരക്കാർക്കു സമാധാനം അനുഭവിക്കാനാകുമോ? സ്വന്തം പ്രജകൾക്കു സമ്മാനിക്കാനാകുമോ?

ഈ വസ്തുതകളെല്ലാം നമ്മെ വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ടാണ് ഓരോ തിരുപ്പിറവിയും കടന്നുപോകുന്നത്. സന്മനസ്സും അതിന്റെ അനന്തരഫലമായ സമാധാനവും അതു കൈവരിക്കണമെന്ന ആഹ്വാനവുമാണ് അവിടെനിന്ന് എക്കാലവും ഉയർന്നുകേൾക്കുന്നത്.

X'mas new year Greetings






Chamakkalayil Silks

www.chamakkalayilsilkspala.in

# അന്നമ്മതൻ മടിയിൽ കിടന്ന ഉണ്ണിയേശു





പീറ്റർ കുരിശിങ്കൽ

ഒരു പഴയ ഓർമയാണ്. അധ്യാപകർക്കായുള്ള റിഫ്രഷർ കോഴ്സ് നടക്കുകയാണ്. റിസോഴ്സ് പേഴ്സൺ ആകട്ടെ മലയാളം വിദ്വാൻ, ഹൈസ്കൂൾ അധ്യാപകൻ. പങ്കെടുക്കുന്നതോ പ്രൈമറിവിഭാഗം അധ്യാപകരും.

റിസോഴ്സ് പേഴ്സൺ രണ്ടു വാക്യങ്ങൾ ബോർഡിൽ എഴുതി. അന്നമ്മതൻ മടിയിൽ കിടന്ന ഉണ്ണിയേശു. അന്നം മുടങ്ങാതിരിക്കാൻ അധ്വാനിക്കണം. 'ന്ന' എന്ന അക്ഷരത്തിന്റെ സന്ദർഭാനുസരണമുള്ള ഉച്ചാരണവ്യതിരിക്തത വ്യക്തമാക്കാൻ ശ്രമിക്കുകയായിരുന്നു അദ്ദേഹം.

അന്നൊരു കാലത്ത് അമ്മയുടെ മടിയിൽ എന്നു പറഞ്ഞുതുടങ്ങുന്നതിനിടെ ശ്രോതാക്കളിൽ ഒരധ്യാപകൻ മറ്റൊരു സന്ദർഭം അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു: "അന്നമ്മയുടെ മടിയിലും ഉണ്ണിയേശു കിടന്നിട്ടുണ്ട്." കന്യകാമേരിയുടെ അമ്മ അന്നത്തെ (അന്നമ്മയെ)യാണ് ആ അധ്യാപകൻ ദ്യോതിപ്പിച്ചത്. കന്യകാമേരിയും അന്നയും തമ്മിലുള്ള ബന്ധം ആർ.പിക്കും മറ്റ് അധ്യാപകർക്കും അജ്ഞാതമായിരുന്നു.

പരിശുദ്ധ കന്യകാമേരിയുടെ അമ്മയാണ് അന്നം. അതുകൊണ്ടുതന്നെ മേരിയുടെ പൈതലിനെ അന്നം (അന്നമ്മ) നിശ്ചയമായും മടിയിലിരുത്തി താലോലിച്ചിട്ടുണ്ട്. വാത്സല്യത്തോടെ മുത്തം കൊടുത്തിട്ടുണ്ട്. ആ കുരുന്നിന്റെ നിർമലമായ പുഞ്ചിരി കണ്ടു നിർവൃതികൊണ്ടിട്ടുണ്ട്. അത് അന്നയ്ക്കു ലഭിച്ച മഹാഭാഗ്യം!

അതേ, അന്നയ്ക്കു ലഭിച്ചതു മഹാഭാഗ്യംതന്നെ. പക്ഷേ, ആ മഹാഭാഗ്യം കരഗതമാകുന്നതിനുമുമ്പ് അന്ന അനുഭവിച്ച മനോദുഃഖം, അപമാനം, അവഗണന, അവഹേളനം, അവാച്യമെന്നേ പറയേണ്ടൂ. ഒരുപക്ഷേ, അനപത്യതാദുഃഖം അനുഭവിച്ചവർക്ക് അതിന്റെ തീവ്രത അറിയുമായിരിക്കാം.

പരിശുദ്ധ മറിയത്തിന്റെ മാതാപിതാക്കളെക്കുറിച്ച് വളരെയൊന്നും വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നില്ല. മറിയത്തിന്റെ പിതാവ് ജൊവാക്കിമും മാതാവ് അന്നയും ആയിരുന്നുവെന്നു നമുക്കറിയാം. എന്നാൽ, ഇവരുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ചു അധികം പരാമർശങ്ങളില്ലെങ്കിലും ആദിമക്രൈസ്തവരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന പാരമ്പര്യകഥകൾ അവരുടെ ജീവിതസാഹചര്യങ്ങളിലേക്കു വെളിച്ചം വീശുന്നവയാണ്; ആസ്വാദ്യവുമാണ്.

അന്നയുടെ ഭർത്താവ് ജൊവാക്കിം ആട്ടിടയനായിരുന്നു. ആടുകളുടെ ഒരു വലിയ കൂട്ടം സ്വന്തമായുള്ള ധനികൻ. അന്നയാകട്ടെ സുന്ദരിയും സുശീലയും.

ജൊവാക്കിമും അന്നയും ദാമ്പത്യം ആരംഭിച്ചിട്ട് ഏറെ നാളുകളായി. എങ്കിലും ആ ദാമ്പത്യവല്ലരി പുഷ്പിച്ചില്ല ഇക്കാലമത്രയും. ഇതായിരുന്നു അവരുടെ ദുഃഖം.

അന്ന അനുഭവിച്ച അനപത്യതാദുഃഖത്തിന്റെ തീവ്രത അറിയണമെങ്കിൽ യഹൂദർ ഇക്കാര്യത്തിൽ പുലർത്തിയിരുന്ന ചില വിശ്വാസങ്ങൾ (അതോ അന്ധവിശ്വാസങ്ങളോ)കൂടി അറിയണം. കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതികൾ ദൈവത്താൽ ശപിക്കപ്പെട്ടവർ എന്നാണ് യഹൂദർ പുലർത്തിയിരുന്ന വിശ്വാസം. അതിനാൽത്തന്നെ സമൂഹം അവരെ ഒറ്റപ്പെടുത്തുന്നതും പതിവായിരുന്നു. അതുകൊണ്ടാണല്ലോ കാഴ്ചയർപ്പണത്തിനായെത്തിയ ജൊവാക്കിമിനെ അതിൽനിന്നു ഒഴിവാക്കിയത്.

അഭിമാനവും അന്തസ്സുമൊക്കെ ചോദ്യം ചെയ്യപ്പെട്ട് അപമാനിതരാകുന്ന അവസ്ഥ. ഇതൊക്കെ അവരുടെ ദുഃഖത്തിന്റെ ദയനീയഭാവങ്ങളായിരുന്നു. എന്നാണിതിൽനിന്നെല്ലാമൊരു മോചനം? ജൊവാക്കിം ചിന്തിച്ചു. കഠിനതപം ചെയ്തുകൊണ്ട് തന്റെ ദുഃഖങ്ങളെല്ലാം ഈശ്വരനിൽ സമർപ്പിക്കുക! പിന്നെ താമസിച്ചില്ല ജൊവാക്കിം അകലെയൊരു മരുഭൂമിയിൽ പോയി തപസ്സനുഷ്ഠിക്കാൻ തുടങ്ങി.

അന്നയെ വീട്ടിലാക്കിയിട്ടുള്ള ജൊവാക്കിമിന്റെ ഈ പോക്കും അവക്കു തീവ്രവേദനയ്ക്കു കാരണമായി. നരകതുല്യമായിരുന്നു അതെന്നുതന്നെ പറയാം. ഒന്നാമതായി ഒറ്റപ്പെടൽ. ജൊവാക്കിം ഒളിച്ചോടിയതാണെന്നും അതിനു കാരണക്കാരി അന്നയാണെന്നുമുള്ള ചാർച്ചക്കാരുടെ പരിഹാസം. ഒരു ആശ്വാസവാക്ക് എവിടെനിന്നും ലഭിച്ചില്ല.

പക്ഷേ, അന്ന തളർന്നില്ല. അവൾ തന്റെ ദീവ്രദുഃഖം അതുപോലെതന്നെ ദൈവത്തിനുമുമ്പിൽ നിരത്തി. ഈറനണിഞ്ഞ കണ്ണുമായി മുട്ടിൽനിന്നുകൊണ്ടു പ്രാർത്ഥിച്ചു. ദൈവമേ, ഞാൻ അപമാനിതയായിരിക്കുന്നു. ഞങ്ങളുടെ പിതാമഹനായ അബ്രഹാമിനും സാറായ്ക്കും വാർദ്ധക്യത്തിൽ അങ്ങ് കുഞ്ഞിനെ നല്കി. ഞാനും ജൊവാക്കിമും മക്കളില്ലാത്തതിന്റെ പേരിൽ അപമാനിതരാകാൻ ഇടയാക്കല്ലേ! തന്റെ മനസ്സിൽ നിറഞ്ഞുനിന്ന പരിഭവവും വേദനയും അവൾ ദൈവസന്നിധിയിൽ സമർപ്പിച്ചു.

ദീർഘനേരത്തെ പ്രാർത്ഥനയ്ക്കൊടുവിൽ തളർന്ന് മുട്ടിന്മേൽ തല ചായ്ച്ച് അവൾ ഉറങ്ങിപ്പോയി.

"മോളേ, അന്നേ," തന്നെ ആരോ വിളിക്കുന്നതുകേട്ടാണ് അന്ന ഉണർന്നത്. അവൾ കണ്ണുകൾ ഉയർത്തി നോക്കി. അതാ ഒരു തേജോരൂപം മുന്നിൽ. അതേ, ഒരു മാലാഖ! ദൈവദൂതന്റെ വാക്കുകൾക്ക് അന്ന ചെവിയോർത്തു.

"അന്നേ, നിന്റെ പ്രാർത്ഥന ദൈവം കേട്ടു. അവിടുന്ന് നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. നിന്റെ ദുഃഖവും അപമാനവും ഉടനെ നീങ്ങും."

അന്ന ദൈവത്തിനു നന്ദിപറഞ്ഞു കണ്ണുകളടച്ചു കൈകൾ കൂപ്പി. മാലാഖ ജൊവാക്കിമിനും ദർശനം നല്കി. ജൊവാക്കിം സന്തോഷത്തോടെ ഭവനത്തിലേക്കു മടങ്ങി.

അന്ന - ജൊവാക്കിം ദമ്പതികൾക്ക് ദർശനം നല്കിയ മാലാഖ ഗബ്രിയേൽ ദൈവദൂതനാണെന്നാണ് പാരമ്പര്യം. ■

ക്രിസ്മസ് പുതുവത്സരാംശകൾ!

Thanks to the whole -hearted support and co-operation for the past few years

SURYA DRUGS

Room No. 3K, Puthumana Tower, PALA P.O., Kottayam Dist.

Ph: 04822- 201977(O)


WHOLESALE PHARMACY IN PALA HAVING FULL RANGE OF SURGICAL EQUIPMENTS, DENTAL PRODUCTS & GENERAL MEDICINES




ഡിസംബർ 26
പിറവിക്കാലം
ഒന്നാം ഞായർ

ഉത്പത്തി 18: 1-8
ഏശയ്യ 11: 1 -12
റോമ 15: 7-13
വി. മത്താ 2: 1-12

# ദൈവാരാധനയുടെ ജ്ഞാനവഴികൾ



മാർ ജേക്കബ് മുരിക്കൻ

പിറവിക്കാലത്തെ ഒന്നാം ഞായറാഴ്ച ഈശോമിശിഹായാകുന്ന ലോകരക്ഷകനെ കണ്ടുമുട്ടുന്ന സന്തോഷത്തെയാണു തിരുസ്സഭാമാതാവ് നമ്മുടെ ഓർമയിൽ കൊണ്ടുവരുന്നത്. ദൈവാരാധനയിൽ ഈ സന്തോഷം നാം അനുഭവിക്കുന്നു.

ആദ്യവായന ഉത്പത്തിപ്പുസ്തകത്തിൽ അബ്രാഹം അപരിചിതരായ അതിഥികളെ സ്വീകരിക്കുന്ന വിവരണമാണ്. യാത്രക്കാർക്കു ഭക്ഷണത്തിനോ വിശ്രമത്തിനോ സൗകര്യങ്ങളില്ലാതിരുന്ന കാലത്ത് വെയിലേറ്റു ക്ഷീണിച്ചുനടന്നുവരുന്ന യാത്രക്കാർക്കു ഭക്ഷണവും വിശ്രമവും ഒരുക്കുന്നത് ദൈവപ്രീതിക്കു കാരണമായ സുകൃതമായിരുന്നു. സഹോദരങ്ങളിൽ, വിശിഷ്യാ, അത്യാവശ്യത്തിലായിരിക്കുന്നവരിൽ ദൈവത്തെക്കണ്ടു പരിചരിക്കുകവഴി അബ്രാഹം അക്ഷരാർത്ഥത്തിൽ ദൈവത്തെത്തന്നെ കണ്ടു. ദൈവഹിതം നിറവേറ്റുമ്പോൾ മനുഷ്യനു ദൈവാനുഭവം കരഗതമാകുന്നു. അബ്രാഹത്തിന് ഒരു മകൻ ജനിക്കുമെന്നു മുമ്പു ദൈവം നൽകിയ വാഗ്ദാനം അതിഥികൾ ആവർത്തിക്കുമ്പോൾ അബ്രാഹം അവരിൽ ദൈവത്തെ കണ്ടു. ലോകത്തിലേക്കുവന്ന രക്ഷകനായ ഈശോ കാലിത്തൊഴുത്തിലാണു ജനിച്ചത്. കാലിത്തൊഴുത്തിന്റെ വെളിച്ചം കാണണമെങ്കിൽ നമ്മുടെ ഉള്ള് തെളിച്ചമുള്ളതാകണം. അത്യാവശ്യത്തിലായിരിക്കുന്നവനെ സഹായിക്കുന്ന ഹൃദയത്തിനാണ് ആത്മാർത്ഥമായ ദൈവാരാധന അർപ്പിക്കാനാവുന്നത്. ദൈവാരാധന കർമാനുഷ്ഠാനങ്ങളുടെ കെട്ടുപാടുകളിൽ കുടുങ്ങാതെ സുകൃതാനുഷ്ഠാനങ്ങളിലേക്കു കടക്കണം. സ്വർഗത്തിൽനിന്നിറങ്ങിവന്ന മുറിക്കപ്പെട്ട അപ്പമായ ഈശോ മുറിക്കപ്പെട്ടവരിൽ തന്റെ സാന്നിധ്യമുറപ്പിക്കുമ്പോൾ, അബ്രാഹത്തെപ്പോലെ അത്യാവശ്യക്കാരെ പരിചരിക്കുമ്പോൾ, അത് ദൈവത്തിനു സംപ്രീതമായ ബലിയാകുന്നു. പരി. കുർബാനയുടെ ആഘോഷംവഴി ദൈവത്തിനു സംപ്രീതമായവ തിരിച്ചറിയാനും അവ അനുവർത്തിക്കാനുമുള്ള കൃപാവരത്തിനു നാം യോഗ്യരാകുന്നു.



രണ്ടാം വായന ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നാണ്. ജെസ്സെയുടെ കുറ്റിയിൽനിന്നു കിളിർത്തുവരുന്ന മുള സമസ്തജനപദങ്ങൾക്കും രക്ഷയൊരുക്കുമെന്നുള്ളതു പ്രവചനങ്ങളുടെ സാക്ഷാത്കാരമാണ്. ഈശോമിശിഹായിൽ ഇത് സമ്പൂർണമാകുന്നു. എല്ലാ ഭാവാത്മകമൂല്യങ്ങളും നിറഞ്ഞുനിൽക്കുന്ന ജീവിതമേഖലയാണു തുറക്കപ്പെടുന്നത്. ആദിമാതാപിതാക്കളുടെ പാപംമൂലം പ്രകൃതിയിൽ സംഭവിച്ച അനൈക്യവും സംഘർഷങ്ങളുമെല്ലാം മിശിഹായുടെ പരിത്രാണകർമങ്ങളുടെ ഫലമായി ലഭിച്ച അനുരഞ്ജനത്തിലൂടെ പരിണാമത്തിനു വിധേയമായി. ആദിപാപത്തിനുമുമ്പു പ്രകൃതിയിലുണ്ടായിരുന്ന അവസ്ഥയുടെ പുനഃപ്രതിഷ്ഠ സാധ്യമാകുന്നു. ചെന്നായും ആട്ടിൻകുട്ടിയും ഒന്നിച്ചു വസിക്കുമെന്ന വിവരണം ഈ പുതിയ വ്യവസ്ഥയുടെ പ്രതിഫലനമാണ്. രക്ഷയുടെ സുവിശേഷം എല്ലാവരും എല്ലായിടത്തും സ്വീകരിക്കുമ്പോൾ ഈ അനുരഞ്ജനം അനുഭവവേദ്യമാകും. മിശിഹായിൽ എല്ലാവരും ഒന്നിക്കപ്പെടും. വിപരീതവും വിരുദ്ധവുമായവ അനുരഞ്ജനത്തിലൂടെ സുവിശേഷത്തിന്റെ ശക്തിയാൽ പൂർണമായും മിശിഹായിൽ സാഹോദര്യത്തിന്റെ ഐക്യം നേടുന്നു. ഈ അനുരഞ്ജനം പൂർണത പ്രാപിക്കുന്നത് മിശിഹായുടെ പ്രത്യാഗമനത്തിലാണ്. പരി. കുർബാനയിൽ ഈ അനുരഞ്ജനത്തിന്റെ മുന്നാസ്വാദനം ഭൂമിയിൽ നാം അനുഭവിക്കുന്നു.

ജനതകൾക്കു കർത്താവിലുള്ള പ്രത്യാശയാണ് റോമാ ലേഖനം മൂന്നാം വായനയിലൂടെ വ്യക്തമാക്കിത്തരുന്നത്. ഈശോമിശിഹായിൽ വിശ്വസിക്കുന്നവർ ഒറ്റസമൂഹമാണ്. അവർക്കിടയിൽ സ്വജാതീയ-വിജാതീയ വേർതിരിവോ വ്യത്യാസങ്ങളോ ഇല്ല. ആരും മാറ്റിനിർത്തപ്പെടാനിടയാകാത്തവിധം മിശിഹായിലുള്ള വിശ്വാസം മനുഷ്യനെ ഐക്യപ്പെടുത്തുന്നു. എല്ലാവരും മിശിഹായുടെ സുവിശേഷത്തിന്റെ കണ്ണികളാൽ പരസ്പരം കോർത്തിണക്കപ്പെടുന്നു. മിശിഹായുടെ വാഴ്ചയിൽ ഭൂമിയിൽ സാക്ഷാത്തായ സമാധാനവും സന്തോഷവും ക്ഷേമവും ലഭ്യമാക്കപ്പെടും. സ്രഷ്ടാവായ ദൈവത്തിനു പരമപ്രാധാന്യം കൊടുക്കുകയും അവിടുത്തെ സന്നിധിയിൽ വിശ്വസ്തരായിരിക്കുകയുമാണ് ദൈവൈക്യത്തിനുള്ള മാർഗം. സൃഷ്ടിയായത് സ്രഷ്ടാവിനെ ആരാധിക്കുകയും സർവവതും അവിടുത്തേക്കു കീഴ്പ്പെടുകയുംവഴി മനുഷ്യൻ സ്വാർത്ഥമായവയിൽനിന്നു പുറത്തുകടന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കും. ദൈവമക്കളുടെ ഈ കൂട്ടായ്മയുടെ ആനന്ദമാണ് ദൈവാരാധനയിലൂടെ മനുഷ്യൻ അനുഭവിക്കുന്നത്.

വി. മത്തായിയുടെ സുവിശേഷത്തിൽ ജ്ഞാനികളുടെ സന്ദർശനമാണു വിവരിക്കുന്നത്. പൗരസ്ത്യരായ ജ്ഞാനികൾ ലോകരക്ഷകനെക്കണ്ട് ആരാധിക്കാൻ പുറപ്പെടുകയായിരുന്നു. ആകാശത്തിലെ നക്ഷത്രമാണ് അവർക്കു വെളിപാടു നൽകിയത്. ജ്ഞാനികൾ രാജാവായ ഹേറോദേസിന്റെ കൊട്ടാരത്തിലെത്തി രക്ഷകനെപ്പറ്റിയുള്ള എന്തെങ്കിലും അറിവു ലഭിക്കുമോയെന്ന് ആരാഞ്ഞു. എന്നാൽ, രക്ഷകനെപ്പറ്റിയുള്ള ഒരു ജ്ഞാനവും നൽകാനാവാത്തവിധം ഹേറോദേസ് അജ്ഞാനിയായി. ലോകത്തിന്റെ രാജാവിനു വിണ്ണിന്റെ രാജാവിനെപ്പറ്റി യാതൊരു അറിവും ഉണ്ടായില്ല എന്നുള്ളത് അതിശയകരമല്ലെങ്കിലും ദൈവികതയില്ലാത്ത രാജത്വം അപകടകരവും അപകവുമാണെന്ന് ഹേറോദേസിന്റെ തുടർനടപടികൾ തെളിയിച്ചു.

പൗരസ്ത്യജ്ഞാനികൾ രക്ഷകനെക്കണ്ട് ആരാധിച്ചു തിരിച്ചുപോയത് പുതിയ പാതയിലൂടെയാണ്. ഹേറോദേസിന്റെ കൊട്ടാരം ഒഴിവാക്കിയുള്ള സഞ്ചാരമായിരുന്നു അവരുടേത്. ഭൂമിയിലെ യാത്രയിൽ ഒഴിവാക്കപ്പെടേണ്ട ചില ഇടങ്ങൾ ഉണ്ടെന്നു ജ്ഞാനികൾ പഠിപ്പിക്കുന്നു. അതു മൃത്യുവിന്റെയും പാപത്തിന്റെയും ഇടങ്ങളാണ്. രക്ഷകനെക്കണ്ട് കാഴ്ചയർപ്പിക്കുന്ന ജ്ഞാനികൾ അവിടുത്തെ ദൈവത്വം ഏറ്റുപറയുകയും അംഗീകരിക്കുകയുമാണു ചെയ്തത്. ഈശോമിശിഹാ കർത്താവാണെന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും അധരംകൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നവരാണ് യഥാർത്ഥ ആരാധകർ. ഹൃദയപരമാർത്ഥതയോടെ ലോകരക്ഷകനെ അന്വേഷിച്ച ജ്ഞാനികൾക്ക് ആരാധനയിലൂടെ ജീവനിലേക്കുള്ള വഴിയറിയാനും അനുഭവിക്കാനും സാധിച്ചു.

■

ക്രിസ്മസ് - പുതുവത്സരാശംസകൾ

മംഗളമുഹൂർത്തങ്ങൾക്കു
തൃപ്തികരമായ വിഭവങ്ങളുമായി

തൃപ്തി
കേറ്ററിംഗ് സർവ്വീസ്
മേവട
Mobile : 9495165034, 9744741102

ഭക്ഷണപദാർത്ഥങ്ങൾ ഓർഡർ അനുസരിച്ച്
കൃത്യസമയത്ത് മിതമായ നിരക്കിൽ
എത്തിച്ചുകൊടുക്കുന്നു.



# സംഗീതം ജീവിതതപസ്യയാക്കിയ തോപ്പിൽ ആന്റോ



ജോൺ കച്ചിറമറ്റം

തോപ്പിൽ ആന്റോയുടെ നിര്യാണത്തോടെ കഴിഞ്ഞ തലമുറയിലെ സർഗധനനായ ഒരു ഗായകനെക്കൂടി നമുക്കു നഷ്ടമായിരിക്കുന്നു. ഗായകൻ മാത്രമല്ല, ഒരു സംഗീതസംവിധായകൻകൂടിയായിരുന്നു അദ്ദേഹം.

ആന്റോയുടെ ജന്മസ്ഥലം ഇടപ്പള്ളിയാണ്. പുരാതന ഇടത്തരം കത്തോലിക്കാക്കുടുംബത്തിലെ തോപ്പിൽ ജോസഫ് കുഞ്ഞാപ്പുവിന്റെയും വരാപ്പുഴ പുളിക്കൽ ഏലിയാമ്മയുടെയും പുത്രനായി 1940 ജൂണ് 6 നു ജനിച്ചു. നല്ല ശബ്ദത്തിന്റെ ഉടമയായിരുന്ന മാതാവ് പണ്ടത്തെ ക്രിസ്തീയഗാനങ്ങൾ നന്നായി പാടുമായിരുന്നു.

ആന്റോ ഇടപ്പള്ളി സെന്റ് ജോർജ് മിഡിൽ സ്കൂളിൽ ഏഴാം ക്ലാസുവരെ പഠിച്ചു. അന്ന് സ്കൂൾ ഫീസുള്ള കാലമായിരുന്നു. സാമ്പത്തികമായി പിന്നാക്കമായിരുന്നതുകൊണ്ടും പിതാവ് തുന്നൽപ്പണി ഉപേക്ഷിച്ച് ചവിട്ടുനാടകം കളിച്ചുനടന്നിരുന്നതുകൊണ്ടും കുടുംബം ദാരിദ്ര്യത്തിലേക്കു കൂപ്പുകുത്തി. സംഗീതവാസനയാണ് പിതാവിന്റെയും മാതാവിന്റെയും സ്വത്തായി ആന്റോയ്ക്കു ലഭിച്ചത്.

വിദ്യാഭ്യാസകാലത്ത് സ്കൂൾ മീറ്റിങ്ങുകളിൽ ആന്റോ പാട്ടുകൾ പാടുമായിരുന്നു. അക്കാലത്ത് ഇടപ്പള്ളിയിൽ കോമള മ്യൂസിക്കൽ ആർട്സ് എന്ന പേരിൽ ഒരു ക്ലബ് ആരംഭിച്ചിരുന്നു. അന്നത്തെ പ്രശസ്തരായ ജോർജ് വക്കൻ ഭാഗവതർ, പാപ്പുക്കുട്ടി ഭാഗവതർ, അഗസ്റ്റിൻ ജോസഫ് ആശാൻ തുടങ്ങിയവരുടെ പാട്ടുകൾ ആ ക്ലബ്ബിൽ നിന്നു കേട്ടുവളർന്ന ആന്റോ സംഗീതമാണ് തന്റെ കർമമാർഗമെന്നു തിരിച്ചറിഞ്ഞ് ആ രംഗത്തേക്കു പതിയെ ചുവടുകൾ വച്ചു. അങ്ങനെ 1954 -1955 കാലഘട്ടത്തിൽ ആന്റോയും ഇടപ്പള്ളിയിലും സമീപപ്രദേശങ്ങളിലും സംഗീതപരിപാടികൾ നടത്തിത്തുടങ്ങി.

അക്കാലത്തുതന്നെ എറണാകുളം കേന്ദ്രമാക്കി ടാൻസൻ മ്യൂസിക്കൽ എന്ന ഒരു സ്ഥാപനം പ്രവർത്തിച്ചിരുന്നു. ഇവിടെ ചിട്ടയോടുകൂടി സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്തിരുന്ന കലാകാരന്മാരിൽനിന്നു ആന്റോ പല കാര്യങ്ങളും മനസ്സിലാക്കി. ഇതിനിടെ മകൻ ഒരു തൊഴിൽ വശമാക്കണമെന്നുള്ള അപ്പന്റെ ആഗ്രഹമനുസരിച്ച് മൂത്ത സഹോദരീഭർത്താവ് തമിഴ്നാട്ടിലെ ഉട്ടുലപേട്ടയിലുള്ള മെക്കാനിക് വർക്ക്ഷോപ്പിലേക്ക് ആന്റോയെ അയച്ചു. പക്ഷേ, അവിടെ ഉട്ടുമലൈ എന്ന സ്ഥലത്തു നടന്ന 'നൽപൻ' എന്ന നാടകത്തിൽ പിന്നണി പാടാൻ അവസരം ലഭിച്ചതിനെത്തുടർന്ന് ആന്റോ അവിടെയുള്ള സംഗീത സംഘത്തിൽ ചേർന്നു. തുടർന്ന് എറണാകുളത്തു മടങ്ങിയെത്തി കലാരംഗത്തു സജീവമായി. 1957 ൽ നാടകാചാര്യനായ സി.ജെ. തോമസിന്റെ 'വിഷവൃക്ഷം' എന്ന നാടകത്തിൽ പിന്നണി ഗായകനാകാൻ അവസരം ലഭിച്ചു. കേന്ദ്രമന്ത്രി ശ്രീ എ.സി. ജോർജാണ് അതിനു സാഹചര്യം സൃഷ്ടിച്ചത്.

ഇടപ്പള്ളിപ്പള്ളിയിലെ ഒരു പരിപാടിയിൽ പിന്നണി പാടുന്ന അവസരത്തിൽ എ.സി. ജോർജിന്റെ അനുജൻ എ.സി. ജോണി ആ പരിപാടിയിലെ മുഖ്യകഥാപാത്രമായി അഭിനയിച്ചിരുന്നു. അദ്ദേഹമാണ് ഈ നാടകത്തിന്റെ നോട്ടീസിൽ തോപ്പിൽ ആന്റോ എന്നു പേരിട്ടു പ്രസിദ്ധപ്പെടുത്തിയത്. പിന്നീട് ഈ പേര് കേരളത്തിനകത്തും പുറത്തും പ്രസിദ്ധമായിത്തീർന്നു.



ആദ്യകാലത്ത് അമച്വർ നാടകങ്ങളിൽ പാടിയിരുന്ന തോപ്പിൽ ആന്റോ പിന്നീട് പ്രൊഫഷണൽ നാടകങ്ങളിലേക്കും സിനിമകളിലേക്കും കടന്നു. സി.ജെ. തോമസിന്റെ വിഷവൃക്ഷമാണ് ആന്റോ ആദ്യമായി പാടിയ പ്രഫഷണൽ നാടകം. ഫാദർ ഡാമിയൻ എന്ന ചിത്രത്തിലൂടെ സിനിമാരംഗത്തെത്തി. 2017 ൽ പുറത്തിറങ്ങിയ ഹണീബി 2 ആണ് ആന്റോ ഗായകനായ അവസാനസിനിമ. അനുഭവങ്ങളേ നന്ദി (1979), വീണപൂവ് (1983), എല്ലാവർക്കും നന്മകൾ (1980) തുടങ്ങിയ സിനിമകളിലും പാടിയിട്ടുണ്ട്. ആന്റോ നയിച്ച കൊച്ചിൻ ബാൻഡോർ എന്ന ഗാനമേളട്രൂപ്പ് പ്രഗല്ഭരും പ്രശസ്തരുമായ നിരവധി കലാകാരന്മാരെ വളർത്തിയെടുക്കുന്നതിൽ നല്ല പങ്കു വഹിച്ചിട്ടുണ്ട്.

കേരള സംഗീത നാടക അക്കാദമി ജനറൽ കൗൺസിൽ മെമ്പർ, എക്സിക്യൂട്ടീവ് മെമ്പർ, നാടക ഓർക്കസ്ട്രാ സംവിധായകൻ എന്നീ നിലകളിലും ആന്റോ പ്രവർത്തിച്ചിട്ടുണ്ട്. ജീവൻ ടി.വി. സംപ്രേഷണം ചെയ്ത 'നാടകമേ ഉലകം' എന്ന പരമ്പരയുടെ പ്രോഗ്രാം കോർഡിനേറ്ററായിരുന്നു. 1950-1960 കളിൽ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിനു പ്രചോദനമായ മലയാളനാടകവേദിയെ ഇന്നത്തെ യുവതലമുറയ്ക്കു പരിചയപ്പെടുത്തുന്ന ആ പ്രോഗ്രാമിൽ മലയാളനാടകവേദിയിലെ അതികായന്മാർ, നടീനടന്മാർ, നാടകാചാര്യന്മാർ, സംഗീതസംവിധായകർ, ഗാനരചയിതാക്കൾ തുടങ്ങിയവർക്കൊപ്പം മലയാളിക്ക് ഒരിക്കലും മറക്കാനാവാത്ത നിരവധി അനശ്വരഗാനങ്ങളും പുനരാവിഷ്കരിക്കപ്പെടുകയുണ്ടായി.

**ഡിസംബർ 4 ന് അന്തരിച്ച പ്രശസ്തഗായകൻ തോപ്പിൽ ആന്റോയെക്കുറിച്ച്**

കേരള സംഗീതനാടക അക്കാദമിയുടെ 1983 ലെ ലളിതഗാനഗായകനുള്ള അവാർഡുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. അനശ്വരനായ ആ കലാകാരന്റെ പാവനസ്മരണയ്ക്കുമുമ്പിൽ കൂപ്പുകൈ!

## കൈവല്യദായകൻ

ജോർജുകുട്ടി താവളം



മാമരംകോച്ചും തണുപ്പുള്ള രാത്രിയിൽ
താമരമൊട്ടുപോൽ നല്ലൊരുണ്ണി
കൈകാലിളക്കിച്ചെറുപുഞ്ചിരിയുമായ്
വൈക്കോൽക്കിടക്കയിന്മേൽ ശയിപ്പൂ.

മുന്നമേ സർവേശൻ നൽകിയ വാഗ്ദാനം
തന്നുടെ പൂർത്തീകരണമായി
ദൈവപിതാവിൻ സുതനായി ഭൂമിയിൽ
കൈവല്യദായകൻ വന്നണഞ്ഞു.

എത്രയോ കാലമായ് കാത്തീരുന്നീശ്വര
പുത്രനെക്കാണാൻ തലമുറകൾ
വന്നെത്തിയാ ധന്യനാളീ ധരണിയി-
ലെന്നതിൻ സന്തോഷമെത്രയെന്നോ.

അന്ധകാരത്തിലലയുവോർ നേരായ
പന്ഥാവു കണ്ടു ചരിച്ചിടുവാൻ
സത്യപ്രകാശമയച്ചു മനങ്ങളെ
നിത്യപ്രശോഭിതമാക്കിടാനും

കന്യകാസൂനുവായെത്തിയീമന്നിന്റെ
പുണ്യമെന്നുള്ളതറിഞ്ഞ മർത്യൻ
ആനന്ദനൃത്തച്ചുവടുകൾ വച്ചു നൽ
ഗാനങ്ങളാലപിച്ചാനിശയിൽ.




# പ്രപഞ്ചത്തെ വിശുദ്ധീകരിക്കാൻ പിറവിയെടുത്തവൻ





ഫാ. മാത്യു കോശി

ഡിസംബർ മനോഹരമായ മാസമാണ്. പ്രകൃതി ആകർഷണീയമായ ഒരു സംക്രമണത്തിലേക്കു പ്രവേശിക്കുന്ന കാലം. ഇലകൾ പൊഴിച്ചു നിൽക്കുന്ന വൃക്ഷങ്ങൾ വസന്തകാലത്തെ വരവേൽക്കുവാൻ തയ്യാറെടുക്കുന്നു. മഞ്ഞിന്റെ കുളിർമയുള്ള പകലുകൾ! എവിടെയും നക്ഷത്രവിളക്കുകളും ദീപാലങ്കാരങ്ങളും; ഉണ്ണിയേശുവിന്റെ ദിവ്യജനനം വൈവിധ്യമാർന്ന രീതിയിൽ ലോകമെങ്ങും ആഘോഷിക്കുന്നു.

ക്രിസ്മസ് ചിന്തകൾ ധാരാളമുണ്ട്. അതിൽ രണ്ടു ചിന്തകൾ നമുക്കു പരിശോധിക്കാം. കന്യകാജനനം ചരിത്രത്തിൽ ഒരിക്കൽ മാത്രം സംഭവിച്ച ദൈവത്തിന്റെ ഇടപെടലാണ്. ഇതിനെപ്പറ്റി നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ സൂചനകൾ നൽകപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ തിരുജനനത്തിന് എഴുനൂറു വർഷംമുമ്പു ജീവിച്ചിരുന്ന പ്രവാചകനായ ഏശയ്യ കന്യകാജനനം സംഭവിക്കുമെന്നു പ്രവചിച്ചു: "അതുകൊണ്ടു കർത്താവുതന്നെ നിങ്ങൾക്ക് ഒരു അടയാളം തരും; കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും" (ഏശയ്യ. 7:14).

ഇവിടെ കന്യക ഗർഭം ധരിക്കുന്ന സ്വാഭാവിക മനുഷ്യപ്രകിയയെക്കുറിച്ചല്ല സൂചിപ്പിക്കുന്നത്. പകരം സ്ത്രീപുരുഷസംയോഗം കൂടാതെ ദൈവത്തിന്റെ പരിശുദ്ധാത്മശക്തിയാൽ സംഭവിക്കുന്ന ഗർഭധാരണമാണത്. മാനവബോധത്തിനും യുക്തിക്കും അതീതമായ ഈ രഹസ്യത്തിൽ മാതാവിന്റെ കന്യകാത്വം സുരക്ഷിതമായി സ്ഥിതി ചെയ്യുന്നു. പരിശുദ്ധ കന്യകാമറിയം നിത്യകന്യകയാണെന്നുള്ള വിശ്വാസത്തിന്റെ അടിസ്ഥാനം 'കന്യകാത്വം' എന്ന സംഞ്ജയിലാണു രൂഢമൂലമായിരിക്കുന്നത്. 'കന്യകാത്വം' നൈർമല്യത്തിന്റെയും വിശുദ്ധിയുടെയും പ്രതീകമായിട്ടാണ് ക്രിസ്തീയചിന്തയിൽ പരിഗണിക്കപ്പെടുന്നത്. പരിശുദ്ധ മറിയത്തിന്റെ നിത്യകന്യകാത്വം ഓരോ വിശ്വാസിയും സ്വജീവിതത്തിൽ നിലനിർത്തേണ്ട വിശുദ്ധിയിലേക്കാണു വിരൽ ചൂണ്ടുന്നത്. ക്രിസ്തുവിന്റെ തിരുജനനം പ്രപഞ്ചത്തെയും മനുഷ്യനെയും വീണ്ടെടുക്കാനും വിശുദ്ധീകരിക്കാനും വേണ്ടിയുള്ളതായിരുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ ഏറ്റവും പ്രധാനം മനുഷ്യൻ നിരന്തരമായി നിലനിർത്തേണ്ട വിശുദ്ധീകരണംതന്നെയാണ്. മനുഷ്യവർഗത്തിന്റെ ഏറെ അടിയന്തരമായ ഇന്നത്തെ ആവശ്യവും ഇതുതന്നെയാണ്.

ക്രിസ്മസ് ചിന്തയിൽ രണ്ടാമത്തേത് ദർശനഭാഗ്യം ലഭിച്ചവരെപ്പറ്റിയുള്ളതാണ്. ഭരണാധികാരികളോ പ്രഭുക്കളോ മന്ത്രിപുംഗവരോ പുരോഹിതശ്രേഷ്ഠരോ ഒന്നുമായിരുന്നില്ല അവർ. ആടുകൾക്കൊപ്പം കാവൽ കിടന്നിരുന്ന ഇടയന്മാർക്കും കിഴക്കുനിന്നു വന്ന ജ്യോതിശാസ്ത്രജ്ഞർക്കും പിന്നെ കാലികൾക്കുമൊക്കെയായിരുന്നു തിരുജനനത്തിന്റെ സാക്ഷികളാകാൻ കഴിഞ്ഞത്. ജ്യോതിശാസ്ത്രജ്ഞർ തങ്ങളുടെ നക്ഷത്രപഠനങ്ങളിലൂടെ തിരുപ്പിറവി ഗ്രഹിച്ചതുമൂലമാണ് ദേശങ്ങളും കാലങ്ങളും കടന്ന് യഥാസമയം ബേത്ലഹേമിൽ എത്തിച്ചേർന്നത്. നിഷ്കളങ്കരായ ഇടയർ തങ്ങളുടെ ജോലിയുടെ മധ്യത്തിലാണു ദൈവദർശനഭാഗ്യത്തിനു യോഗ്യരായിത്തീരുന്നത്. ഈശ്വരദർശനം ആത്യന്തികമായി ദൈവത്തിന്റെ ഇച്ഛയിലുള്ള വെളിപ്പെടലാണ്. എന്നാൽ, മനുഷ്യന്റെ ഭാഗധേയം ഈ വെളിപ്പെടലിനുവേണ്ടിയുള്ള ആഗ്രഹവും പ്രയത്നവുമാണ്. ജ്യോതിശാസ്ത്രജ്ഞരുടെ അന്വേഷണപഥങ്ങളിൽ 'അദ്ഭുതജനനം' ദൈവം വെളിപ്പെടുത്തുന്നു. എല്ലാ മനുഷ്യപ്രയത്നങ്ങളുടെയും അന്വേഷണങ്ങളുടെയും പിന്നിൽ 'ഈശ്വരദർശനം' എന്ന ആത്മാർത്ഥമായ അഭിവാഞ്ഛ നിലനിൽക്കുന്നുവെങ്കിൽ അത് സാർത്ഥകമാകുമെന്നതാണു ചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടലുകളിൽ ദൃശ്യമാകുന്നത്. മനുഷ്യന്റെ ഏതു കർമപഥങ്ങളിലും ഇതിനുള്ള അവസരം ലഭ്യമായിരിക്കുന്നുവെന്നതാണ് ഇടയരും ജ്യോതിശാസ്ത്രജ്ഞരും ഓർമപ്പെടുത്തുന്നത്. ജീവിതത്തിന്റെ സമസ്തമേഖലകളിൽനിന്നും മനുഷ്യൻ ദൈവത്തെ പുറത്താക്കിയിരിക്കുന്നു. ശാസ്ത്രസാങ്കേതികജ്ഞാനം ദൈവചിന്തയ്ക്കു വിരുദ്ധമാണെന്ന ആത്മീകവാദം ശക്തിപ്രാപിച്ചുകഴിഞ്ഞു. എന്നാൽ, ദൈവത്തെക്കൂടാതെ സ്വയം ദൈവമായി വാഴാനുള്ള മനുഷ്യന്റെ പരിശ്രമങ്ങൾ തികച്ചും ആത്മഹത്യാപരമാണെന്ന സത്യം കാലം നമ്മെ പഠിപ്പിച്ചുകഴിഞ്ഞു. ദൈവത്തിലേക്കുള്ള മടങ്ങിവരവും ജീവിതപാതകളിലുള്ള ഈശ്വരാന്വേഷണവും മനുഷ്യവർഗത്തെ വീണ്ടും നന്മയിലേക്കും ദർശനസാഫല്യത്തിലേക്കും നയിക്കുകതന്നെ ചെയ്യും. ■



## കുട്ടികൾക്കാവശ്യം മൂല്യാധിഷ്ഠിത നേതൃപരിശീലനം


### കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി : വരുംതലമുറകളുടെ സമഗ്ര വളർച്ച ഉറപ്പുവരുത്താൻവേണ്ടി മൂല്യാധിഷ്ഠിതമായ നേതൃപരിശീലനം കുട്ടികൾക്കു നൽകാൻ കേരള കത്തോലിക്കാ വിദ്യാർത്ഥിസഖ്യം പ്രവർത്തകർ പ്രതിജ്ഞാബദ്ധരാകണമെന്ന് കെ.സി.ബി.സി. പ്രസിഡണ്ട് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. കെ.സി.എസ്.എൽ. സംസ്ഥാനതല ദിനാചരണവും മികച്ച അധ്യാപകർക്കുള്ള അവാർഡ് വിതരണവും പാലാരിവട്ടം പി.ഒ.സിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കെ.സി.എസ്.എൽ. സ്റ്റേറ്റ് പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ചാൾസ് ലിയോൺ, സിറിയക് നരിതൂക്കിൽ, മനോജ് ചാക്കോ എന്നിവർ പ്രസംഗിച്ചു. ഷെവ. പി.ടി. തോമസ് അവാർഡ് ജേതാവായ വി.വി. സെബാസ്റ്റ്യൻ (ഇടുക്കി രൂപത) ബെസ്റ്റ് സിസ്റ്റർ ആനിമേറ്ററായി തിരഞ്ഞെടുക്കപ്പെട്ട സി. ട്രീസ ജേക്കബ് എഫ്.സി.സി (തൃശ്ശൂർ) എന്നിവർ മറുപടിപ്രസംഗം നടത്തി. കേരളസഭയിലെ മൂന്നു റീത്തുകളിൽനിന്നുമായി നൂറിലേറെ രൂപതാഭാരവാഹികൾ പങ്കെടുത്തു.



## വായന




### SYRIAN IDENTITY

**THE ROLE OF KURAVILANGAD**

**Author** : James Puliurumpil
**Publishers** : MARC Publications, Kuravilangad
**Distributor** : OIRSI Vadavathoor
**Price** : ₹ 250

*This book highlights the premier position of the early Syrian Christian centre and her historic struggle to protect the Syrian identity of St. Thomas Christians down the centuries.*


### വിശുദ്ധ കുർബാനയുടെ വചനശുശ്രൂഷ

ഗ്രന്ഥകർത്താ : ഡോ. സൈറസ് വേലംപറമ്പിൽ
പ്രസാധനവും വിതരണവും : ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ്, വടവാതൂർ
വില : 225 രൂപ

*വിശുദ്ധഗ്രന്ഥ വായനാകേന്ദ്രീകൃതമായ ആരാധനക്രമ ആഘോഷങ്ങളുടെ ചട്ടക്കൂട്ടിൽനിന്നുകൊണ്ട്, ദൈവവചനത്തിന്റെ രക്ഷാകരപദ്ധതികൾ ദൈവജനത്തിന് ആത്മീയാനുഭവമായിത്തീരുന്ന വചനശുശ്രൂഷയുടെ ഉദ്ഭവത്തെക്കുറിച്ചുള്ള ദൈവശാസ്ത്രപഠനം.*




### മഹാത്മാഗാന്ധിയും മലയാളകവിതയും




ഗ്രന്ഥകർത്താ : ഷാജി മാലിപ്പാറ
പ്രസാധനം : എച്ച് & സി പബ്ലിഷിങ് ഹൗസ് തൃശൂർ
വിതരണം : എച്ച് & സി സ്റ്റോഴ്സ്
വില : 70 രൂപ

*ഗാന്ധിജിയെന്ന മഹാരഥന് കൈരളിയുടെ എഴുത്തുകാർ വാക്കുകൾകൊണ്ടു തീർത്ത അനശ്വരസ്മാരകങ്ങളിലൂടെയാണ് ഈ തീർത്ഥാടനം. നമ്മുടെ രാഷ്ട്രപിതാവിന്റെ ജീവിതവും ദർശനവും ശാന്തി മന്ത്രവുമൊക്കെ വായനക്കാർക്ക് ഇതിൽ കേൾക്കാം.*

# ഈശോ

## FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## 1 ജനി

ക്രിസ്ത്യാനിയുടെ വീടിന്റെ നാഥനായ, ബൈബിളിലെ ഈശോയുടെ ജീവിതത്തെക്കുറിച്ചുള്ള ധ്യാനചിന്തകൾ അവന്റെ രക്ഷാകരമായ പിറവിയിൽനിന്നു തുടങ്ങാം. പിറവിക്ക് എന്തു പ്രസക്തി എന്നു സന്ദേഹിക്കേണ്ട. കാലഭേദംകൂടാതെ പല കാര്യങ്ങളും പിറവിക്കു നമ്മെ പഠിപ്പിക്കാനുണ്ട്. മർത്ത്യരോട് അനുരൂപപ്പെടാനും അവരുടെ സന്തോഷസന്താപങ്ങളിൽ സഹയാത്രി



കനാകാനും ഒരു പിറവിയുടെ ആവശ്യമുണ്ടെന്ന് അവനറിഞ്ഞു. പഴയതും, പാപപങ്കിലവുമായിരുന്നതിനൊക്കെ പുതുമയുടെ പരിശുദ്ധസ്പർശം സമ്മാനിക്കാൻ അനുയോജ്യമായ ഒരു അസ്തിത്വം അവൻ സ്വീകരിച്ചു. പിറവിയിൽനിന്നു തുടങ്ങി അവന്റെ പ്രയാണം. നാളിതുവരെയുള്ള നമ്മുടെ ജീവിതയാത്രയ്ക്കും ഒരു പിറവിയിൽനിന്നായിരുന്നില്ലേ തുടക്കം? പെറ്റമ്മയുമായുള്ള പൊക്കിൾക്കൊടിബന്ധം മുറിഞ്ഞ്, അസ്വസ്ഥതയോടും നൊമ്പരത്തോടും തേങ്ങലോടുംകൂടി പുതുമകളിലേക്കുള്ള നമ്മുടെ പിറവി. അത്ര സുഖകരമൊന്നുമായിരുന്നില്ല അത്. പക്ഷേ, നമ്മുടെ പുതിയ അസ്തിത്വത്തിനും ആയുസ്സിനും അത് അനിവാര്യമായിരുന്നു.

പാപമൊഴികെ മറ്റെല്ലാറ്റിലും നമ്മെപ്പോലെയാകാൻ മണ്ണിൽ പിറന്നവനോട് അനുരൂപപ്പെടാനുള്ള കടമയാണ് ക്രിസ്ത്യാനികളായ നമുക്കുള്ളത്. അതുകൊണ്ടാണ് വീണ്ടും ജനിക്കണമെന്ന് അവൻ ആവശ്യപ്പെടുന്നതും. പിറവിയുടെ അനുഭവത്തിലും അവസ്ഥയിലും അനുനിമിഷം ജീവിക്കാനുള്ള ആഹ്വാനമാണത്. പ്രായപ്പഴക്കമുള്ള തഴക്കദോഷങ്ങളോടും പൈശാചിക പ്രവണതകളോടും നമ്മെ കൂട്ടിച്ചേർത്തിരിക്കുന്ന പൊക്കിൾക്കൊടികളെ മുറിച്ചുമാറ്റാം. നടന്നുവന്ന വഴികളിൽ നഷ്ടപ്പെട്ടുപോയ നൈർമല്യങ്ങളെ തേടിപ്പോയി തിരികെപ്പിടിക്കാം. തനിമയിലേക്കു തിരിച്ചുനടക്കാം. പിച്ചവച്ച നാളുകളിലെ പുഞ്ചിരിയുടെ പരിശുദ്ധിയിലേക്ക്, മാമ്മോദീസായിൽ പൊതിഞ്ഞ വസ്ത്രത്തിന്റെ വെണ്മയിലേക്ക്, ആദ്യകുർബാനയിൽ കൈയിലേന്തിയ മെഴുകുതിരിയുടെ മിഴിവിലേക്ക് മടങ്ങിപ്പോകാം. കാരണം, അവയിലൊക്കെ നാം പല വിധത്തിലും പിറന്നുവീഴുകയായിരുന്നു. സംസ്കാരച്ചുവയുള്ള സംസാരവും കഴമ്പുള്ള കർമങ്ങളും ചന്തമുള്ള ചിന്തകളും സ്വന്തമാക്കാം. നവീനതയുടെ സൗന്ദര്യവും സൗരഭ്യവുമുള്ള ഒരു ജീവിതശൈലി ഇനിമുതൽ നമുക്കുണ്ടാകട്ടെ. മൊഴികളുടെ മുന മാറ്റുക. ആത്മീയപോഷണത്തിനുപകരിക്കാത്ത പലതിനെയും ഒഴിവാക്കുകതന്നെ വേണം. നവീനവും നിർമലവുമായ ഒരു വ്യക്തിത്വത്തെ ആടയും ആഭരണവുമായി അണിയുക. അതേസമയം മറ്റുള്ളവരെയും പുതുമയിലേക്കു പിറക്കാനനുവദിക്കുക. ഒരു കൈക്കുഞ്ഞിന്റെ കണ്ണുകളിലെ തിളക്കവും പുഞ്ചിരിയിലെ പരിശുദ്ധിയും സ്വന്തമാക്കുക. അപ്പോൾ കാറ്റിനെപ്പോലെ കടമ്പകളില്ലാതെ, ആത്മീയസ്വാതന്ത്ര്യത്തോടെ ജീവിക്കാൻ നമുക്കു കഴിയും. ഒരു തളിരിലയുടെ തുമ്പ് സദാ ഓർമയിൽ തിരുകി സൂക്ഷിക്കാം. പ്രതിനിമിഷം പിന്നെയും പിറക്കണമെന്ന് അതു നമ്മെ ഓർമിപ്പിക്കാതിരിക്കില്ല. ക്രിസ്ത്യാനികളായ നമുക്ക് ഇനിമേൽ ഒരു പിറന്നാളല്ല, ഓരോ നാളും പിറന്നാളായിരിക്കും.

# അന്താരാഷ്ട്ര മനുഷ്യാവകാശ അവാർഡ് മലയാളി കന്യാസ്ത്രീ സി. ബെറ്റ്സി ദേവസ്യക്ക്



ഡൽഹി ആസ്ഥാനമായ ഇന്റർനാഷണൽ ഹ്യൂമൻ റൈറ്റ്സ് കൗൺസിലിന്റെ പതിനൊന്നാമത് അന്താരാഷ്ട്ര മനുഷ്യാവകാശ അവാർഡിന് മലയാളി കന്യാസ്ത്രീ സി. ബെറ്റ്സി ദേവസ്യ അർഹയായി. നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെ ആദിവാസിസ്ത്രീകളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾക്കാണ് ഹോളി ക്രോസ് സന്ന്യാസിനീസമൂഹാംഗമായ സി. ബെറ്റ്സി ദേവസ്യയെ അവാർഡിന് അർഹയാക്കിയത്. കഴിഞ്ഞ 30 വർഷത്തിലേറെയായി നോർത്ത് ഈസ്റ്റിലെ പാവപ്പെട്ടവരുടെയിടയിൽ നിസ്വാർത്ഥസേവനം ചെയ്തുകൊണ്ടിരിക്കുന്ന 74 വയസ്സുകാരിയായ സി.ബെറ്റ്സി കോട്ടയം ജില്ലയിലെ പുലിപ്പാറ ദേവസ്യയുടെയും റോസമ്മയുടെയും മകളാണ്.



ബേബി തദേവൂസ് ക്രൂസ്




മനോജ് ചാക്കോ



ബോബി ജോൺ

കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബേബി തദേവൂസ് ക്രൂസ് (വരാപ്പുഴ അതിരൂപത), ജനറൽ ഓർഗനൈസർ മനോജ് ചാക്കോ (ചങ്ങനാശേരി അതിരൂപത), ജനറൽ ട്രഷറർ ബോബി ജോൺ (മാവേലിക്കര രൂപത) എന്നിവർ.



## ആനന്ദിപ്പിൻ മാനവരേ

താവളം

ആനന്ദിപ്പിൻ മാനവരേ
ആഗതനായി ദൈവസുതൻ
അഖിലാണ്ഡേശ്വരനീമന്നിൽ
അഭയം നൽകാനെത്തിയിതാ.

ആരാധിപ്പിൻ രക്ഷകനെ
ആനന്ദമയം ഗീതികളാൽ
ആകാശത്തും ഭൂമിയിലും
അലതല്ലട്ടെ ഗാനങ്ങൾ.

ആലാപനമൊടു ചേർന്നീടൂ
ആകാശത്തെപ്പറവകളേ
അംബരതിങ്കൾത്താരകളേ
അചരചരങ്ങൾ സർവ്വതുമേ.

ആനന്ദത്തിൻ വാഗ്ദാനം
അരുളാനെത്തിയ രക്ഷകനേ
അക്ഷയമായി ഭവിക്കട്ടെ
അവിടുത്തെ സ്തുതിഗീതങ്ങൾ.


## Deepanalam Classifieds

**വധുവിനെ ആവശ്യമുണ്ട്**

27 വയസ്സുള്ള യുവാവ്. പാലാ രൂപതാംഗം. താത്കാലിക കേന്ദ്രഗവൺമെന്റ് ജീവനക്കാരൻ. എം.എസ്.സി ഗ്രാജുവേഷൻ. പാലാ രൂപതയിൽപ്പെട്ട ആർ.സി. യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**സിറിൻ സോണാ കൺസൾട്ടൻസി സെൻട്രൽ ജംഗ്ഷൻ കിടങ്ങൂർ:**
**ഫോൺ: 9387349991**

**സ്ഥലം വില്പനയ്ക്ക്**

ചെമ്പിളാവ് പള്ളിക്കു സമീപം 40 സെന്റ് സ്ഥലവും വാർക്കവീടും വില്പനയ്ക്ക്. വറ്റാത്ത വെള്ളം. വൈദ്യുതി, വാഹനസൗകര്യം.

ബന്ധപ്പെടുക.
**സിറിൻ സോണാ കൺസൾട്ടൻസി സെൻട്രൽ ജംഗ്ഷൻ കിടങ്ങൂർ**
**ഫോൺ: 9387349991**

**സമീപിക്കുക**

നല്ല വിവാഹാലോചനകൾക്കും വസ്തു വാങ്ങുന്നതിനും വിൽക്കുന്നതിനും സമീപിക്കുക.
**സിറിൻ സോണാ കൺസൾട്ടൻസി**
**പ്രൊപ്രൈറ്റർ: സിറിയക് കുരുവിള**
**ദൈവാലയശുശ്രൂഷി, മംഗളാരാം**
**ഫോൺ: 9387349991**



ക്രിസ്മസ് പുതുവത്സരാശംകൾ

**S.J. ആയുർവേദ ഫാർമസി**

പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ

**മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...**

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

**Please Contact:**
**Dr. K.V. Joseph DAM**
**Mob: 9447421216, 04822-214167**

# വിനയാന്വിതനായ മഹാകവി



ഡോ. സിറിയക് തോമസ്

ചങ്ങമ്പുഴയ്ക്കൊപ്പം എഴുതിത്തുടങ്ങിയ കവിയായിരുന്നു പാലാ നാരായണൻ നായർ. ഇടപ്പള്ളിക്കവിതകളിലുള്ളതുപോലെ സംഗീതാത്മകവും ലയാത്മകവുമായ കോമളകാവ്യഭാഷ പാലാകവിതകളിലും കാണാം. എന്നാൽ, ചങ്ങമ്പുഴയെപ്പോലെ സ്വകാര്യാനുഭവങ്ങളായിരുന്നില്ല പാലായുടെ കവിതകളുടെ കാതൽ. സമകാലിക സാമൂഹികാനുഭവങ്ങൾ ആത്മനിഷ്ഠമായി അവതരിപ്പിക്കുകയാണ് പാലാ ചെയ്തതെന്നു തോന്നുന്നു.

ആദ്യകാലത്തു പാലായും ചില പ്രണയകവിതകൾ എഴുതിയിട്ടുണ്ട് എന്നതു നിഷേധിക്കുന്നില്ല. എങ്കിലും പാലാസാർ ഒരു കവിപ്പട്ടം നേടിയത് 'കേരളം വളരുന്നു' എന്ന കാവ്യപരമ്പരയിലൂടെയാണ്. അതൊരു മഹാകാവ്യംതന്നെ.

കേരളത്തെ ഇത്ര ആരാധനയോടെ കണ്ട കവികൾ പാലായെപ്പോലെ അധികംപേരില്ല എന്നു ധൈര്യമായിപ്പറയാം. സമകാലികസമൂഹത്തിലെ മൂല്യച്യുതിയും ധാർമികാപചയവും പാലായെ എന്നും അസ്വസ്ഥനാക്കിയിരുന്നു. എല്ലാക്കാലത്തും കറകളഞ്ഞ ഒരു ദേശീയവാദിയായിരുന്നു പാലാ. വള്ളത്തോളിന്റെയും വെണ്ണിക്കുളത്തിന്റെയും നാലാങ്കൽ കൃഷ്ണപിള്ള സാറിന്റെയുമൊക്കെ സ്കൂളിൽപ്പെട്ട കവിയായിരുന്നു പാലാ നാരായണൻ നായർ സാറും. അകലെനിന്നു കേരളത്തിലേക്കു കണ്ണു പായിച്ചപ്പോഴാണ് പാലാസാർ കേരളത്തിന്റെ സൗന്ദര്യത്തെയും ചൈതന്യത്തെയും തിരിച്ചറിഞ്ഞതെന്നും പറയാം.

'ഇവിടെപ്പിറക്കുന്ന കാട്ടുപുല്ലിലുമുണ്ട്

ഭുവനം മയക്കുന്ന ചന്തവും സുഗന്ധവു'മെന്ന് പാലാ പാടി.

ഇവിടെക്കിടക്കുന്ന കാട്ടുകല്ലിലുമുണ്ട്

വിവിധ സനാതനചൈതന്യപ്രതീകങ്ങൾ' എന്നും പാലാ കണ്ടെത്തി.

ദേശീയത മുഖമുദ്രയാക്കിയ കവിയായിരുന്നു പാലാസാർ. ഒരർത്ഥത്തിൽ പാലാസാറും ഒരു ദേശീയ മഹാകവിതന്നെ.

പാലായ്ക്കു കേരളത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ പെറ്റമ്മയെക്കുറിച്ചുള്ള ബോധ്യംപോലെ പവിത്രമാണെന്നു പറഞ്ഞത് പ്രഭാഷകനും എഴുത്തുകാരനുമായിരുന്ന സി.പി. ശ്രീധരനാണ്.

ഭക്തിയുണർത്തുന്ന ആത്മീയസത്തയാണ് മഹാകവി പാലായ്ക്കു കേരളമെന്ന സത്യവും സംസ്കാരവും യാഥാർത്ഥ്യവും എന്നു പറയുവാൻ നമുക്കു രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല.

ഒരർത്ഥത്തിൽപ്പറഞ്ഞാൽ



*മഹാകവി പാലാ നാരായണൻ നായർ*

മഹാകവി കുഞ്ഞിരാമൻനായരെപ്പോലെ പാലായ്ക്കും കേരളം ഒരു ലഹരിയായിരുന്നു. പാലാ പക്ഷേ, പട്ടാളത്തിൽ പോയിട്ടുപോലും ഒരിക്കലും ലഹരി ഉപയോഗിക്കാത്ത ആളുമായിരുന്നല്ലോ.

പാലാ നാരായണൻനായർ സാറിന് വാക്കുകൾ വിളിപ്പുറത്തായിരുന്നു എന്നു പറയുമ്പോൾ വാഗ്ദേവത സാക്ഷാൽ സരസ്വതീദേവി അദ്ദേഹത്തിന് എന്നും സമീപസ്ഥയായിരുന്നുവെന്നുതന്നെ യാണർത്ഥം.

പാലാസാറുമായി നല്ല വ്യക്തിബന്ധവും, സൗഹൃദവും, അയൽപക്കബന്ധവും എനിക്കുണ്ടായിരുന്നു. വി.സി. ആയശേഷം ഞാൻ ആദ്യം ചെയ്ത കാര്യം അദ്ദേഹത്തെ എം.ജി. യൂണിവേഴ്സിറ്റിയിൽ ആദരിച്ചതാണ്. സാറിനതു വലിയ സന്തോഷമായി. അൽഫോൻസാ കോളജിൽ അദ്ദേഹം കുറച്ചുകാലം അധ്യാപകനായിരുന്നല്ലോ. സാറുമൊത്തുള്ള അക്കാലത്തെ സായാഹ്നസവാരികളും എന്റെ ഓർമയിലുണ്ട്.

പാലായുടെ വിനയമായിരുന്നു അദ്ദേഹത്തിന്റെ ധന്യത. കവിയെന്ന ധാർഷ്ട്യമോ അതിന്റെ അകൽച്ചയോ അദ്ദേഹത്തിന് ഒരിക്കലും ഉണ്ടായിട്ടില്ല.

പാലാസാറിനെപ്പോലെ വിനയാന്വിതനായ മറ്റൊരു കവിയും ഇന്നോളം കേരളത്തിൽ ഉണ്ടായിട്ടില്ല. ജന്മദേശത്തിന്റെ പേര് സ്വന്തം പേരിനോടു ചേർത്തുവച്ച് ഇത്രമേൽ അനശ്വരമാക്കിയ അധികം മഹാകവികളും മലയാളത്തിലില്ലല്ലോ.

മഹാകവിയുടെ നൂറ്റിപ്പതിനൊന്നാം ജന്മദിനത്തിൽ ആദരപൂർവ്വകമായ സ്നേഹപ്രണാമം.

*(ഗാന്ധിദർശൻ വേദിയുടെ ആഭിമുഖ്യത്തിൽ പാലാ കിഴതടിയൂർ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന "പാലായ്ക്ക് നൂറ്റിപ്പതിനൊന്ന്" സമ്മേളനത്തിലെ പ്രഭാഷണത്തിൽനിന്ന്.)*

## അടുക്കളത്തോട്ടമത്സരം : വിജയികളെ അനുമോദിച്ചു

പാലാ: കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത നടത്തിയ ഏഴാമത് അടുക്കളത്തോട്ടമത്സരത്തിലെ വിജയികൾക്ക് രാമപുരം ഫൊറോനാപ്പള്ളിയിൽ ചേർന്ന സമ്മേളനത്തിൽവച്ച് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മാനങ്ങൾ വിതരണം ചെയ്തു.

നീലൂർ ഇടവകാംഗമായ ഡൊമിനിക് ജോസഫ് മഠത്തിപ്പറമ്പിൽ കർഷകശ്രീ പുരസ്കാരത്തിന് അർഹനായി. ത്രേസ്യാമ്മ പാളിയിൽ, കോതനല്ലൂർ രണ്ടാം സമ്മാനത്തിനും ബീനാ മാത്യു വെട്ടിക്കത്തടം കാഞ്ഞിരത്താനം മൂന്നാം സ്ഥാനത്തിനും അർഹരായി. ഫ്രാൻസിസ് സ്കറിയ കൊച്ചുമലയിൽ, ഷിബു ജോസഫ് അമ്പഴത്തിങ്കൽ എന്നിവർ യഥാക്രമം നാലും അഞ്ചും സമ്മാനങ്ങൾ നേടി.

ടെറസ്സിലെ കൃഷിക്ക് ഒന്നാം സമ്മാനം



*കത്തോലിക്കാ കോൺഗ്രസ് നടത്തിയ അടുക്കളത്തോട്ടമത്സരത്തിലെ വിജയികൾ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിനൊപ്പം*

ജെസ്സി മാത്യു പാളിയിലും രണ്ടാം സമ്മാനം ലാലി ജോസഫ് കളപ്പുരയ്ക്കലും കരസ്ഥമാക്കി. പ്രോത്സാഹനസമ്മാനങ്ങൾ അനറ്റ് ബേബി അരുകുഴുപ്പിൽ, ഷെറി ജോൺസൺ തേങ്ങാപ്പാറയിൽ, ജോയി കെ. തോമസ് കളപ്പുരയ്ക്കൽ, പെണ്ണമ്മ സെബാസ്റ്റ്യൻ കിഴക്കിനകത്ത്, മാത്യു നെടുമ്പാനയിൽ, മേരി സെബാസ്റ്റ്യൻ തേനാശ്ശേരി, പീറ്റർ ഇരട്ടയാനി, ജോർജ് അഗസ്റ്റിൽ മാന്നാനത്ത്, രഞ്ചു കളപ്പുരയ്ക്കൽ, സെലിൽ എടേട്ട്, സണ്ണി ജോൺ ഇലവുങ്കൽ എന്നിവർ കരസ്ഥമാക്കി.

രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, സാജു അലക്സ്, എ. എം. ജോക്കബ്, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സാബു, സി.എം. ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു. രൂപത കർഷകവേദി കൺവീനർ ടോമി കണ്ണീറ്റുമ്യാലിൽ മത്സരപരിപാടികൾക്കു നേതൃത്വം നല്കി.



# വ്രതങ്ങളുടെ പുനർജന്മം



ഫാ. സിറിയക് കൊച്ചാലുങ്കൽ CST

മാനവരാശിയുടെ പ്രത്യാശയാണ് ക്രിസ്തുനാഥൻ. ആ പ്രത്യാശയുടെ ആഗമനത്തിനായി നാം വീണ്ടും ഒരുങ്ങുന്ന കാലഘട്ടമാണല്ലോ ഇരുപത്തിയഞ്ചു നോമ്പുകാലം. 'അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ ഒരു പ്രകാശം കണ്ടു' (ഏശയ്യാ. 4:16) എന്ന് ഏശയ്യാ പ്രവാചകൻ പറയുമ്പോൾ, അതു വരാനിരിക്കുന്ന രക്ഷകനെപ്പറ്റിയുള്ള, നിത്യപ്രകാശമായ യേശുവിനെപ്പറ്റിയുള്ള സൂചനയാണ്. അന്ധകാരത്തെ ആസ്വദിക്കുന്നവർ, അനുഭവിക്കുന്നവർ പ്രകാശത്തിന്റെ പ്രശോഭിതത്വം മനസ്സിലാക്കാത്തവരാണ്.

ഒത്തിരിയേറെ ജീവിതങ്ങൾ സമന്വയിക്കുന്ന വേളയാണ് ക്രിസ്മസ്. അമ്മയിൽ തുടങ്ങി, യൗസേപ്പിലൂടെ നസ്രത്തിൽ എത്തിനിൽക്കുന്ന ഒരു യാത്രയാണിത്. 'ആഘോഷങ്ങളുടെ ആഘോഷം' എന്നു നാമൊക്കെ വിളിക്കുന്ന ഈ മഹോത്സവം ക്രിസ്ത്വനുഭവത്തിലേക്ക് നമ്മെ എത്തിക്കണം.

## യൗസേപ്പ്: അനുഭവത്തിന്റെ അജപാലകൻ

യൗസേപ്പെന്ന എളിയ ദാസനിൽ നാം കാണുന്നത്, അറിവിനെ അതിശയിപ്പിക്കുന്ന അനുസരണമാണ്. ദൈവഹിതം നിറവേറ്റുന്നതാണ് ഏറ്റവും വലിയ ജ്ഞാനമെന്നു തിരിച്ചറിയുന്നവനാണ് യൗസേപ്പ്. 'അനുസരണം ബലിയെക്കാൾ ശ്രേഷ്ഠം' (1 സാമുവേൽ 15:22) എന്ന ദൈവവചനത്തിനു ജീവൻ നൽകിയവനാണ് യൗസേപ്പ്. സ്വപ്നങ്ങൾ കാണുന്നവൻ. സ്വപ്നങ്ങളെ അനുസരിക്കുന്നവൻ. അതിലുപരിയായി എല്ലാത്തിനും ദൈവഹിതം കണ്ടെത്തുന്നവൻ. അരൂപിയാൽ നയിക്കപ്പെടുന്നവനേ ഈ വരം ഉണ്ടാവൂ.

ദൈവഹിതത്തിനു ജീവൻ നല്കുന്നവരാകാൻ വിളിക്കപ്പെട്ടവരാണ് സന്ന്യസ്തർ. സമർപ്പണത്തെ, അനുസരണത്തിന്റെ പ്രകാശത്തിൽ കാണുന്നവർ. അനുസരണം സന്ന്യാസിയുടെ ഒരിക്കലും അവസാനിക്കാത്ത യാത്രയാണ്. 'നീ അവന് യേശു എന്നു പേരിടണം' (മത്തായി 1:21) എന്ന അറിയിപ്പ് യഥാർത്ഥത്തിൽ യൗസേപ്പിനു കർത്താവു നൽകുന്ന ഉറപ്പാണ്. സ്വന്തം മകനു പേരിടാനുള്ള അവകാശം കർത്താവ് അവനു നൽകി. പിതൃത്വം ഏറ്റെടുക്കാൻ കർത്താവു നൽകുന്ന അവകാശം. യഹൂദപാരമ്പര്യമനുസരിച്ച് അപ്പന്റെ എല്ലാ അവകാശവും കർത്താവ് യൗസേപ്പിനു നൽകി.

അനുസരിക്കുന്നവന്റെ മുമ്പിൽ ഒത്തിരി വാതിലുകളില്ല. എന്നാൽ, അനുസരിച്ചവന്റെ മുമ്പിൽ അവൻ അറിയാതെ വാതിലുകൾ തുറക്കപ്പെടും. യാത്ര കഠിനമായിരുന്നുവെങ്കിലും, മുമ്പേ നടന്ന യൗസേപ്പിനുമുമ്പിൽ ഒരിക്കലും വഴികൾ അടഞ്ഞില്ല. ചോദ്യങ്ങൾ ചോദിക്കാതെയുള്ള യാത്ര, എന്നാൽ ലക്ഷ്യംവച്ചുള്ള യാത്ര. ഇതായിരുന്നു യൗസേപ്പ് എന്ന വളർത്തപ്പൻ. പാലകനിൽ ഒതുങ്ങിനിൽക്കാത്ത യൗസേപ്പ് പാലകനിൽനിന്നു പിതാവിലേക്കുള്ള ദൂരം ഹ്രസ്വമെന്നു നമ്മെ പഠിപ്പിക്കുന്നു. സന്ന്യാസാനുസരണം യഥാർത്ഥത്തിൽ സ്വർഗീയപിതാവിലേക്കുള്ള യാത്രയാണ്. സംരക്ഷകനിൽനിന്നു സമർപ്പിതനിലേക്കു വളരാൻ അനുസരണമെന്ന വഴിയേ നമുക്കു മുമ്പിലുള്ളൂ.

## മറിയം: കന്യാത്വത്തിന്റെ കാവൽവിളക്ക്

കറയില്ലാത്തവളെ തേടിയെത്തുന്നു ഗബ്രിയേൽ എന്ന ദൈവത്തിന്റ ദൂതൻ. അവിടുന്ന് എത്തിയതോ 'ഞാൻ ഒരു കന്യകയാണ്' (ലൂക്കാ 1:34) എന്ന് സധൈര്യം പ്രഘോഷിക്കാൻ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞുനിൽക്കുന്നവളുടെ സന്നിധിയിൽ. തന്റെ പരിശുദ്ധിയെപ്പറ്റി അഗാധമായ ബോധ്യം വന്നവൾ, അത് സധൈര്യം ജീവിച്ചവൾ, പതറാതെ ദൈവദൂതന്റെ സന്നിധിയിൽ നിൽക്കുന്നവൾ. വിശുദ്ധിയെപ്പറ്റിയുള്ള അവബോധമാണ് കന്യാമാതാവിൽ നമുക്കു കാണാനാവുന്നത്. 'കൃപ നിറഞ്ഞവൾ' എന്ന അഭിസംബോധനതന്നെ മറിയത്തെ മറ്റുള്ളവരിൽനിന്നു മാറ്റിനിർത്തുന്നു. നാം മനസ്സിലാക്കേണ്ടതിതാണ്: 'രക്ഷയുടെ കവചമാണ് കന്യാത്വം.'

കന്യാത്വത്തെ അഭംഗുരം കാത്തുപരിപാലിച്ച മറിയം നമ്മെ ഓർമിപ്പിക്കുന്നതു മറ്റൊന്നല്ല; ക്രിസ്മസ് വിശുദ്ധിയുടെ പിറവിയാണ്, വിജയത്തിന്റെ പിറവിയാണ്. ഇമ്മാനുവേൽ എന്ന യേശുവിന് അമ്മ നൽകിയ 'പൊൻസമ്മാന'മാണ് അവളുടെ വിശുദ്ധി. സന്ന്യാസത്തിലൂടെ ലോകം പ്രതീക്ഷിക്കുന്നതും മറ്റൊന്നല്ല. 'എല്ലാം നന്നായിരിക്കുന്നു' എന്നു ദൈവം കണ്ട മനോഹരലോകമാണ് ഇന്ന് മറ്റൊരു സോദോം ഗൊമോറോ ആയിക്കൊണ്ടിരിക്കുന്നത്. നന്മയുടെ മരണമാണ് നാം ഇന്നു കാണുന്നത്. വിശുദ്ധി ഒരു ജീവിതശൈലിയാണ്. അമ്മയിൽനിന്ന് ഒരിക്കലും മാഞ്ഞുപോകാതിരുന്ന ആത്മീയജീവിതശൈലി. സന്ന്യസ്തർ കാണേണ്ടതും കണ്ടുപഠിക്കേണ്ടതും അമ്മയിൽനിന്നാണ്.

കൂടെ നടന്നവളാണ് അമ്മ. അനുഗമിക്കാൻ മടിയില്ലാത്തവൾ. ചോദിക്കാൻ മടിക്കാത്തവൾ. "നീ എന്തുകൊണ്ടാണ് ഇതു ഞങ്ങളോടു ചെയ്തത്. ഞാനും നിന്റെ പിതാവും വേദനയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു" (ലൂക്കാ 2:48). മൂന്നാംനാൾ ദൈവാലയത്തിൽ കണ്ടെത്തിയപ്പോൾ മകനോടു ചോദിച്ച ചോദ്യം. നഷ്ടപ്പെടലിന്റെ വേദന അറിഞ്ഞവളാണ് അമ്മ. എന്നാണ് നാം നഷ്ടപ്പെടലിന്റെ വേദന അറിയുക?



നിശ്ശബ്ദയായിരിക്കാൻ മടിക്കാത്തവളാണ് അമ്മ. എല്ലാം മനസ്സിൽ ധ്യാനിച്ച്, എല്ലാം മനസ്സിൽ ഏറ്റുനടക്കുന്ന അമ്മ. പറയാമായിരുന്നിട്ടും, പ്രതികരിക്കാമായിരുന്നിട്ടും നിശ്ശബ്ദയാകുവാൻ പഠിച്ച അമ്മ. അവളാണ് സന്ന്യാസമാതൃക. അമ്മയുടെ കന്യാത്വം ശാരീരികം മാത്രമായിരുന്നില്ല. അനുസരണത്തിലും ദാരിദ്ര്യത്തിലും കന്യകയായവൾ അമ്മയാണ്. സന്ന്യാസം പൂർണതയിൽ എത്തുന്നത് അനുസരണത്തിലും, ബ്രഹ്മചര്യത്തിലും ദാരിദ്ര്യത്തിലും കന്യകയാകുമ്പോളാണ്. ബ്രഹ്മചര്യം കാക്കാത്തവർ കന്യകമാർ അല്ല, അനുസരിക്കാത്തവർ കന്യകമാർ ആവില്ല, ദാരിദ്ര്യത്തെ പുല്കാത്തവർ കന്യകമാരാവില്ല. സന്ന്യാസജീവിതം യഥാർത്ഥത്തിൽ, പരിശുദ്ധ അമ്മയുടെ ജീവിതത്തിന്റെ പുനരാവർത്തനമാണ്.

## ഉണ്ണിയേശു: ദാരിദ്ര്യത്തിന്റെ പൊൻപ്രകാശം

"പുൽക്കൂട്ടിലെ പുണ്യമാണ് ദാരിദ്ര്യം." 'മനുഷ്യപുത്രനു തല ചായ്ക്കാൻ ഇടമില്ല' (മത്തായി 8:20) എന്നരുളിയ നാഥൻ കാലിത്തൊഴുത്തിൽനിന്നു നമുക്കു നൽകുന്ന വലിയൊരു സന്ദേശമുണ്ട്. യേശുവിനെ ദാരിദ്ര്യത്തിന്റെ കണ്ണിലൂടെ കാണാൻ അത്ര എളുപ്പമല്ല. ദാരിദ്ര്യത്തിൽനിന്നു ദാരിദ്ര്യത്തിലേക്കുള്ള യാത്രയായിരുന്നു യേശുവിന്റേത്. യൗസേപ്പും മാതാവും കണ്ടെത്തിയ സ്ഥലമല്ല പുൽക്കൂട്; മറിച്ച്, ദൈവം ഒരുക്കിയ സ്ഥലമാണ്. അവർ വഴിതെറ്റാതെ അവിടെയെത്തി എന്നതിലാണ് അവരുടെ ജീവിതത്തിന്റെ ധന്യത.

മുട്ടിയ വാതിലുകൾ തുറന്നിരുന്നുവെങ്കിൽ അവർ പുൽക്കൂട്ടിൽ എത്തില്ലായിരുന്നു. സന്ന്യാസജീവിതം ബെത്‌ലഹേമിന്റെ തനിപ്പകർപ്പാണ് അഥവാ തനിപ്പകർപ്പാകണം. ഇന്ന് സന്ന്യാസഭവനങ്ങൾ ബേത്‌ലഹേമിന്റെ പകർപ്പിനുപകരം തികവുകളുടെയും മികവുകളുടെയും പകർപ്പായി മാറ്റപ്പെട്ടിരിക്കുന്നു. ദാരിദ്ര്യം സന്ന്യസ്തരുടെ ആവരണമാകണം. മൂടുപടങ്ങൾക്ക് ഇന്നു സ്ഥാനമില്ല. അഴിച്ചുകളയേണ്ടതും തള്ളിക്കളയേണ്ടതും ഏറെയുണ്ട്. അതു ചെയ്താൽ മാത്രമേ ഉൾക്കൊള്ളേണ്ടത് ഉൾക്കൊള്ളാനാവൂ. സുരക്ഷിതത്വത്തിന്റെ കോട്ടയിൽ ജീവിക്കുന്ന കാവൽഭടന്മാരെപ്പോലെയാണു നാമിന്ന്.

ദൈവം ഒരുക്കിയ സ്ഥലത്തു വഴിതെറ്റാതെ എത്തുക എന്നതാണു സമർപ്പണവഴി. ഇന്നു നാം മുട്ടുന്ന വാതിലുകളൊക്കെ തുറക്കുന്നുവെന്നതാണ് നമ്മുടെ ദൗർഭാഗ്യം. ആയതിനാൽ, നാം എത്തിച്ചേരുന്ന സ്ഥലങ്ങളും വ്യത്യസ്തങ്ങളാണ്. ഇന്ന് അടയ്ക്കപ്പെട്ട വാതിലുകൾ നാം നിർബന്ധിച്ചു തുറപ്പിക്കുന്നു. അവിടെ നാം കൂടാരമടിക്കുന്നു. ദാരിദ്ര്യം ഒരു കർത്തവ്യമാണ്. സന്ന്യസ്തർക്ക് അത് ഒരു അലങ്കാരമാണ്. എളിമയുള്ളവനേ ദരിദ്രനാകാനാവൂ. അടിസ്ഥാനപരമായി വ്രതബദ്ധജീവിതത്തിന്റെ അടിസ്ഥാനം എളിമയാണ്. സമർപ്പിതർക്കു ദാരിദ്ര്യം ആത്മാവും, അനുസരണം അവരുടെ ജീവനും, ബ്രഹ്മചര്യം അവരുടെ ശക്തിയുമാകണം.

സമർപ്പിതർക്കു ക്രിസ്മസ് വ്രതങ്ങളുടെ പുനർജന്മമാകണം. ജീവനില്ലാത്ത വ്രതങ്ങൾ ജീവിക്കുക കഠിനമാണ്. ജീവനുള്ള എന്തിനെയും നയിക്കാൻ എളുപ്പമാണ്. എന്നാൽ, ജീവനില്ലാത്ത ഒന്നിനെ നയിക്കുക അത്ര എളുപ്പമല്ല. മലമുകളിലെ കല്ലുപോലെയാണത്. അതിനെ നിയന്ത്രിക്കാൻ എളുപ്പമല്ല. ഫലദായകമായ വ്രതങ്ങൾ ജീവിതത്തെ മനോഹരമാക്കുന്നു.

നാം ഇതുവരെയും ക്രിസ്തുമസിനെ ആഘോഷങ്ങളിൽനിന്നു വളരാൻ അനുവദിച്ചിട്ടില്ല. മുട്ടിയിട്ടും തുറക്കാത്ത വാതിലുകളുടെ ഉടമസ്ഥരാണ് നാം. ബത്‌ലഹേമിലെ തുറക്കാത്ത വാതിലുകൾ ഞാനും നീയുമാണ്. മുട്ടുന്നവരുടെ ആകാരഭംഗി അനുസരിച്ചാണ് നാം വാതിലുകൾ തുറന്നുകൊടുക്കുന്നത്. ജ്യോതിശാസ്ത്രജ്ഞന്മാർക്കു മുമ്പേപോയ നക്ഷത്രങ്ങൾ ഇന്ന് യാത്ര അവസാനിപ്പിച്ചു. വഴിതെറ്റാതെ നടത്തിയ നക്ഷത്രങ്ങൾ നമുക്കില്ലായെന്നത് വേദനാജനകമാണ്. സമർപ്പിതരിലേക്ക് ഉറ്റുനോക്കിയ വിശ്വാസികൾ കണ്ടുകൊണ്ടിരിക്കുന്നത് ഇരുണ്ട നക്ഷങ്ങളും അടഞ്ഞ വാതിലുകളുമാണ്. "ലോകത്തിൽ കാണാത്തത് അവർ നിങ്ങളിൽ കണ്ടെത്തണം. പ്രത്യേകിച്ച്, യുവസന്ന്യാസികൾ തങ്ങളുടെ ജീവിതസാക്ഷ്യംവഴി തങ്ങളുടെ സമപ്രായക്കാരെ പ്രചോദിപ്പിക്കാനാവണം" (Vita consecrata: 109). നന്മ നിറഞ്ഞ ഈ ക്രിസ്മസ് നന്മയിലേക്കു നമ്മെ നയിക്കട്ടെ.

**നാം ഇതുവരെയും ക്രിസ്തുമസിനെ ആഘോഷങ്ങളിൽനിന്നു വളരാൻ അനുവദിച്ചിട്ടില്ല. മുട്ടിയിട്ടും തുറക്കാത്ത വാതിലുകളുടെ ഉടമസ്ഥരാണ് നാം. ബത്‌ലഹേമിലെ തുറക്കാത്ത വാതിലുകൾ ഞാനും നീയുമാണ്. മുട്ടുന്നവരുടെ ആകാരഭംഗി അനുസരിച്ചാണ് നാം പലപ്പോഴും വാതിലുകൾ തുറന്നുകൊടുക്കുന്നത്.**

# ആഡംബരങ്ങളുടെ കാഴ്ചവസ്തുക്കൾ



പാപ്പച്ചൻ കടമക്കുടി

നമ്മുടെ ഓർമകളും അനുഭവങ്ങളും ക്രിസ്മസിനെ ആഹ്ലാദത്തിന്റെയും അത്യുത്സാഹത്തിന്റെയും അടയാളമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡിസംബർ ആദ്യംമുതൽ തന്നെ ഇരുപത്തിനാലാം ദിനത്തിലെ രാത്രിക്കും പിന്നെ പിറ്റേന്നത്തെ പകലിന്റെ പുതുമയ്ക്കുമായി കാത്തിരിക്കുകയായിരുന്ന കുട്ടിക്കാലം. പുത്തനുടുപ്പും നക്ഷത്രവിളക്കുകളും പുൽക്കൂടും പാതിരാക്കുർബാനയും അപ്പവും ഇറച്ചിയും ആഘോഷാരവങ്ങളുമാണ് മനസ്സിലേക്കോടിയെത്തുന്നത്. മുതിർന്നവരുടെ കരോൾസംഘങ്ങൾ വീടുവീടാന്തരം കയറിയിറങ്ങി ക്രിസ്മസ് സന്ദേശഗാനങ്ങൾ പാടാൻ തുടങ്ങുംമുമ്പേ കൂർക്കംവലിയിൽനിന്ന് അമ്മയോ വല്യമ്മച്ചിയോ ആയിരിക്കും കുത്തിയെഴുന്നേല്പിക്കുന്നത്. കണ്ണും തിരുമ്മി ഉറക്കച്ചടവോടെ യാതൊരു വെളിവുമില്ലാതെ വരാന്തയിലെത്തി അയൽവീട്ടിലെത്തിയ സന്ദേശസംഘത്തെ കാത്തുനിൽക്കുന്നതും അവർ സാന്താക്ലോസിനോടൊപ്പം പാടിയാടി മുറ്റത്തുനിന്ന് വരാന്തവരെ ആഘോഷമാക്കുന്നതും അവസാനം സന്തോഷവും ഭക്തിയും ആദരവും കലർന്ന മനസ്സോടെ ഉണ്ണീശോയെ മുത്തുന്നതും നേർച്ചയിടുന്നതും മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നുണ്ട്.

പാതിരാക്കുർബാനയ്ക്ക് കുടുംബസമേതമുള്ള യാത്ര. മുന്നിലിറങ്ങുന്നത് അപ്പൂപ്പനാണ്. മുറ്റത്തുനിന്ന് അപ്പൂപ്പൻ അമ്മൂമ്മയെ വിളിക്കും. ‘എടീ മറിയേ...’

‘ദാ എത്തി മനുഷേനെ...’ എന്നു പറയുമ്പോഴും ആരും അകത്ത് ഒരുങ്ങിക്കഴിഞ്ഞിട്ടുണ്ടാവില്ല. പിന്നെയൊരു തരികിടമേളമാണ് അമ്മയും അമ്മൂമ്മയും കൂടെ. എല്ലാവരെയും അണിയിച്ചും സ്വയംഅണിഞ്ഞും തയ്യാറാകുംവരെ അപ്പൂപ്പൻ അസ്വസ്ഥത അഭിനയിക്കും.

പിന്നെ പള്ളിയിലേക്ക് ഒന്നിച്ചൊരു നടത്തമാണ്.. മുന്നിൽ ചൂട്ടുകറ്റ മിന്നിച്ചുകൊണ്ട് അപ്പൂപ്പൻ. ബാക്കിയുള്ളവർ ഞങ്ങൾ അമ്മൂമ്മയും അമ്മയും അപ്പനും മക്കളും പിന്നാലെ.

വഴിയിൽ ഇടയ്ക്കിടെ ഞങ്ങളുടെ സംഘം മറ്റു ചൂട്ടുകറ്റക്കൂട്ടങ്ങളോട് ഒന്നിച്ചുകൂടും. പലപല ചൂട്ടുകറ്റകൾ മിന്നിമിനുങ്ങിത്തിളങ്ങുന്ന ചുവന്ന വെളിച്ചത്തിൽ ആഘോഷാരവങ്ങളോടെയാണു യാത്ര. കഥകളും വീട്ടുവിശേഷങ്ങളും നിലാവലകളിൽ മഞ്ഞുതിരുംപോലെ കുളിർന്നു പെയ്തുകൊണ്ടിരിക്കും.

അപ്പോഴായിരിക്കും പള്ളിമണി മുഴങ്ങുന്നത്! അപ്പൂപ്പൻ അമ്മൂമ്മയോടു പരിഭവിക്കും:

“നടമണി കൊട്ടീന്നാ തോന്നണേ...”

“ഇല്ല മനുഷേനേ, അത് മൂന്നാംമണിയാ.”


അമ്മൂമ്മ സമാധാനിപ്പിക്കും.

പാതിരാക്കുർബാന ഞങ്ങൾ കുട്ടികളുടെ ‘ഉറക്കക്കുർബാന’ ആണെങ്കിലും, കോടിവസ്ത്രങ്ങളുടെ പുതുമണവും പള്ളിയിലെ പുൽക്കൂടും, വർണനക്ഷത്രങ്ങളും അലങ്കാരങ്ങളും പതിവിലും കൂടുതലായ മെഴുതിരിനാളങ്ങളുമെല്ലാം ഉറക്കത്തെ പിന്നിലേക്കു വലിച്ചുകൊണ്ടിരിക്കും.

കുർബാന കഴിഞ്ഞാലുടനെയുള്ള ലഘുപ്രദക്ഷിണത്തിനുശേഷം പുൽക്കൂടിനുമുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ച് നേർച്ചയിടും, ഉണ്ണിയെ മുത്തും. ആളുകളും ആഘോഷങ്ങളും ആരവങ്ങളുമായി വെളിച്ചത്തിൽ കുളിച്ചുനില്ക്കുന്ന പള്ളിയും പരിസരങ്ങളും - നഷ്ടമായിപ്പോയ മായികലോകമാണത്.

വീട്ടിൽ വേവിച്ചു ഭദ്രമായി മൂടിവച്ചിരിക്കുന്ന ഇറച്ചിക്കറിയും അതിന്റെ മൂക്കുതുളയ്ക്കുന്ന മണവും, അമ്മയന്നു ചുടാൻ പോവുന്ന വെള്ളേപ്പത്തിന്റെ പതുപതുപ്പുമാണ് മനസ്സുനിറയെ. അയലത്തെ ക്രിസ്ത്യാനികളല്ലാത്ത കൂട്ടുകാരും കൂടെയുണ്ടാവും അന്നു രാവിലെമുതൽ ബ്രേക്ക്ഫാസ്റ്റും ലഞ്ചുമെല്ലാം ആസ്വദിച്ചു കഴിക്കാൻ. ഞങ്ങൾ കുട്ടികളുടെ പങ്കുവയ്ക്കലുകൾക്കു ഹൃദയംകൊണ്ട് അനുഗ്രഹമരുളാൻ മാതാപിതാക്കളുണ്ട്. വേലിയും മതിലുമില്ലാത്ത സൗഹൃദങ്ങൾ അന്ന് വീടുകൾ തമ്മിലുണ്ടായിരുന്നു. ആധുനികവും പരിഷ്കൃതവും വിദ്യാസമ്പന്നവുമെന്നു വിലയിരുത്തുന്ന ഇന്നത്തെ സമൂഹം അതെല്ലാം വേലിക്കെട്ടുകൾക്കുള്ളിൽ തളച്ചു. സൗഹൃദമെന്നത് മുഖത്തു ഫിറ്റുചെയ്ത വെറും പുഞ്ചിരിയായി. പല്ലുഞെരിച്ചു ചുണ്ടിൽ വ്യാജച്ചിരി വിടർത്താനും അകന്നുകൊണ്ട് അടുപ്പം ഭാവിക്കാനും പഠിച്ചവരായി.

മനുഷ്യന് ഇന്ന് ഏറ്റവും ആവശ്യമുള്ളത് താഴെ വീണുകിടക്കുന്നവനെ പൊക്കിയെടുക്കാൻ കഴിവുള്ള ഒരു കൈയാണ്. പുരാതനറോമിലെ തത്ത്വചിന്തകനും രാഷ്ട്രതന്ത്രജ്ഞനുമായിരുന്ന ‘സെനക്ക’യുടെ വാക്കുകൾക്ക് അന്നത്തേതിനെക്കാൾ പ്രസക്തി ഇന്നാണ്. സുവിശേഷങ്ങളും ക്രിസ്തീയപാരമ്പര്യങ്ങളും ക്രിസ്തുവിന്റെ പിറവി ആഘോഷിക്കുന്നതിന്റെ പിന്നിൽ ഈ സത്യമുണ്ട്. സ്വർഗവും ഭൂമിയും ഒരുമിച്ചു സന്തോഷിച്ചതും ഭൂമിയിൽ സന്മനസ്സുള്ളവർക്കു ശാന്തിയും സമാധാനവും ആശംസിച്ചതും അതുകൊണ്ടാണ്. സർവചരാചരങ്ങൾക്കും ക്രിസ്മസ് ആഹ്ലാദമായി മാറിയതും അക്കാരണത്താലാണ്. വീണവനെ ഉയർത്തുവാൻ രക്ഷകന്റെ കൈകൾ ഉണർന്നു. ദൈവത്തിന്റെ പരമോന്നതപദവി മനുഷ്യർക്കിടയിലേക്കു പറിച്ചുനട്ടു. ഏറ്റവും മഹത്തായ ത്യാഗത്തിന്റെ ജീവസ്സുറ്റ കഥ തുടങ്ങുകയായി.



ആദമിൽനിന്നു പങ്കിട്ടു വളർത്തി പരിപോഷിപ്പിച്ച പാപത്തിന്റെ ശാശ്വതപരിഹാരത്തിനായി ഈശ്വരൻ തന്നെ ഭൂമിയിലേക്കിറങ്ങിവരാൻ നിശ്ചയിച്ചതിനേക്കാൾ മേന്മയേറിയ ത്യാഗമേതാണുള്ളത്?

ദൈവാലയത്തിലെ ഏകാന്തനിശ്ശബ്ദതയിൽ ഭക്തിയുടെ ധ്യാനപുണ്യലയമായി ദൈവത്തോടു സംവദിക്കുന്ന കന്യകയുടെമുന്നിൽ ദൈവദൂതൻ പ്രത്യക്ഷനായി നല്കിയ ദിവ്യസന്ദേശം ആദ്യം പരിഭ്രമത്തോടെയും പിന്നീട് ആശങ്കയോടെയും സ്വീകരിച്ചുകൊണ്ട് ‘...ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ’ എന്നു മറിയം ഉദീരണം ചെയ്യുമ്പോൾ അതു മഹത്തായ ഒരു ത്യാഗത്തിന്റെ ആരംഭമായിരുന്നു. അന്നവൾ ഹൃദയത്തിൽ പണിതുവച്ച പുൽക്കൂട് ജീവിതത്തിലുടനീളം ദാരിദ്ര്യമായി, സങ്കടമായി, നൊമ്പരങ്ങളായി അവളുടെ കൂടെനിന്നു. ആ അമ്മയുടെ സഹനവും ത്യാഗവും ദാരിദ്ര്യവുമാണ് നാം ഏറ്റെടുക്കേണ്ടത്. നമ്മളൊരുക്കുന്ന ഓരോ പുൽക്കൂടിനുള്ളിലും ആ മഹത്തായ ത്യാഗത്തിന്റെ വെള്ളിനക്ഷത്രങ്ങളാണ് തിളങ്ങേണ്ടത്. ജീവിതം മുഴുവനും ആ കുടുംബത്തിനു നേരിടേണ്ടിവന്ന വേദനകളെ സ്വഹൃദയത്തിൽ ആവാഹിച്ചവരാണ് ത്യാഗികളായ പുണ്യചരിതന്മാർ. മറഞ്ഞുനിന്നുകൊണ്ട് കാരുണ്യത്തിന്റെ സഹായഹസ്തങ്ങൾ പാവങ്ങളുടെ സങ്കടങ്ങളിലേക്കു നീട്ടിയ സാന്താക്ലോസ് നൽകുന്നത് അത്തരമൊരു സന്ദേശമാണ്. പക്ഷേ, ആഘോഷപ്പൊലിമകളുടെ ആർഭാടപ്പെയ്ത്തിൽ നാമതെല്ലാം മറന്നുപോകുന്നു, അഥവാ അങ്ങനെ ഭാവിക്കുന്നു.

**പട്ടിണിയും പരിവട്ടവുമായി കഴിയുന്നവരെ സാന്ത്വനപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ, ആലംബമില്ലാത്തവരെ താങ്ങാൻ നമ്മുടെ കൈകൾക്കായില്ലെങ്കിൽ, വൃദ്ധസദനങ്ങളുടെ തേങ്ങലുകളിൽ ഹൃദയം വിങ്ങിയില്ലെങ്കിൽ എത്രതന്നെ ആഘോഷപൂർവമായാലും ആ ക്രിസ്മസിന് വിലയുണ്ടാകുമോ?**

കരോൾസംഘങ്ങൾക്കൊപ്പം തുള്ളിച്ചാടുന്ന, കുട്ടികളെ സന്തോഷിപ്പിക്കുന്ന, മധുരം നല്കുന്ന ഒരു ബിംബം മാത്രമാണ് നമുക്കു സാന്താക്ലോസ്. ക്രിസ്തുവിന്റെ കാരുണ്യമായി സാന്താക്ലോസിനെപ്പോലെ നൊമ്പരങ്ങളിലെ ആശ്വാസമാകുവാൻ കടമയില്ലേ നമുക്കോരോരുത്തർക്കും? ശർക്കരപ്പാനി നിറച്ച കുപ്പിയിൽ ച്യവനപ്രാശത്തിന്റെ ലേബൽ പതിച്ചാൽ മാറ്റമുണ്ടാകുന്നതെങ്ങനെ? കുരിശിന്റെ വഴികളിൽനിന്നു ലഭിച്ച കാരുണ്യത്തിന്റെ ജീവനില്ലെങ്കിൽ ക്രിസ്തീയത ലേബൽമാത്രമായിത്തീരില്ലേ?.

സമൂഹത്തിൽ ഏറ്റവും താഴേക്കിടയിലുള്ള പാവങ്ങളായ ആട്ടിടയന്മാർക്കും വികാരങ്ങൾ പ്രകടിപ്പിക്കാനറിയാത്ത കന്നുകാലികൾക്കും മാത്രമാണ് മാലാഖമാരോടൊത്തു ക്രിസ്മസിന്റെ ആദ്യസാക്ഷികളാവാനായത്. രാജാക്കന്മാരൊക്കെ പിന്നീടെത്തുന്നതേയുള്ളൂ. ഇത് ഒരു ചൂണ്ടുപലകയാണ്; ദാരിദ്ര്യത്തിലേക്കാണ്, പാവങ്ങളിലേക്കാണ്, ആലംബമില്ലാത്തവരിലേക്കാണ്, അഗതികളിലേക്കാണ് ദൈവം ഇറങ്ങിവരുന്നതെന്ന മഹത്തായ സന്ദേശത്തിന്റെ ചൂണ്ടുപലക. മണിമാളികകളും സത്രങ്ങളും കൊട്ടാരങ്ങളും വെടിഞ്ഞ് ആർക്കും ഇഷ്ടപ്പെടാത്ത, സൗകര്യങ്ങളൊന്നുമില്ലാത്ത കാലിത്തൊഴുത്ത് ജന്മഗേഹമാക്കാൻ കർത്താവ് തീരുമാനിച്ചതും അക്കാരണത്താൽത്തന്നെയാണ്.

പൊടിപൊടിക്കുന്ന പണക്കൂമ്പാരങ്ങൾക്കിടയിൽ ഞെരിഞ്ഞമരുന്ന സഹജീവികളെക്കാണാൻ നമ്മുടെ കണ്ണുകൾക്കാവുന്നുണ്ടോ? അവരുടെ ഹൃദയഭേദകമായ സങ്കടങ്ങൾ നമ്മുടെ ചെവികളിൽ അലയടിക്കുന്നുണ്ടോ? പട്ടിണിയും പരിവട്ടവുമായി കഴിയുന്നവരെ സാന്ത്വനപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ, ആലംബമില്ലാത്തവരെ താങ്ങാൻ നമ്മുടെ കൈകൾക്കായില്ലെങ്കിൽ, വൃദ്ധസദനങ്ങളുടെ തേങ്ങലുകളിൽ ഹൃദയം വിങ്ങിയില്ലെങ്കിൽ എത്രതന്നെ ആഘോഷപൂർവമായാലും ആ ക്രിസ്മസിന് വിലയുണ്ടാകുമോ? അംബരചുംബികളായി ദൈവാലയങ്ങളുയരുമ്പോൾ അതിന്റെ തണലിൽ നില്ക്കാൻ പോലും ഭാഗ്യം ലഭിക്കാത്തവരുടെ ഇടയിലേക്കു കർത്താവ് ഇറങ്ങിപ്പോകും. വലിയ ഇടയനായ ഫ്രാൻസിസ് മാർപാപ്പയുടെ ഓരോ വാക്കും പ്രവൃത്തിയും ഇക്കാര്യം നിരന്തരം ഓർമിപ്പിക്കുന്നുമുണ്ട്.

ആദ്യകാലംമുതൽതന്നെ ക്രിസ്മസ് വിളക്കുകൾ ഇരുട്ടിനു മേലേയുള്ള വെളിച്ചത്തിന്റെ വിജയപ്രതീകമായിട്ടാണു കരുതിപ്പോന്നിട്ടുള്ളത്.

അസത്യത്തിനെതിരേ ജയിക്കുന്നതെന്നും സത്യമായിരിക്കും - ആ വിജയം അനശ്വരവും അമൂല്യവുമാണെന്നു വിളംബരം ചെയ്യുകയാണ് നിത്യഹരിതങ്ങളായ ക്രിസ്മസ് ട്രീകൾ. 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. ഫ്രാൻസിസ് അസ്സീസിയാണ് ആദ്യക്രിസ്മസ് ക്രിബ് ഉണ്ടാക്കിയത് എന്നാണു വിശ്വാസം.

ഹൃദയവും സന്തോഷവും കൈമാറുന്ന ഈ ആഘോഷവേളയിൽ നാമോർക്കേണ്ടത് പട്ടിണിയിലും ദാരിദ്ര്യത്തിലും വലയുന്ന സഹോദരങ്ങളെയാണ്. ഭൂമിയിലെല്ലായിടത്തും സങ്കടങ്ങളിലേക്കു പിറന്നുവീഴുന്ന കുഞ്ഞുങ്ങൾ അനുഭവിക്കുന്ന പീഡകളെയാണ്, യുദ്ധവും ഭീകരതയും വംശവെറികളും അനീതിയും അവർക്കു സമ്മാനിക്കുന്ന നിത്യദുരിതങ്ങളെയാണ്. ഇത്തരം അരുതായ്മകളിൽ വലയുന്നവർക്ക് ഭൂമിയിൽ സന്മനസ്സുള്ളവർ സമാധാനമായിത്തീരണം. കൺമുന്നിൽ വലയുന്ന സഹോദരനെ കാണാത്തവനെങ്ങനെയാണ് അദൃശ്യനായ ദൈവത്തെക്കാണുന്നത്? ■

# ക്രിസ്തുവില്ലാത്ത ജീവിതാഘോഷങ്ങൾ!






ടോണി ചിറ്റിലപ്പിള്ളി

കഴിഞ്ഞ 20 വർഷത്തിനിടയിൽ ക്രിസ്മസ് ആഘോഷങ്ങൾക്കു വന്ന മാറ്റങ്ങൾ എന്നെ അദ്ഭുതപ്പെടുത്തുന്നു. ലോകവും, ന്യൂജെനും മുന്നോട്ടു പോകുമ്പോഴും ഉണ്ണീശോയ്ക്കു മാറ്റമില്ലല്ലോ? ഏറ്റവും സങ്കടപ്പെടുത്തുന്നത് ക്രിസ്മസ് കാർഡുകളിൽനിന്ന് ഉണ്ണീശോ പടിയിറങ്ങിപ്പോയിരിക്കുന്നു എന്നതാണ്. ക്രിസ്മസ് കാർഡുതന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഗൂഗിളിൽ ക്രിസ്മസ് കാർഡുകൾ പരതിയപ്പോൾ ഉണ്ണീശോ ഉള്ള ക്രിസ്മസ് കാർഡുകളുടെ അസാന്നിധ്യം അമ്പരപ്പിച്ചു.

കുടവയറുകുലുക്കി തെരുവുകൾ നിറച്ച് ആർത്തലയ്ക്കുന്ന സാന്തകളുടെ ഡാൻസും കൊട്ടും പാട്ടും നിറഞ്ഞ ക്രിസ്മസ് കാർഡുകൾ. ലോകം ഇന്ന് സാന്താകൾട്ടിന് അടിപ്പെട്ടിരിക്കുകയാണ്. നമ്മുടെ കുഞ്ഞുമക്കൾക്ക് ഉണ്ണീശോയുടെ സമ്മാനങ്ങൾ കൊണ്ടുവരേണ്ട ക്രിസ്മസ് അപ്പൂപ്പന്മാർ വെറും കോമാളികളായി അവതരിക്കുന്നു. ഇന്ന് ക്രിസ്മസിൽനിന്ന് ക്രിസ്തു പുറത്തായി. സാന്താ അകത്തും.

ക്രിസ്മസ് ട്രീകളിൽനിന്ന് 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!' എന്ന ഈരടിയുടെ കട്ടിങ്ങുകളും മാലാഖച്ചിറകുകളും ഇല്ലാതായിട്ട് കാലങ്ങളായി. ക്രിസ്മസിനെ മനോഹരമാക്കിയിരുന്നത് ചിത്രവർണങ്ങൾ, പുല്ക്കൂടുകൾ, പൂജരാജാക്കന്മാർ, മാലാഖമാർ, തിരുക്കുടുംബം ഒക്കെയായിരുന്നു. ഇപ്പോൾ പേരിനുപോലും ഇവയൊന്നുമില്ല. ഇനി ക്രിസ്മസ്തന്നെ ഇല്ലാതായാലും വിസ്മയിക്കേണ്ട!

സ്റ്റാറുകൾ, ട്രീകൾ, ക്രിബുകൾ, സാന്തകൾ എല്ലാം സെക്കുലർ ആകണമത്രേ! ഇനി ഉണ്ണീശോയെയും സെക്കുലർ ആക്കുമോ?...

ക്രിസ്മസ് പാർട്ടികൾ ഹോട്ടലുകളിലായി. പുൽക്കൂട് റെഡിമെയ്ഡ് കിട്ടും. ഭാഗ്യം... പാതിരാക്കുർബാന റെഡിമെയ്ഡ് ആകുമോ എന്തോ? കലികാലമല്ലേ?... ആത്മീയത അന്യംനിന്നുപോയ ഒരു സമൂഹത്തിന്റെ നേർച്ഛേദമായി മാറുകയാണോ കേരളക്രൈസ്തവർ?... ക്രൈസ്തവവിശ്വാസത്തിന്റെ ആത്മീയ പശ്ചാത്തലം നശിപ്പിക്കാൻ ബോധപൂർവമായ നീക്കം നടക്കുമ്പോൾ തിരിച്ചറിവോടെ പ്രതികരിക്കാൻ പോലും കഴിയുന്നില്ല വലിയ ശതമാനം വിശ്വാസികൾക്കും.

ക്രിസ്തുവിനെ ഇല്ലാതാക്കാൻ ഹേറോദേസിനു കഴിയാതെപോയത്, രണ്ടായിരം വർഷത്തിനുശേഷം നടപ്പാക്കാൻ ശ്രമിക്കുകയാണോ നമ്മൾ? തിരുപ്പിറവിയിൽത്തന്നെ യേശുവിനെ കുരുതി കഴിക്കാൻ മടിക്കാത്ത സമൂഹമായി നാം മാറുകയാണോ? ക്രിസ്മസിന്റെ ആഘോഷത്തിമിർപ്പിൽ തിരുക്കുടുംബത്തെ ആട്ടിയോടിച്ച സത്രമുടമ, ക്രിസ്തു ബെത്‌ലഹേമിലാണു ജനിക്കുകയെന്നറിഞ്ഞിട്ടും സ്വീകരിക്കാതിരുന്ന ഹേറോദേസിന്റെ കൊട്ടാരപണ്ഡിതന്മാർ, രക്ഷകൻ ജനിച്ചുവെന്നറിഞ്ഞപ്പോൾ കൊല്ലാൻ ശ്രമിച്ച ഹേറോദേസ് തുടങ്ങിയവരുടെ അവതാരങ്ങളാണ് എവിടെയും നാം കാണുന്നത്.

ക്രിസ്തുവില്ലാത്ത ജീവിതങ്ങൾ പൊള്ളയാണെന്ന് നാം എന്നു പഠിക്കും? ക്രിസ്തുമസാണോ അതോ ക്രിസ്തു 'മിസ്സാണോ' എന്നു തോന്നിപ്പോകുന്ന അവസ്ഥയാണ്. ക്രിസ്തുവില്ലാത്ത ക്രിസ്മസ്കാർഡുകളും സിനിമാനടന്മാരുടെയും നടിമാരുടെയും പേരുകളിലുള്ള നക്ഷത്രങ്ങളും കാർഡുകളും കേക്കുകളും എവിടേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്?

ക്രിസ്മസ് നന്മ നമ്മുടെ ഹൃദയങ്ങളിൽ പെയ്തിറങ്ങണമെങ്കിൽ നമ്മുടെ ഹൃദയങ്ങൾ ക്രിസ്തുമനസിനു തുല്യമാകണം. ക്രിസ്തു ഇന്നലെയും ഇന്നും നാളെയും ഒന്നുതന്നെ. കാലവും കാഴ്ചപ്പാടുകളും മാറിയതുകൊണ്ട് ക്രിസ്തുവിന്റെ ജനനത്തിന്റെ അർത്ഥവും ലക്ഷ്യവും മാറുന്നില്ലല്ലോ. ദൈവമായ ക്രിസ്തുവിനെയാണ് നാം ആരാധിക്കേണ്ടത്. നമുക്ക് ക്രിസ്തുവിനെ തിരികെ വിളിക്കാം, നമ്മുടെ ഹൃദയമാകുന്ന പുൽക്കൂട്ടിലേക്ക്. ■

# പൊന്നുണ്ണിക്കി സ്തുതിഗീതം

തെരേസാ പീറ്റർ

പൊന്നുണ്ണിപ്പൊൽസ്മൃതി പൊൻവെട്ടമാക്കുന്ന
ക്രിസ്മസ് തിരുദിനമെത്തി
മാമകചിത്തങ്ങൾ ആത്മപുളകത്താൽ
ഉണ്ണിക്കു കീർത്തനം പാടി.

പൊന്നുണ്ണി പൊൻപ്രഭ തൂകിശയിക്കുന്ന
പുൽക്കുടിൽ ചിത്തേ വിളങ്ങി.
മാതാവും യൗസേപ്പുതാതനും സാദരം
ഉണ്ണിക്കു മുത്തം പകർന്നു.

വാനാകെ താരകം പുണ്യജന്മത്തിനു
ഭാവുകപ്പൂപ്പന്തൽ തീർത്തു.
പൊന്നമ്പിളിച്ചിരിപ്പാൽപ്പുഴ ഭൂവിതിൽ
പൊന്നോളമിട്ടുല്ലസിച്ചു

പൂങ്കാറ്റും പാതിരാപ്പൂക്കളും മതിമറ-
ന്നാനന്ദനർത്തമാടി
ചരിത്രം കുറിക്കുമഭൗമജന്മത്തിനായ്
ഭൂമാതാ താരാട്ടു പാടി.

പാരിന്റെ രക്ഷകനാകും മിശിഹായ്ക്ക്
തിരുജന്മം കാലിത്തൊഴുത്തിൽ
ദൈവകുമാരൻ പൊന്നുണ്ണിയെ സാദരം
കാലികൾ വന്ദിച്ചുനിന്നു.

താരകൾ മാർഗ്ഗം തെളിച്ചൊരാവീഥിയിൽ
രാജാക്കൾ വന്നെത്തി മോദം
പൊന്നും മീറയും കുന്തിരിക്കോം നല്ല
കാഴ്ചകളേകി വണങ്ങി.

പരിത്രാണകർമ്മം നിറവേറ്റി മർത്ത്യരിൽ
സത്യവിജ്ഞാനം പകരാൻ
കാലിത്തൊഴുത്തിൽ പിറന്ന പൊന്നുണ്ണിയെ
കൈവണങ്ങീടുന്നു നമ്മൾ






നോവൽ 21

# ഒരു കാറ്റുപോലെ

വിനായക് നിർമ്മൽ

മഞ്ഞിൽ കാണുന്നതുപോലെ അവ്യക്തമായ കാഴ്ചകൾ. ഒന്നും വ്യക്തമല്ല, മൂടൽമഞ്ഞിലാണ് നില്ക്കുന്നതെന്നു തോന്നുന്നു. ആരോ വിളിക്കുന്നതുപോലെ. ഏതോ ദൂരത്തുനിന്നെന്നോണം. ആരുടേതാണ് ആ സ്വരം? കാതു കൂർപ്പിച്ചു. പപ്പേ, പപ്പേ! മനസ്സിലായി, മോളാണ്, ദയ. എന്റെ മോൾ. അവൾക്കെന്തു സംഭവിച്ചു? അവളുടെ സ്വരം വളരെ ദുർബലമാണല്ലോ. ദൈവമേ, എന്റെ മോൾ. സനൽ ആയാസപ്പെട്ടു കണ്ണുകൾ തുറന്നു. ശരിയാണ്, താൻ മഞ്ഞിലാണ്. സ്വരവും രൂപവും എല്ലാം അവ്യക്തം. എങ്കിലും ആ സ്വരം, അതിനു വിളി കൊടുക്കാതിരിക്കാനാവില്ലല്ലോ. സനൽ എങ്ങനെയോ കണ്ണുതുറന്നു. ഇപ്പോൾ കാഴ്ചകൾ വ്യക്തമായി. സ്വരം തൊട്ടടുത്തുനിന്നാണെന്നു മനസ്സിലായി. ദയയുടെ കരഞ്ഞുവീർത്ത കണ്ണുകൾ. ഏങ്ങലടികൾ. എണീക്ക് പപ്പാ, എണീക്ക് പപ്പാ. താൻ എവിടെയാണ്? സനലിനു മനസ്സിലായില്ല.

''മോ...മോളേ...'' അയാൾ വിളിച്ചു. പിന്നിൽ കൈകൾ കുത്തി എണീൽക്കാൻ ശ്രമിച്ചു. ആദ്യശ്രമം പരാജയപ്പെട്ട് അയാൾ പിന്നിലേക്കുതന്നെ വീണു. അപ്പോൾ മനസ്സിലായി വീട്ടിലാണ്, കിടക്കയിലാണ്. പക്ഷേ, തനിക്ക് എന്താണു സംഭവിച്ചത്? അതാണു മനസ്സിലാവാത്തത്. മോളെന്തിനാണ് കരയുന്നത്?

സനൽ വീണ്ടും എണീൽക്കാൻ ശ്രമിക്കുന്നതുകണ്ടപ്പോൾ ദയ കണ്ണീരുതുടച്ചുകൊണ്ട് അയാളെ പിറകിൽനിന്നു സഹായിച്ചു.

''പപ്പേ.. പപ്പയ്ക്കെന്നതാ പറ്റിയേ?'' അവൾ ഏങ്ങലടിച്ചുകൊണ്ടു ചോദിച്ചു.

അതേ, തനിക്കെന്താണു പറ്റിയത്? സനൽ വീണ്ടും ആ ചോദ്യം ചോദിച്ചു. ഒരു ദുർഗന്ധം തന്റെ മൂക്കിലേക്ക് തിക്കിത്തിരക്കി വരുന്നതുപോലെ സനലിന് അനുഭവപ്പെട്ടു. മുഖത്ത് ഈച്ച വന്നിരിക്കുന്നു. സനൽ അതിനെ ആട്ടിയോടിച്ചു, ദയയുടെ സഹായത്തോടെ കട്ടിലിൽ സനൽ എണീറ്റിരുന്നു. അയാൾ നിലത്തേക്കു നോക്കി. അവിടെ അഴുക്ക് കെട്ടിക്കിടക്കുന്നു. ഭക്ഷണസാധനങ്ങളുടെ അവശിഷ്ടം...

"ആരാ ഇവിടെ ഛർദ്ദിച്ചെ?"

സനൽ ചോദിച്ചു.

ദയ ഉത്തരം പറയുന്നതിനു മുമ്പേ അകത്തെ മുറിയിൽനിന്ന് ജോസഫിന്റെ സ്വരം കേട്ടു.

"അവൻ എണീറ്റോ മോളേ,"

''ഏറ്റപ്പച്ചാ...'' ദയ മറുപടി നല്കി.

"അവനു സുബോധം വന്നത് ഇപ്പഴാ. രാമുഴുവൻ ഛർദ്ദിച്ചു കൂട്ടിയിട്ട് അവൻ ചോദിക്കുന്നതു കേട്ടില്ലേ, ആരാ ഛർദ്ദിച്ചതെന്ന്. ആരോഗ്യമുണ്ടായിരുന്നെങ്കീ ഇപ്പോ നിന്റെ കരണത്തിനിട്ട് ഞാനൊന്ന് പൊട്ടിച്ചേനേ." ജോസഫ് പൊട്ടിത്തെറിച്ചു. അതിൽ ദേഷ്യവും സങ്കടവും നിരാശയും കലർന്നിരുന്നു.

സനലിന്റെ ഓർമയിലേക്ക് ഇന്നലെത്തെ രാത്രി കടന്നുവന്നു. സുമൻ വച്ചുനീട്ടിയ ഗ്ലാസ്... ജീവിതത്തിൽ ആദ്യമായി... തനിക്കെന്താണു സംഭവിച്ചത്? വല്ലാത്തൊരു ആകർഷണത്തോടെയാണ് താൻ ആ മദ്യഗ്ലാസ് വാങ്ങിയത് എന്ന് സനൽ ഓർമിച്ചു. ആദ്യം വിഷമിച്ചാണ് കുടിച്ചുതീർത്തത്. പക്ഷേ, അടുത്തഗ്ലാസ് നീട്ടിയിട്ട്, മടിച്ചു മടിച്ചു കുടിക്കാതെ ഒറ്റപ്പിടുത്തത്തിന് കുടിക്കു സാറേ എന്ന സുമന്റെ പ്രോത്സാഹനം... വീണ്ടും വീണ്ടും കുടിച്ചു. എന്തോ ഒരു ആവേശമായിരുന്നു. അവനവനോടുതന്നെയുള്ള വാശി കണക്കെയായിരുന്നു. തലയിലേക്ക് പുതുതായിട്ടെന്തോ കടന്നുവരികയും പഴയതെല്ലാം ഇറങ്ങിപ്പോകുകയും ചെയ്തതുപോലെ. ഇക്കഴിഞ്ഞ മാസങ്ങളിലൊരിക്കലും ഉണ്ടായിട്ടില്ലാത്ത ശാന്തതയിലും സമാധാനത്തിലുമാണ് താൻ കഴിഞ്ഞരാത്രി കഴിച്ചുകൂട്ടിയതെന്ന് സനലിനു മനസ്സിലായി. കഴിഞ്ഞ രാത്രിയിൽമാത്രം താൻ സ്മിതയെ ഓർമിച്ചില്ല. സ്മിതയെ ഓർമ്മിക്കാത്ത ഒരു രാത്രി. ഭാരങ്ങളില്ലാത്ത രാത്രി. ഇനിയെന്നും അത്തരം രാവുകളായിരുന്നുവെങ്കിൽ! സനൽ ആഗ്രഹിച്ചു.

സനൽ കട്ടിലിൽനിന്ന് എണീല്ക്കാൻ ശ്രമിച്ചു. പക്ഷേ, കട്ടിലിലേക്കുതന്നെ വീണുപോയി.

"അയ്യോ പപ്പാ..." ദയ നിലവിളിച്ചു.

"ഒന്നൂല്ല മോളേ, പപ്പയ്ക്ക് ഒന്നൂല്ല." സനൽ ആശ്വസിപ്പിച്ചു. ഇന്നലെ രാത്രിയിൽ എപ്പോഴാണ് ഉറങ്ങിയതെന്ന് ദയയ്ക്ക് ഓർമയുണ്ടായില്ല. കരഞ്ഞുകരഞ്ഞ്. ഇങ്ങനെയൊരു പപ്പയെ ഇത്രയും വർഷത്തെ ജീവിതത്തിനിടയിൽ കണ്ടിട്ടില്ല. ഇന്നുവരെ താൻ കണ്ടതും കേട്ടതും അല്ലാത്തതായ ഒരു പപ്പ. ഈ പപ്പയെന്തേ ഇങ്ങനെയായി? ദയയ്ക്കു മറുപടി കിട്ടിയില്ല.

''പപ്പയിനി കുടിക്കരുതേ... എനിക്കു പേടിയാ.'' കട്ടിലിൽ ക്കിടന്ന സനലിനോട് ദയ അപേക്ഷിച്ചു.

''ഇല്ല മോളേ,'' സനൽ അവളുടെ ശിരസ്സിൽ തലോടി. ആ കുരുന്നുകണ്ണുകളിൽ ഭയവും ആകുലതയും സങ്കടവും സനൽ കണ്ടു. അവൾക്കുമുമ്പിൽ താൻ ചെറുതാകുന്നതുപോലെ.

''നീയിത് എന്തു ഭാവിച്ചാ മോനേ, നിനക്കെന്നതാ പറ്റിയേ?'' ജോസഫ് അകത്തുനിന്ന് ഏറെ ബുദ്ധിമുട്ടി സനലിന്റെ അടുക്കലെത്തി. അയാളെ കിതയ്ക്കുന്നുണ്ടായിരുന്നു.

"ആരോടാ നീ വാശിതീർക്കുന്നെ? അല്ലെങ്കിൽ എന്തു സങ്കടം തീർക്കാനാ നീയിങ്ങനെ? സങ്കടത്തിന്റെ പേരിലാണെങ്കീ നീ മാത്രമായിട്ട് കുടിക്കണ്ടാ.. ഞങ്ങൾക്കും താ.. നിന്റെ മക്കൾക്കും ചാകാറായിക്കിടക്കുന്ന എനിക്കും... നിനക്കു മാത്രമല്ല ഞങ്ങൾക്കും സങ്കടമുണ്ട്. നീയിങ്ങനെ തുടങ്ങിയാ ഈ കുടുംബത്തിന്റെ അവസ്ഥ എന്താകും? ഈ മക്കൾടെ അവസ്ഥ എന്താകും? എന്റെ പാവം കൊച്ച്. അവൾടെ ഇന്നലത്തെ കരച്ചിൽ നീ കണ്ടില്ലല്ലോ."

ജോസഫ് ദയയെ നോക്കി വിങ്ങിപ്പൊട്ടി.

ദയ നിലം വൃത്തിയാക്കുകയായിരുന്നു. സനൽ ഛർദ്ദിച്ചിട്ട ഭക്ഷണാവശിഷ്ടങ്ങൾ.

ഹോ! ആ കാഴ്ച കാണാൻ കഴിയാതെ സനൽ കണ്ണുകൾ ഇറുക്കെയടച്ചു.


"എന്റെ മോൾ... അവൾ..."

"വേണ്ട മോളേ, മോൾ ചെയ്യണ്ട. പപ്പ ക്ലീൻ ചെയ്തോളാം." സനൽ കട്ടിലിൽ നിന്നു ചാടിയെണീറ്റു. പക്ഷേ, നിവർന്നുനില്ക്കാൻ അയാൾക്കു സാധിച്ചില്ല.

"അതു സാരമില്ല പപ്പാ, പപ്പയിനി കുടിക്കില്ലെന്ന് എനിക്കു വാക്കുതന്നാ മതി." ക്ലീൻ ചെയ്തുകൊണ്ടിരുന്ന കരം ഉടുപ്പിൽ തുടച്ചിട്ട് ദയ സനലിനു നേരേ കരം നീട്ടി. ആ കരത്തിൽ തന്റെ കരം ചേർക്കാൻ സനൽ തെല്ലും മടിച്ചില്ല.

"ഇല്ല മോളേ, ഇനി പപ്പ കുടിക്കില്ല. കൈകൊണ്ടു തൊടുകപോലുമില്ല.

ദയ അതു വിശ്വസിച്ച് കണ്ണീരോടെ പുഞ്ചിരിച്ചു. അവൾ മുഖം കുനിച്ച് സനലിന്റെ കവിളിൽ ഉമ്മ വച്ചു.



ജോസഫിനും അതു കേട്ടപ്പോൾ സമാധാനമായി. മകന് അവന്റെ തെറ്റു മനസ്സിലായല്ലോ. അല്ലെങ്കിൽ ജീവിതത്തിൽ ആർക്കാണ് തെറ്റുപറ്റാത്തതായുള്ളത്? ചിലപ്പോഴൊക്കെ ചില ചെറിയ വീഴ്ചകൾ... പിഴവുകൾ... ഒരു നിമിഷത്തെ തോന്നലുകൾ... ചില പ്രലോഭനങ്ങൾ... ചില സംസർഗങ്ങൾ... സാരമില്ല, തെറ്റുകൾ ആവർത്തിക്കാതിരുന്നാൽ മതിയല്ലോ.

''നീയിങ്ങനെ മാറാൻ എന്നതാ സംഭവിച്ചതെന്ന് ഞാൻ ഇന്നലെ മുഴുവൻ ആലോചിച്ചു. നമ്മുടെ കുടുംബത്തിലാരും കുടിക്കുന്നവരില്ല. എന്നിട്ടും.. വേണ്ടപ്പെട്ടവരൊക്കെ മരിച്ചതിന്റെ പേരിൽ ആളുകൾ ഇങ്ങനെ കുടിക്കാൻ തുടങ്ങുവാണെങ്കില് എന്തുമാത്രം മനുഷ്യര് ഈ ലോകത്തില് കുടിച്ചു മരിക്കുമായിരുന്നു. അതൊക്കെ പോട്ടെ... ഇനി എന്റെ മോൻ കുടിക്കരുത്. ഒരു മകന് അവന്റെ അപ്പനു ചെയ്തുകൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം എന്താണെന്നറിയാമോ?"

സനൽ എന്താണു മറുപടി പറയേണ്ടത് എന്നറിയാതെ ആലോചിച്ചു.

"നല്ല നടപ്പ്... സദാചാരത്തിലും സന്മാർഗ്ഗത്തിലുമുള്ള ജീവിതം." ജോസഫ് മറുപടി പറഞ്ഞു.

"ഒരു അപ്പന് അവന്റെ മകനു കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം എന്താണെന്നറിയാമോ?"

ജോസഫ് തുടർന്നുചോദിച്ചു:

"നല്ല മാതൃക.. ഡിപ്പോസിറ്റോ നല്ല വീടോ കാറോ ഒന്നുമല്ല ഒരു അപ്പൻ മക്കൾക്കുവേണ്ടി സമ്പാദിച്ചുകൂട്ടേണ്ടത്. നല്ലൊരുജീവിതമാതൃക. അപ്പനെന്ന നിലയിൽ എനിക്കു ചിലപ്പോൾ പല തെറ്റുകളും കുറവുകളുമുണ്ടാകാം. പക്ഷേ, ഞാനൊരിക്കലും ഇങ്ങനെ മദ്യപിച്ച് നിന്റെ മുമ്പിൽ വന്നിട്ടില്ല. പക്ഷേ, നീ മദ്യപിച്ചു. അതും നിന്റെ വീട്ടിലിരുന്ന്, നിന്റെ മക്കളുടെ മുമ്പിൽ വച്ച്."

സനലിന്റെ തല കുനിഞ്ഞു.

പണത്തിന്റെയോ പ്രതാപത്തിന്റെയോ പേരിലല്ല നിന്റെ സ്വഭാവത്തിന്റെ പേരിലാ നിനക്കെല്ലാവരും സമൂഹത്തിൽ സ്ഥാനം നല്കുന്നത്. പണം നഷ്ടപ്പെട്ടാൽ നമുക്കുണ്ടാക്കാം. ആരോഗ്യം നഷ്ടമായാലും തിരിച്ചുപിടിക്കാം. പക്ഷേ, സൽപ്പേര് നഷ്ടപ്പെട്ടാൽ അതൊരിക്കലും തിരിച്ചുപിടിക്കാൻ കഴിയുകേലാ. എന്റെ മോൻ അതെപ്പോഴും ഓർമിച്ചോണം. മാത്രോല്ല പിള്ളേർക്ക് രണ്ടക്ഷരം പറഞ്ഞുകൊടുക്കുന്ന ഒരു സാറാ നീയ്. മറ്റൊരു തൊഴിലുപോലെയല്ല അത്. കലാകാരന്മാർക്കു വഴിതെറ്റിയാലും അധ്യാപകർക്കു വഴിതെറ്റരുത്. ദുർമാതൃകയാ അത്.. മറക്കരുത്."

"ഇല്ല ചാച്ചാ, ഞാൻ..." സനൽ വീണ്ടും വാക്കു നല്കി.

പക്ഷേ, ആ വാക്കിന് അന്നേ ദിവസത്തെ സന്ധ്യവരെ മാത്രമേ ആയുസ്സുണ്ടായിരുന്നുള്ളൂ. അത്താഴം കഴിഞ്ഞ് കിടക്കും നേരത്താണ് വാതില്ക്കൽ മുട്ടുകേട്ടത്. സനൽ ചെന്നു വാതിൽ തുറന്നപ്പോൾ സുമൻ.

"സാറ് കിടന്നായിരുന്നോ?"

സുമൻ കുശലം ചോദിച്ചു.

"ഇല്ല, കിടക്കാൻ തുടങ്ങുവായിരുന്നു."

''ഓ ഇപ്പഴയോ? അതെന്നാ ഉറക്കമാ സാറേ? സമയം എട്ടുമണിയായതല്ലേയുള്ളൂ."

അപ്പോൾ മുൻസിപ്പൽ കോർപ്പറേഷനിൽനിന്നുള്ള എട്ടുമണിയുടെ സൈറൺ മുഴങ്ങി.

"കണ്ടോ ഞാൻ പറഞ്ഞില്ലേ?"

സുമൻ ഉത്സാഹത്തോടെ ഷർട്ട് പൊക്കി എളിയിൽനിന്നു കുപ്പിയെടുത്തു.

"ഇതുവരെ ഞാൻ നോക്കാത്ത ബ്രാൻഡാ. അപ്പോ സാറിനെയോർത്തു."

"വേണ്ട. ഞാൻ കുടിക്കുന്നില്ല." സനൽ പറഞ്ഞു.

ദയയുടെ കരഞ്ഞ മുഖവും ജോസഫിന്റെ വാക്കുകളും സനലിന്റെ ഓർമയിലെത്തി.

"അതെന്നാ പറച്ചിലാ സാറേ? ഒരു സ്നേഹമില്ലാത്തതുപോലെ.. സാറു പോയി രണ്ടു ഗ്ലാസെടുത്തോണ്ടുവാ." സ്വാതന്ത്ര്യത്തോടെയായിരുന്നു ആ വാക്കുകൾ.

''അതോ ഞാൻ പോയി എടുക്കണോ."

'വേണ്ട ഞാൻ കൊണ്ടുവരാം' എന്നു പറയുമ്പോൾ സനലിന്റെ സ്വരം ദുർബലമായിരുന്നു. അയാൾ ഗ്ലാസെടുക്കാൻ തിരിയുമ്പോൾ മുമ്പിൽ ദയ. അവളുടെ കണ്ണുകളിലെ അപേക്ഷയെ ഗൗനിക്കാതെ മുഖംകുനിച്ച് സനൽ അടുക്കളയിലേക്കുപോയി. തിരികെ രണ്ടു ഗ്ലാസുകളുമായി വന്നു.

സനലിനെ മദ്യം പതുക്കെപ്പതുക്കെ കീഴ്പ്പെടുത്തുകയായിരുന്നു. അത്തരമൊരു ദിവസം പണ്ടുമുതല്ക്കേ ഉണ്ടായിരുന്ന അതിരുതർക്കത്തിന്റെ ഭാഗമായിരുന്ന സ്ഥലത്ത് സുമനും അപ്പനും പണിക്കാരും വന്ന് കയ്യാലകെട്ടി. പുറകുവശത്തുനിന്ന് ആളും ബഹളവും കേട്ട് ദയയാണ് അവിടെ ചെന്നുനോക്കിയത്. അനിഷ്ടകരമായത് എന്തോ നടക്കാൻ പോവുകയാണെന്ന ദയയ്ക്കു മനസ്സിലായി. അവൾ സനലിന്റെ അടുക്കലേക്കോടി.

"പപ്പാ, അവര് നമ്മുടെ മണ്ണു മാന്തുന്നു."

"എന്തിനാ മോളേ, നമുക്കു മണ്ണ്? എല്ലാ മനുഷ്യർക്കും വേണ്ടത് ആറടി മണ്ണ്. ആറടി മണ്ണുമാത്രം. അതിനപ്പുറം എന്തെല്ലാം നേടിയാലും എല്ലാം വേസ്റ്റ്."

മദ്യലഹരി വിട്ടൊഴിയാതെ സനൽ പിറുപിറുത്തു.

ദയ കരഞ്ഞുകൊണ്ട് സനലിനെ നോക്കിനിന്നു.

(തുടരും)

# സർവർക്കും സന്തോഷം



ഫാ. ജോസഫ് നെച്ചിക്കാട്ട്

ഇതാ, കർത്താവിന്റെ പേടകം പുതിയൊരു കാളവണ്ടിയിൽ വരുന്നു. ആ സാന്നിധ്യത്തിൽ ദാവീദ് പരിസരം മറക്കുകയാണ് – ആത്മവിസ്മൃതിയിലാണ്ട്, ഉന്മത്തനെപ്പോലെ.

താൻ ഇസ്രായേലിന്റെ രാജാവാണ്, വേണ്ടത്ര വസ്ത്രങ്ങൾ പോലും ധരിച്ചിട്ടില്ല; കുറെയേറേ സ്ത്രീകളും പെൺകുട്ടികളും ചുറ്റുമുണ്ട്. പക്ഷേ, തന്നെത്തന്നെ മറന്ന് ആനന്ദലഹരിയിലായ രാജാവ് സർവശക്തിയോടുംകൂടെ പേടകത്തിനുമുമ്പിൽ പിള്ളേരെപ്പോലെ തുള്ളിച്ചാടി നൃത്തം ചെയ്തു. ഏതാണ്ട് ആഭാസനെപ്പോലെ (2 സാമുവേൽ 6:420).

എന്താണു കാരണം? കർത്താവിന്റെ വചനം, തിരുവചനം വരുന്നു. ആ ദിവ്യദർശനത്തിൽ ഉള്ളിലൊതുക്കാൻ പറ്റാത്ത സന്തോഷംമൂലം ബെത്‌ലഹേമിലേക്കു നീങ്ങി ആ വലിയ സന്തോഷത്തിൽ പങ്കുചേരാൻ. തണുപ്പോ ഉറക്കമിളപ്പോ അവരെ അലട്ടിയില്ല. ആ അദ്ഭുതശിശുവിനെ നിർന്നിമേഷരായി നോക്കിനിന്നു കണ്ട്, തികഞ്ഞ സന്തോഷത്തോടെ തിരിച്ചുപോന്നു. മാത്രമല്ല, ആ വലിയ സന്തോഷവാർത്ത തങ്ങൾ കണ്ടുമുട്ടിയവരോടെല്ലാം അവർ പങ്കുവച്ചു.

എന്തായിരുന്നു ആ സദ്വാർത്ത? 'ആദത്തിന്റെ അപരാധത്തെ അനുഗ്രഹമാക്കി'പ്പകർത്തിക്കൊണ്ട് ഒരു രക്ഷകൻ എത്തിച്ചേർന്നിരിക്കുന്നു! പാപംമൂലം ഒരിക്കൽ നഷ്ടപ്പെട്ടുപോയ ദൈവത്തെ മനുഷ്യനു തിരിച്ചുകിട്ടിയിരിക്കുന്നു. ആദത്തിന്റെ തെറ്റുമൂലം മങ്ങിപ്പോയ പ്രകാശം, മുങ്ങിപ്പോയ സന്തോഷം ഇതാ വീണ്ടും ഉദിച്ചുയർന്നിരിക്കുന്നു. അതിന്റെ അനുസ്മരണ ഉണർന്നപ്പോഴാണ് ഫ്രാൻസീസ് എല്ലാം മറന്ന് ആനന്ദനൃത്തം ചെയ്തത് – ഫിലിസ്ത്യരും മറ്റും തട്ടിയെടുത്തതുമൂലം നഷ്ടപ്പെട്ടുപോയ പേടക (1 സാമുവൽ–5) ത്തിന്റെ പുനർദർശനത്തിൽ മതിമറന്നു സന്തോഷിച്ച



ദാവീദ് സർവതും മറക്കുകയാണ് – അവനല്ലാതായി മാറുകയാണ്.

ഏതാണ്ട് ഇതുപോലൊരു രംഗമാണ് 1223 ഡിസംബർ ഇരുപത്തിയഞ്ചിലുണ്ടായത് – ഗ്രേച്ചിയോ ഗ്രാമത്തിലെ ജോൺ വെലീത്തായുടെ തൊഴുത്തിൽ. യേശു ജനിച്ചതുപോലൊരു തൊഴുത്ത്. കാളകൾ, കഴുതകൾ! അവിടെ

**എത്ര ദരിദ്രരാണെങ്കിലും, അരൂപിയിൽ ദരിദ്രനല്ലെങ്കിൽ അവൻ ദരിദ്രനേയല്ല, സന്തുഷ്ടനുമല്ല. അതുപോലെതന്നെ സമ്പന്നനും. അരൂപിയിൽ ദാരിദ്ര്യമുണ്ടെങ്കിലേ യഥാർത്ഥ സന്തോഷവും സൗഭാഗ്യവും അനുഭവിക്കാനാവൂ.**

പുൽത്തൊട്ടിയിൽ ആദിയിലെന്നപോലെ ഉണ്ണീശോയുടെ രൂപം! ചുറ്റും ജനക്കൂട്ടം... ഫ്രാൻസീസ് എല്ലാം മറന്നുപോയി... തന്നെത്തന്നെയും മറന്ന് അവൻ ആനന്ദനൃത്തം ചെയ്തു, ദാവീദിനെപ്പോലെ.

ദാവീദിന്റെ മുമ്പിലെത്തിയതു കർത്താവിന്റെ എഴുതപ്പെട്ട വചനമായിരുന്നെങ്കിൽ, ഫ്രാൻസീസിന്റെ മുമ്പിൽ ജീവനുള്ള ദൈവവചനത്തിന്റെ തിരുസാന്നിധ്യമായിരുന്നു. രണ്ടിടത്തും നിറവ്, ആനന്ദലഹരി.

വാസ്തവത്തിൽ അതായിരുന്നു ആദ്യത്തെ ക്രിസ്മസ്. സമ്പൂർണ സന്തോഷത്തിന്റെ, സമൃദ്ധമായ ദൈവാനുഭവത്തിന്റെ ദിവസം. അതാണു മാലാഖമാർ ആകാശങ്ങളിൽ അലയടിക്കുമാറു പാടിയത് 'ഇതാ, സകല ജനത്തിനുമുള്ള മഹാസന്തോഷത്തിന്റെ സദ്വാർത്ത' (ലൂക്കാ:2–10). അതുകേട്ട ആട്ടിടയർ അതിവേഗം ദാവീദിനെപ്പോലെ.

എന്തിലാണ് ഈ അവാച്യമായ നിറവും നിർവൃതിയും? അത് യേശു പഠിപ്പിച്ചതുപോലെ സമ്പാദ്യങ്ങളുടെ സമൃദ്ധിയിലല്ല (ലൂക്കാ.12–15). എത്ര കിട്ടിയാലും തൃപ്തി വരാത്തവൻ ഒരിക്കലും സന്തുഷ്ടനല്ല. അരൂപിയിൽ ദരിദ്രർ എന്ന തിരുവചനത്തിന് ഒത്തിരിയേറെ ആഴങ്ങളുണ്ട്. എത്ര ദരിദ്രരാണെങ്കിലും, അരൂപിയിൽ ദരിദ്രനല്ലെങ്കിൽ അവൻ ദരിദ്രനേയല്ല, സന്തുഷ്ടനുമല്ല. അതുപോലെതന്നെ സമ്പന്നനും. അരൂപിയിൽ ദാരിദ്ര്യമുണ്ടെങ്കിലേ യഥാർത്ഥ സന്തോഷവും സൗഭാഗ്യവും അനുഭവിക്കാനാവൂ.

ഒരു മനുഷ്യനു ലഭിക്കാവുന്നതെല്ലാം കൈക്കലാക്കിയാലും, ലോകം മുഴുവൻ നേടിയാലും (മത്താ: 16–26), മനഃസമാധാനമില്ലെങ്കിൽ ഒന്നും നേടിയതായി തോന്നുകയില്ല. ലോകത്തിനു പ്രദാനം ചെയ്യാൻ കഴിയാത്ത (യോഹ: 14–27), യേശുവിനു മാത്രം നല്കാൻ കഴിയുന്ന ഒന്നാണ് സമാധാനവും അതോടു ചേർന്നുപോകുന്ന സന്തോഷവും.

അന്നുണ്ടായിരുന്ന സമ്പന്നർക്കും പ്രമാണികൾക്കുമല്ല പാവപ്പെട്ട ആട്ടിടയർക്കാണ് ആ ഭാഗ്യം സിദ്ധിച്ചത് – നിരക്ഷരകുക്ഷികളായ, ഗ്രാമീണശാലീനതയുടെ നിറകുടങ്ങളായ ആട്ടിടയർക്ക്.

ഭൗമികസമൃദ്ധിയിലല്ല യഥാർത്ഥസന്തോഷമെന്നു ദാവീദും അനുഭവിച്ചറിഞ്ഞു. ഉറിയായുടെ ഭാര്യയെക്കൂടി കിട്ടിയാൽ (2 സാമുവൽ 11) സന്തുഷ്ടനായെന്നു കരുതിയവൻ പൂർവോപരി അസ്വസ്ഥനാവുകയായിരുന്നു (2 സാമു 11:27 –12:12).

കർത്താവ് ചൊരിഞ്ഞ് ഒഴുക്കിയെങ്കിൽ മാത്രമേ നമ്മുടെ ഹൃദയം നിറയുകയുള്ളൂ. അതാണ് പിന്നീട് അവൻ ഇങ്ങനെ പാടിയത്. 'ധാന്യത്തിന്റെയും വീഞ്ഞിന്റെയും സമൃദ്ധിയിൽ ഉണ്ടാകുന്നതിലേറെ ആനന്ദം അവിടുന്ന് എന്റെ ഹൃദയത്തിൽ നിക്ഷേപിച്ചു" (സങ്കീ. 4–7).

ദാവീദു പാടിയതുപോലെ ക്രിസ്മസ് ദിവസം വീഞ്ഞു കൂടാതെതന്നെ അതിലും കൂടുതൽ സന്തോഷം കണ്ടെത്തിയ വ്യക്തിയാണു ഫ്രാൻസീസ്. അതാണ് ക്രിസ്മസിന്റെ നിറവിൽ എല്ലാം മറന്ന് അവൻ ആനന്ദനൃത്തം ചെയ്തത്. ഇതാ, ഒന്നുമില്ലാത്തവന്റെ – യേശുവിനെപ്രതി എല്ലാം തന്നെത്തന്നെയും, നഷ്ടപ്പെടുത്തിയവന്റെ സന്തോഷം കണ്ടോ?

അത്തരക്കാരാണ്, തന്നെത്തന്നെയും നഷ്ടപ്പെടുത്തുന്നവരാണ് അതു പ്രാപിക്കുക എന്നത്രേ ഫുൾട്ടൻ ഷീനും കൂട്ടിച്ചേർക്കാനുള്ളത്: 'He who loses himself finds himself and finds his happiness.'

അതാണ് ദാവീദ് വിഭാവനം ചെയ്ത യഥാർത്ഥ സന്തോഷം (സങ്കീ:4–7), വി. ഫ്രാൻസീസ് പ്രാപിച്ച സന്തോഷം, പുൽത്തൊട്ടിയിലെ ഉണ്ണി പ്രദാനം ചെയ്യുന്ന സന്തോഷം. അതു ലഭ്യമാക്കാനായിരിക്കട്ടെ ഇന്നത്തെ നമ്മുടെ തീവ്രശ്രമവും.



# പൂന്തിങ്കൾപോലൊരു പൊന്നുണ്ണി



ഷാജി മാലിപ്പാറ

ഉണ്ണിയേശുവിന്റെ തിരുപ്പിറവിയുടെ പുണ്യസ്മരണയാണല്ലോ ക്രിസ്മസ്. അതിനാൽ, ക്രിസ്മസിന്റെ കേന്ദ്രബിന്ദുവായിത്തീരുന്നത് ഉണ്ണിതന്നെ. സാന്താക്ലോസും സമ്മാനപ്പൊതികളും സ്തൂപികാവൃക്ഷവും ചേർന്നാലത് ക്രിസ്മസാകില്ലെന്നു ചുരുക്കം. പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണിയുടെ തൃപ്പാദം കുമ്പിട്ടുനിൽക്കുന്നവർക്കേ, യഥാർത്ഥ ക്രിസ്മസ് അവകാശവും അനുഭൂതിയുമായിത്തീരുന്നുള്ളൂ.

കലാഹൃദയവും കരവിരുതും ഒത്തുചേർന്നു നാടെങ്ങും ക്രിസ്തുമസിനെ കമനീയമാക്കുന്ന കാലത്ത്, കവികൾ തിരുപ്പിറവിയെ എങ്ങനെ കൊണ്ടാടുന്നുവെന്ന അന്വേഷണം ഉചിതമാകുന്നു. മലയാളകവിതകളിലെ ദിവ്യജനനപരാമർശങ്ങളിലൂടെയുള്ള ഒരോട്ടപ്രദക്ഷിണത്തിൽ പ്രിയപ്പെട്ട വായനക്കാർക്കു കൂട്ടുചേരാം.

തച്ചന്റെ മകനായി ബത്‌ലഹമിൽ വന്നുപിറന്ന ഉണ്ണിയേശുവിനെ ജി. ശങ്കരക്കുറുപ്പ് 'പള്ളിമണികൾ' എന്ന കവിതയിൽ ഇങ്ങനെ അവതരിപ്പിക്കുന്നു:

*അഴകെഴും പാപം പടുത്തുയർത്തിയ*
*പഴയ പാരിനെയഴിച്ചു കൂട്ടാനും*
*കണക്കു തെറ്റിയ മുഴക്കോൽകൊണ്ടള–*
*ന്നിണക്കിയതെന്നു വെളിപ്പെടുത്താനും,*
*പിറന്നുപോൽ 'ബത്‌ലം' നഗരിയിൽദ്ദയ*
*നിറയുമാത്മാവോടൊരു കൊച്ചാശാരി.*

മാത്യു ഉലകംതറ 'ക്രിസ്തുഗാഥ' എന്ന മഹാകാവ്യത്തിൽ തിരുപ്പിറവിയെ ചിത്രീകരിക്കുന്നതു നോക്കൂ:

*പാതിരാച്ചന്ദ്രന്റെ പുഞ്ചിരിയെന്നപോൽ*
*പാരിൽ വെൺമഞ്ഞു പൊഴിഞ്ഞുനില്ക്കെ*
*കാലിത്തൊഴുത്തിലുദിച്ചു പ്രഭാകരൻ*
*മൂലോകപാലകൻ ദൈവപുത്രൻ!*
*പാഴ്ത്തുണി മൂടിയ വൈക്കോൽക്കിടക്കയിൽ*
*പാർത്തലനാഥൻ പിറന്നുവീണു!*

ഉണ്ണിയേശുവിനെ വർണിക്കാനുള്ള കവിയുടെ അത്യുത്സാഹം അമ്മയുടെ വിചാരങ്ങളിലൂടെ തുടരുന്നു:

*ചെമ്പകപ്പൂവുടൽക്കൂമ്പും, മനോജ്ഞമാം*
*ചെമ്പവിഴാധര പല്ലവവും*
*കുന്നിമണിക്കണ്ണും താമരത്താരിന്റെ*
*പൊന്നിതൾപോലുള്ള കാൽകരവും*
*മന്നിന്റെ ജീവനായ്, തന്നോമലുണ്ണിയായ്*
*വന്നു വിളങ്ങുന്നിതെത്രചിത്രം!*

ഇതേ രംഗം മറ്റൊരു ഭാഷയിൽ കൂത്താട്ടുകുളം മേരി ജോൺ വരച്ചുകാട്ടുന്നു:

*പാപാന്ധകാരമകറ്റാൻ–ശിശു*
*രൂപമെടുത്ത മഹേശൻ–വാണു*
*പൊന്നിൻ പുലരിയൊത്തുണ്ണിദ്ദിനേശനായ്*
*'അംബികമേരി' തന്നങ്കേ.*
*നിസ്തുലഭക്തിയിൽ മുങ്ങി–പ്രേമ*
*ചിത്തരാ ഗ്രാമീണർ നിൽക്കേ–വാനിൽ*
*ഉന്തിസ്ഫുരിക്കുമൊരുജ്ജ്വലതാരം വ–*
*ന്നുണ്ണിക്കകമ്പടി നിന്നു.*

വേറൊരു ഭാവത്തിലാണ് ചെറിയാൻ കുനിയന്തോടത്ത് 'തേജോമയൻ' എന്ന മഹാകാവ്യത്തിൽ തിരുപ്പിറവിയെ ആസ്വാദ്യമാക്കുന്നത്:

*മനുഷ്യനുലകിൽ ശാന്തിയുമീശനു*
*സ്തുതിയും ഗഗനതലേ,*
*മനുഷ്യരക്ഷയ്ക്കാഗതനായീ*
*നരസുതനായ് ദൈവം...*
*കടന്നുവന്നൂ ചരിത്രഗതിയിൽ*
*ദൈവം മാനവനായ്*
*കടങ്ങൾ നീക്കാ,നങ്ങനെ മർത്യനു*
*സ്വാതന്ത്ര്യം നൽകാൻ...*

കെ.എക്സ്. റെക്സിന്റെ ലളിതസുന്ദരമായ വരികൾ 'സത്യാന്വേഷകർ' എന്ന കവിതയിൽ വായിക്കാം:


*പുൽക്കൂടതിലൊരു*
*പൊന്നുണ്ണി*
*പൂന്തിങ്കൾപോലൊരു*
*പൊന്നുണ്ണി!*
*പിച്ചകപ്പൂപോലൊരുണ്ണി, പിള്ള–*
*ക്കച്ച പുതച്ചു കിടക്കുന്നൂ!*

ക്രിസ്തുചരിതം പ്രമേയമാക്കിയ പ്രഥമ മലയാളമഹാകാവ്യമെന്ന ഖ്യാതിയുള്ള 'ശ്രീയേശുവിജയ'ത്തിൽ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, ഉണ്ണിയേശുവിനെ സന്ദർശിക്കുന്ന രംഗം ആവിഷ്കരിക്കുന്നതു ശ്രദ്ധേയമാണ്:

*അവയവനിര കോച്ചിടും തണുപ്പും*
*ഭുവനതലത്തെ മറച്ചിടും തമസ്സും*
*അവരകതളിരിൽഗ്ഗണിച്ചിടാതാ–*
*നവനൃവരൻ മരുവും തൊഴുത്തിലെത്തി.*
*പ്രവരമറിയ നീതിശാലിയൗസേ–*
*പ്പിവരുടെ ലാളനമൊത്തു ദിവ്യവത്സൻ*
*നവസുഷമയൊടും കിടപ്പതീക്ഷി–*
*ച്ചവരധികം ഭയഭക്തി പൂണ്ടുകൂപ്പി*

വിശുദ്ധ ചാവറയച്ചന്റെ ആത്മാംശം തുടിച്ചുനിൽക്കുന്ന പ്രശസ്തകാവ്യമായ 'ആത്മാനുതാപ'ത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഭാഷയും ശൈലിയുമൊക്കെ നമുക്ക് വായിച്ചെടുക്കാം. ക്രിസ്തുസംഭവത്തിന്റെ ദൈവശാസ്ത്രമാനങ്ങൾ പ്രസ്പഷ്ടമാക്കുന്ന ഗഹനതയെ ലാളിത്യമിയന്ന വരികളിൽ ചാവറയച്ചൻ ഒളിപ്പിച്ചിരിക്കുന്നു:

*ഉന്നതനാം ദൈവം കന്നിമറിയത്തിൽ*
*വന്നുപിറന്നതും കാണാകേണം.*
*അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം*
*നമ്മോടു ചേർന്നതും കാണാകേണം.*
*നാട്ടിൽ സ്ഥലം 'കിട്ടാതത്തൽ' പെട്ടു തൊഴു–*
*ക്കൂട്ടിൽ പിറന്നതും കാണാകേണം.*
*നോവും കറയും കൂടാതെ പ്രസവിച്ച*
*ദൈവമാതാവെയും കാണാകേണം.*



കണ്ണഞ്ചിപ്പിക്കുന്ന ആലക്തികാലങ്കാരങ്ങൾക്കും കാതടപ്പിക്കുന്ന ശബ്ദകോലാഹലങ്ങൾക്കും നടുവിൽ 'ഹാപ്പി ക്രിസ്മസ്' എന്നലറിവിളിക്കുന്നതിൽ ഒതുങ്ങരുത് നമ്മുടെ തിരുപ്പിറവിയുടെ സന്തോഷങ്ങൾ. വാസ്തവമായും സ്ഥലകാലങ്ങളിൽ വന്നുപിറന്ന കാരുണ്യരൂപനെ മനസ്സാ വണങ്ങാനുള്ള പരിശ്രമം ചേർത്തുവയ്ക്കുമ്പോഴാണ് ക്രിസ്മസ് അന്വർത്ഥമാകുന്നത്. അതിനുള്ള മധുരതരമായൊരു മാർഗമാകട്ടെ ഇത്തരം കവിതകളിലൂടെയുള്ള ധ്യാനാത്മകമായ ആസ്വാദകയാത്രകൾ!

**അറിയിപ്പ്**

ക്രിസ്മസ് പ്രമാണിച്ച് ഓഫീസ് അവധിയായതുകൊണ്ട് അടുത്തയാഴ്ച ദീപനാളം പ്രസിദ്ധീകരിക്കുന്നതല്ല. ഈ ലക്കം ക്രിസ്മസ് സ്പെഷൽ (20 പേജ്) ആയതിനാൽ പതിവുപംക്തികൾ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

പത്രാധിപർ

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028
സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com
• മസ്തിഷ്കരോഗങ്ങൾ • നട്ടെല്ലുരോഗങ്ങൾ • അസ്ഥിരോഗങ്ങൾ • സന്ധിരോഗങ്ങൾ • ശിശുരോഗങ്ങൾ
• സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ) • ത്വക്‌രോഗങ്ങൾ • വാർദ്ധക്യ രോഗങ്ങൾ
വിവിധങ്ങളായ കേരളീയചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# ബെത്‌ലെഹമിൽനിന്ന് ഇതാ, ഒരു ക്രിസ്മസ് സമ്മാനം!

**ജോർജ്ജ് കാടൻകാവിൽ**
**ഡയറക്ടർ ബെത്‌ലെഹം മാട്രിമോണിയൽ**
92493 92518

വിവാഹം ആലോചിക്കുന്നവർക്കു വേണ്ടി ഒരു മാർഗരേഖ സാധ്യമാണോ? അതു പരീക്ഷിക്കാനാണ് 2003 മാർച്ചിൽ ബെത്‌ലെഹം സെന്റർ ഫോർ റിസർച്ച് ആൻഡ് ഫാമിലി ഡെവലപ്മെന്റ് രൂപംകൊണ്ടത്.

വൈവാഹികസേവനത്തിൽനിന്ന് 25 വർഷം കൊണ്ട് എനിക്കു ലഭിച്ച, എഴുതിയാൽ തീരാത്തത്ര അനുഭവങ്ങളും, അതിലെ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ വൈവാഹികസംഗമങ്ങളിൽ വിവാഹാർത്ഥികളുടെയും മാതാപിതാക്കളുടെയും ഗ്രൂപ്പുകളുണ്ടാക്കി അവിടെ ചർച്ച ചെയ്ത് ഉരുത്തിരിഞ്ഞു വന്ന കണ്ടെത്തലുകളും, ഓരോ കഥകളായി എഴുതി ബെത്‌ലെഹം മാസികയിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിവന്നിരുന്നു. അതിൽനിന്ന്, വിവാഹാലോചനയിലെ ഏതാണ്ട് എല്ലാ സമസ്യകളും പ്രതിപാദിക്കുന്ന 112 കഥകൾ തിരഞ്ഞെടുത്ത് “The Theory of Marriage Alliance” ബെത്‌ഹെമിലെ കല്യാണവിശേഷങ്ങൾ എന്ന ബൃഹത്തായ ഒരു ബഹുവർണ്ണ സചിത്രഗ്രന്ഥം പ്രസിദ്ധീകരിച്ചു.

ഇതു വായിക്കുന്ന ഏതൊരാൾക്കും, അവരുടെ വിവാഹത്തിന്റെ അർത്ഥവും, വ്യാപ്തിയും, ഉദ്ദേശ്യലക്ഷ്യങ്ങളും, സ്വയം മനസ്സിലാക്കാൻ, അവരെ പ്രേരിപ്പിക്കുകയും, സഹായിക്കുകയും ചെയ്യുന്ന, രസകരമായ പ്രായോഗികചിന്തകളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. മാതാപിതാക്കളും മക്കളും മുൻകൂട്ടി അറിഞ്ഞിരിക്കേണ്ട ചില അനർത്ഥങ്ങളുടെ സാദ്ധ്യതകളും ഇതിൽ പ്രതിപാദിക്കുന്നുണ്ട്.

പുസ്തകം വായിച്ച നിരവധി മാതാപിതാക്കളുടെ അഭിപ്രായത്തിൽ ഇതെല്ലാം മക്കൾ അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ്. പക്ഷേ, നമ്മുടെ ചെറുപ്പക്കാർക്ക്, ഇതു മുഴുവൻ വായിക്കാൻ സമയം എവിടെ? പലർക്കും മലയാളം വായിക്കാനും അറിയില്ല. ഓഡിയോ ബുക്കുകളാണത്രേ അവർക്ക് കൂടുതൽ സൗകര്യം.

മക്കളുടെ ഈ പരിമിതികൾ പരിഗണിച്ച്, ഈ ഗ്രന്ഥത്തിലെ ഏറ്റവും പ്രസക്തവും പ്രധാനപ്പെട്ടതുമായ ഒമ്പതു കഥകൾ ചേർത്തു രൂപപ്പെടുത്തിയ ഒരു ചെറുഗ്രന്ഥത്തിന്റെ ഡിജിറ്റൽ രൂപം “Guide to Marriage– വിവാഹാലോചനകൾക്ക് ഒരു വഴികാട്ടി” എന്ന പേരിൽ ഇതോടൊപ്പം പ്രസിദ്ധീകരിക്കുകയാണ്. വായിക്കാൻ പറ്റാത്തവർക്കുവേണ്ടി ഓഡിയോ വെർഷനും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇതു പ്രസിദ്ധീകരിക്കുംമുമ്പ് സാമ്പിൾ കേട്ട ഒരു പെൺകുട്ടി പറഞ്ഞു: അങ്കിളേ, തനിച്ച് ഡ്രൈവ് ചെയ്യുന്നതിനിടയിൽ ബോറടി മാറ്റാനായി വെറുതേ ഇതൊന്നു കേട്ടുനോക്കിയതാണ്, പക്ഷേ, എല്ലാം കേട്ടുതീരുന്നതുവരെ ഞാൻ കാർ ഓടിച്ചുകൊണ്ടേയിരുന്നു. എന്റെ മാതാപിതാക്കളെക്കൂടി ഇതൊക്കെയൊന്നു കേൾപ്പിക്കണമെന്ന് എനിക്കു തോന്നി, അതിനുവേണ്ടി അവരെയുംകൂട്ടി വീണ്ടുമൊരു യാത്രകൂടി ചെയ്ത്, ഈ കഥകൾ രണ്ടാം പ്രാവശ്യവും രസം പിടിച്ച് ഞാൻ കേട്ടു, ഇനിയും കേൾക്കാൻ തോന്നുന്നുണ്ട്. മാത്രവുമല്ല, പേരന്റ്സുമായി എനിക്കുണ്ടായിരുന്ന കുറെ തർക്കങ്ങൾ ആ യാത്രയിൽ ഭംഗിയായി അവസാനിക്കുകയും ചെയ്തു. താങ്ക്സ് അങ്കിൾ ഇതായിരുന്നു ആ പെൺകുട്ടിയുടെ മറുപടി.

പ്രിയപ്പെട്ടവരേ, 2021 ലെ ഈ ക്രിസ്മസ് വേളയിൽ ഒത്തിരി സന്തോഷത്തോടും, തൃപ്തിയോടും അതിലേറെ അഭിമാനത്തോടുംകൂടി നിങ്ങളുടെ സമക്ഷം സാദരം സമർപ്പിക്കുന്നു 25 വർഷത്തെ അനുഭവപാഠങ്ങൾ ആറ്റിക്കുറുക്കിയെടുത്ത് ഒന്നര മണിക്കൂർകൊണ്ട് കേൾക്കാൻ സാധിക്കുന്ന ഒരു അസാധാരണ അനുഭവം!

ബെത്‌ലെഹമിൽനിന്ന് ഇതാ ഒരു ക്രിസ്മസ് സമ്മാനം

Guide To Marriage

**വിവാഹാലോചനകൾക്ക് ഒരു വഴികാട്ടി.**




എല്ലാവർക്കും ബെത്‌ലെഹമിലെ കാലിത്തൊഴുത്തിൽ പിറന്ന രക്ഷകന്റെ ശാന്തിയും സമാധാനവും ആശംസിച്ചുകൊള്ളുന്നു.




ക്രിസ്മസ് - പുതുവത്സരാശംസകൾ
KURUMUNDAYIL JEWELLERY
GOLD ◆ DIAMONDS ◆ BIRTH STONES ◆ SILVER
KURUMUNDAYIL FINANCIERS
Kattakkayam Road, Pala Tel: 04822 213693


ക്രിസ്മസ് – പുതുവത്സരാശംസകൾ...
ഉത്തമജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന ലോകമെമ്പാടുമുള്ള
സീറോ മലബാർ സഭയിലെ രൂപതകളുടെ സംയുക്തസംരംഭം.
Syro malabar matrimony
THE OFFICIAL MATRIMONY SERVICE OF SYRO MALABAR CHURCH
www.palaimatrimony.com Email: palaimatrimony@gmail.com
OFFICE : SHALOM PASTORAL CENTRE
OPP. BISHOP'S HOUSE, PALAI
PH: 04822 200065, 7306915897, 9778199182


ഞങ്ങളുടെ ക്രിസ്മസ് – പുതുവത്സരാശംസകൾ...
പോൾസൺ ബേക്കറി
മെയിൻ റോഡ്, പാലാ
Ph: 04822-212287, 9447805615, 9447675587
നിങ്ങൾക്കായി കേക്കുകളുടെ വിപുലമായ ശേഖരം!
പോൾസൺ ബേക്ക്സ്
കൊട്ടാരമറ്റം, പാലാ
Phone: 04822-214527
പോൾസൺ ബേക്കേഴ്സ്
A.T.P. Arcade, KSRTC സ്റ്റാൻഡിന് എതിർവശം, പാലാ
Phone: 04822-213527

Deepanalam weekly

RNI No : 16998/68
Vol. 54 No. 38 Date of Publication 16 December 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org